ആഗസ്റ്റ് 2021

Price ₹ 25

# ജീവനും വെളിച്ചവും



## തടവറയിലിരുന്നു പക്ഷിയ്ക്കുപാടാനാവും

ഫാ. സ്റ്റാൻ സ്വാമി


NATIONAL BOARD OF ACCREDITATION
Accredited *
MARIAN
ENGINEERING COLLEGE
Menamkulam, Kazhakuttom, Trivandrum- 695582
Affiliated to APJ Abdul KalamTechnological University
An ISO 9001-2015 Certified
Approved by AICTE
COLLEGE CODE
MCE
B.Tech
CivilEngineering
Mechanical Engineering
Computer Science & Engineering
Electronics & Communication Engineering
Electrical & Electronics Engineering
M.Tech
Geo Technical Engineering
MARIAN ENGINEERING COLLEGE
FOR ADMISSION CONTACT
8281377111
9188447588
web: www.marian.ac.in
email: admission@marian.ac.in
FIRST POSITION AMONG THE PRIVATE COLLEGES IN TRIVANDRUM AS PER THE FINAL SEMESTER 2019 AND 2020 BATCH RESULTS (KTU)
100% RESULT IN M.TECH WITH 79% STUDENTS SECURING SGPA 10.
102 STUDENTS PLACED THROUGH CAMPUS RECRUITMENT IN 2020 BATCH
SCHOLARSHIP WORTH 1.5 CRORES PER YEAR
VIBRANT START UP ECOSYSTEM, WITH ACTIVE IEDC
* B.Tech - ME & CSE
B. ARCH DEGREE EXAMINATION
UNIVERSITY RANK HOLDERS- CUSAT 2020
RANK 2
JISNA S JOSE
RANK 4
SUMAYYA S
m.CAP
Menamkulam, Kazhakuttom, Trivandrum- 695582
MARIAN COLLEGE OF ARCHITECTURE & PLANNING
Managed by the Latin Archdiocese of Trivandrum
Recognized by Cochin University of Science and Technology
Approved by Council Of Architecture, New Delhi
COLLEGE CODE
MCR
M.CAP
B.Arch Seats - 80
FOR ADMISSION CONTACT
8281388111
9495707555
web: www.mcap.edu.in
email: marianarch.in@gmail.com

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2021 ആഗസ്റ്റ്
പുസ്തകം - 45 ലക്കം - 8
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**രൂപകല്പന**
സുനിൽകുമാർ


## മുഖവിചാരം

# ഭരണസംവിധാനങ്ങൾക്കൊപ്പം വളരുന്ന ജനവിരുദ്ധത


ഏതോ ഫോട്ടോഗ്രാഫറുടെ ഫ്രെയിമിൽ പതിഞ്ഞ നിലത്ത് ആദിവാസികൾക്കൊപ്പം ഉറച്ചിരിക്കുന്ന സ്റ്റാൻ സ്വാമിയുടെ ചിത്രമാണ് 74-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന രാജ്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മനസ്സിലെത്തുന്നത്. വൈവിധ്യങ്ങൾക്കും ഭിന്നാഭിപ്രായങ്ങൾക്കും സ്ഥാനമുള്ള ജനാധിപത്യമൂല്യങ്ങളിലധിഷ്ഠിതമായ രാഷ്ട്രനിർമ്മാണത്തിനായി ഒരു ജനതയും അതിലെ മഹദ്വ്യക്തികളും ഏറ്റെടുത്ത സഹനങ്ങൾക്കും നൽകിയ വിയർപ്പിനും ഇന്നത്തെ ഇന്ത്യയിൽ മൂല്യം ഒന്നിനൊന്നു വർധിച്ചുവരുന്നു. നമ്മുടെ കാലത്തെ അടയാളപ്പെടുത്തേണ്ട ചിത്രമാണതെന്ന് തോന്നിപ്പോകുന്നു: നമ്മുടെ കാലത്തെ അടയാളപ്പെടുത്തുന്ന ജീവിതവും.

ഏറ്റവും ചെറിയവനെയോർത്ത് വേവലാതിപ്പെടുകയും അവനുവേണ്ടി മാത്രം തന്റെ സ്വർഗരാജ്യം ഒരുക്കുകയും ചെയ്യുന്നവനാണ് ബൈബിൾ പഠിപ്പിക്കുന്ന ദൈവം. ചരിത്രത്തിന്റെ ഭാഗമായിക്കൊണ്ട് മനുഷ്യാസ്തിത്വം തന്നെ സ്വീകരിച്ചു ദൈവം. മനുഷ്യാസ്തിത്വത്തെയോ, മനുഷ്യജീവന്റെ മൂല്യത്തെയോ അന്തസ്സിനെയോ അവഗണിച്ചുകൊണ്ടൊരു ആത്മീയത അതുകൊണ്ടുതന്നെ നമുക്ക് രൂപപ്പെടുത്താനാവില്ല. മനുഷ്യാവകാശങ്ങളും, അതിനുവേണ്ടിയുള്ള പോരാട്ടങ്ങളും ഈ വൈദികൻ ഏറ്റെടുക്കുമ്പോൾ അത് ഓരോ ക്രൈസ്തവന്റെയും സ്വർഗരാജ്യനിർമിതിയിലെ പ്രവർത്തനങ്ങൾക്ക് മാതൃകയായിത്തീരണം.

അക്രമത്തിലൂടെയും ചാരപ്പണി നടത്തിയും ജനങ്ങളുടെ മേൽ സമഗ്രാധിപത്യത്തിന് ശ്രമിക്കുന്ന, എതിർസ്വരങ്ങളെ ജയിലിലടച്ചും റെയ്ഡ് നടത്തിയും പണം കൊടുത്തും ഇല്ലാതാക്കുന്ന ഭരണകൂടങ്ങൾക്ക് മുന്നിൽ നിൽക്കുമ്പോൾ, ജനതയുടെ ഉപജീവനമാർഗം പോലും തട്ടിനശിപ്പിക്കുന്ന ഭരണ സംവിധാനങ്ങളുടെ ചിത്രം കാണുമ്പോൾ സ്വാതന്ത്ര്യാനന്തര ഇന്ത്യ 73 വർഷം കൊണ്ട് നേടിയ ധാർമിക മൂല്യങ്ങൾ നഷ്ടപ്പെട്ടുപോവുകയാണ് എന്ന സംശയം കൂടുതൽ ദൃഢപ്പെടുന്നുണ്ട്. കള്ളവും ചതിയുമില്ലാത്ത സാഹോദര്യമുള്ള ഒരു നല്ല നാളെ ഭാരതത്തിന് ഇനിയും അകന്നുപോവുകയാണ്. സ്റ്റാൻ സ്വാമിയുടെ വാക്കുകൾ ഓർമിക്കാം “ഞാൻ ഒരു നിശബ്ദനായ കാഴ്ചക്കാരനല്ല; ഞാനതിന്റെ ഭാഗമാണ്.” ജീവിക്കുന്നവരുടേയും ജനിക്കാൻ പോകുന്ന മനുഷ്യന്റെയും അന്തസ്സും, മൂല്യവുമുയർത്തിപ്പിടിക്കുന്ന ദൈവരാജ്യത്തിന്റെ ഭാഗഭാക്കാകാം.

– പത്രാധിപർ

# ഒളിമ്പിക്സിൽ ചരിത്രം കുറിച്ച് അലക്സ് ആന്റണി




ജപ്പാനിൽ നടന്ന ഒളിംപിക്സിൽ തിരുവനന്തപുരം അതിരൂപതാംഗമായ അലക്സ് ആന്റണി ചരിത്രം കുറിച്ചു. 4X400 മീറ്റർ റിലേയിൽ ബാറ്റണുമായി കുതിച്ച അലക്സ് ആന്റണി ഇതോടെ ഒളിമ്പിക്സ് ചരിത്രത്തിന്റെ ഭാഗമായി. തിരുവനന്തപുരം തീരദേശ ഗ്രാമമായ പുല്ലുവിളയിൽ നിന്നാണ് അലക്സ് ആന്റണി ജപ്പാൻ ഒളിമ്പിക്സിൽ എത്തിയത്. പുല്ലുവിള ലിയോ തേർട്ടീൻത് സ്കൂളിൽ പഠിച്ച് തീരദേശത്തെ പ്രാഥമിക കായിക വിനോദങ്ങളായ ഫുട്ബോളിലും, വോളിബോളിലുമൊക്കെ പയറ്റിവളർന്ന അലക്സ് ആന്റണി  ഫുട്ബോളിൽ ജൂനിയർ തലത്തിൽ 2 വർഷം, തിരുവനന്തപുരം ജില്ല ടീമിനുവേണ്ടിയും, വോളിബോളിൽ നെയ്യാറ്റിൻകര സബ് ജില്ലയ്ക്കുവേണ്ടിയും കളിച്ചിട്ടുണ്ട്.

കാഞ്ഞിരംകുളം പി.കെ.എസ്.എച്ച്.എസ്.എസിൽ ഹയർ സെക്കൺഡറി വിദ്യാഭ്യാസത്തിനെത്തിയതോടെയാണ് അലക്സിലെ കായികതാരത്തെ ഇന്ത്യൻ ട്രാക്ക് ആൻഡ് ഫീൽഡ് വേദികൾക്ക് സുപരിചിതമാകുന്നത്. ചിട്ടയായ പരിശീലനവും, നിശ്ചയദാർഢ്യവും ഒന്നുചേർന്നപ്പോൾ നേട്ടങ്ങൾ അലക്സിനെ തേടി എത്തിത്തുടങ്ങി. 20 വയസ്സിന് താഴെയുള്ളവരുടെ നാഷണൽ ചാമ്പ്യൻഷിപ്പിലൂടെ ഇന്ത്യൻ അത്‌ലറ്റിക്സിൽ അലക്സ് തന്റെ സാന്നിദ്ധ്യമറിയിച്ചു. 2013 ൽ നടന്ന നാഷണൽ ജൂനിയർ അത്‌ലറ്റിക്സ് മീറ്റിൽ 400 മീറ്ററിൽ വെങ്കലവും, 4X400 മീറ്ററിൽ സ്വർണ്ണവുമാണ് അന്ന് നേടിയത്. അതേവർഷം തന്നെ പാട്യാലയിൽ വച്ച് നടന്ന അഖിലേന്ത്യ അന്തർ സർവ്വകലാശാലാ മീറ്റിൽ 400 മീറ്ററിൽ സ്വർണ്ണം നേടിയ അലക്സ് 2018, 2019 വർഷങ്ങളിലെ ഓപ്പൺ നാഷണൽ ചാമ്പ്യൻഷിപ്പിലും ഇതേ ഇനത്തിൽ തന്റെ സ്വർണ്ണ നേട്ടം തുടർന്നു. അതോടെ 400 മീറ്ററിലെ ദേശീയ നിലവാരത്തിലുള്ള അത്‌ലറ്റായി അലക്സ് മാറിയിരുന്നു. 2019 ൽ ഖത്തറിലെ ദോഹയിൽ വച്ച് നടന്ന ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിലും, ഏഷ്യൻ ചാമ്പ്യൻഷിപ്പിലും ഇന്ത്യയെ പ്രതിനിധീകരിച്ച് 400 മീറ്ററിൽ പങ്കെടുത്തു. കൂടാതെ 2019 ൽ ജപ്പാനിലെ യോക്കോഹാമയിൽ നടന്ന ലോക റിലേ ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ മിക്സഡ് റിലേ ടീമിനായി 4X400 മീറ്ററിൽ ശ്രദ്ധേയമായ പ്രകടനമാണ് അലക്സ് കാഴ്ചവച്ചത്. 2014 ൽ ഗോവയിൽ നടന്ന ലൂസോഫൂനിയ ഇന്റർനാഷണൽ ചാമ്പ്യൻഷിപ്പിൽ 4X400 മീറ്റർ റിലേയിൽ വെങ്കല മെഡൽ കരസ്ഥമാക്കിയതോടെ ദേശീയ ടീമിൽ അലക്സ് തന്റെ സ്ഥാനമുറപ്പിച്ചു.

തിരുവനന്തപുരം അതിരൂപതയിലെ പുല്ലുവിള ഇടവകയിൽ മത്സ്യത്തൊഴിലാളിയായ ആന്റണിയുടേയും സർജിയൂടേയും മൂത്ത മകനാണ് അലക്സ് ആന്റണി. രണ്ടു സഹോദരങ്ങൾ ആണ് ഉള്ളത്, അനിലും സഹോദരി അനീഷയും. തിരുവനന്തപുരം തീരദേശ മേഖലയിൽ നിന്നും ഒളിംപിക്സിൽ പങ്കെടുക്കുന്ന ആദ്യ താരവും അലക്സ് ആന്റണി തന്നെയാണ്. ചെമ്പഴന്തി എസ്. എൻ. കോളേജിലെ ഡിഗ്രി വിദ്യാഭ്യാസ കാലത്തുതന്നെ അലക്സിലെ അത്‌ലറ്റിക് മികവ് മനസ്സിലാക്കിയ ഇന്ത്യൻ എയർഫോഴ്സ്, 2014 ൽ അദ്ദേഹത്തിന് തിരുവനന്തപുരം ശംഖുമുഖം വിങ്ങിൽ നിയമനം നൽകി.

# താളുകളിൽ


**സ്ത്രീ 'ധന'മാകുമ്പോൾ** 6
ഡോ. സീന ഫെലിക്സ്

**ചെറിയ സ്ക്രീനിനുള്ളിൽ വീണു പോകുന്ന വലിയ ജീവിതങ്ങൾ** 11
നീതു എസ്.എസ്.

**ഞങ്ങളെ ജീവിക്കാനനുവദിക്കൂ** 14
ഡോ. ഐറിസ്

**വിലയേറിയ ബാല്യത്തെ നഷ്ടപ്പെടുത്തരുത്** 18
ഡോ. ഫാ. എ.ആർ. ജോൺ

കഥ:
**ആഴങ്ങൾ തേടുന്ന ദൈവം** 20
ബർഗ്മാൻ തോമസ്

**മതബോധന അധ്യാപകർ അയലത്തെ വിശുദ്ധർ** 24
ഇഗ്നേഷ്യസ് ലയോള

**വാർത്തകൾ** 26

**നീർച്ചാലുകൾ** 32

**കച്ചവടവൽക്കരിക്കപ്പെടുന്ന വിവാഹം** 39
ഫാ. സുരേഷ് പയസ്

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.












■■ ലേഖനം

ഡോ. സീന ഫെലിക്സ്

# സ്ത്രീ 'ധന' മാകുമ്പോൾ

**1961 ൽ സ്ത്രീധന നിരോധന നിയമം കേരളത്തിൽ പ്രാബല്യത്തിൽ വന്നെങ്കിലും അതിന്റെ പ്രായോഗികതയിലുണ്ടായ ഉദാസീനത കേരളത്തിൽ സ്ത്രീധനപീഡനങ്ങളും അതിനെ തുടർന്നുള്ള മരണങ്ങളും വർധിക്കാൻ കാരണമായി. ഈ പശ്ചാത്തലത്തിൽ സ്ത്രീകൾക്ക് കൂടുതൽ സംരക്ഷണം ലക്ഷ്യമാക്കി 1986 ൽ ഇന്ത്യൻ ശിക്ഷാനിയമത്തിൽ 498 എ വകുപ്പുകൂടി ഉൾപ്പെടുത്തി സ്ത്രീധന നിരോധന നിയമത്തെ ശക്തിപ്പെടുത്തിയെങ്കിലും അത് ഉദ്ദേശിച്ചഫലം കണ്ടില്ല. ഇന്നും സ്ത്രീധനപീഡനങ്ങളും മരണങ്ങളും തുടർന്നുകൊണ്ടേയിരിക്കുന്നു. അതിന്റെ കാരണങ്ങൾ തേടുകയാണ് ഡോ. ഷീന ഫെലിക്സ്**

അസാധാരണങ്ങളിൽ അസാധാരണമായ കോവിഡ്-19 എന്ന മഹാമാരിയുടെ കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ മറ്റൊരു അസാധാരണ സംഭവത്തിനും കേരള ജനത സാക്ഷികളായി. സ്ത്രീ സുരക്ഷയ്ക്കുവേണ്ടി ഉപവാസ സമരം നയിക്കുന്ന കേരള ഗവർണർ ഏവർക്കും ചർച്ചാവിഷയമായി. ഡിഗ്രി പഠനം കഴിയുമ്പോൾ യുവാക്കളായ വിദ്യാർഥികൾ തങ്ങൾ സ്ത്രീധനം വാങ്ങി വിവാഹം കഴിക്കില്ല എന്ന് സത്യവാങ്മൂലം നൽകണമെന്ന നിർദ്ദേശവും അദ്ദേഹം സർവകലാശാല അധികാരികൾക്ക് മുൻപിൽ വച്ചിരിക്കുന്നു. ഇപ്പോൾ സർക്കാർ ഉദ്യോഗത്തിലിരിക്കുന്നവരാരും സ്ത്രീധനം വാങ്ങില്ലെന്ന സത്യവാങ്മൂലം സമർപ്പിക്കണം എന്ന സർക്കാരിന്റെ ഉത്തരവും ഇറങ്ങിക്കഴിഞ്ഞു. ഇതിൽ നിന്നുതന്നെ സ്ത്രീധന പീഡനങ്ങളുടെ വ്യാപ്തി എത്രത്തോളം കേരളത്തിൽ അനുഭവപ്പെടുന്നു എന്ന് നമുക്ക് ഊഹിക്കാം. ധാരാളം പെൺകുട്ടികൾ ഈ വിപത്തിനിരയായി ജീവിതം ഹോമിച്ചുകൊണ്ടിരിക്കുന്നു. പത്രത്തിലും ദൃശ്യമാധ്യമങ്ങളിലുമെല്ലാം ദിവസം പ്രതി സ്ത്രീധനപീഡന വാർത്തകൾ പെരുകുന്നു. ഉത്രയും വിസ്മയയുമെല്ലാം അമ്മമാരുടെ മനസിലെ തീയായി മാറിയിരിക്കുന്നു. കേരളത്തിൽ സ്ത്രീധന സമ്പ്രദായം ഒരു ആചാരമായി മാറിയിട്ടുണ്ടെങ്കിലും നാമിപ്പോൾ കേൾക്കുന്നയത്രയും ഭീകരത സ്ത്രീ പീഡനകേസുകളിൽ മുൻപ് ഉണ്ടായിരുന്നില്ല. മനുഷ്യമനസ്സിനെ മഥിക്കുന്ന ഈ ഭീകര തേർവാഴ്ചകളുടെ അലയൊലികൾ ഉടനെയൊന്നും അവസാനിക്കാനും പോകുന്നില്ല.

**സ്ത്രീധന നിരോധന നിയമം കേരളത്തിൽ പ്രാബല്യത്തിൽ വന്നത് 1961 ലാണ്. വിവാഹം കഴിഞ്ഞ് ഏഴ് വർഷത്തിനുള്ളിൽ ദുരൂഹ സാഹചര്യത്തിൽ സ്ത്രീ മരിച്ചാൽ ഭർത്താവിനെയും അവരുടെ വീട്ടുകാരെയും അന്വേഷണത്തിന് ശേഷം അറസ്റ്റുചെയ്യാൻ അധികാരം നൽകുന്നതായിരുന്നു ഈ നിയമം.** പക്ഷേ, നിയമ സംരക്ഷണമുണ്ടായിട്ടും നമ്മുടെ നാട്ടിൽ സ്ത്രീധന പീഡനങ്ങളും മരണങ്ങളും കൂടിക്കൊണ്ടേയിരിക്കുന്നു. പിന്നീട് സ്ത്രീകൾക്ക് കൂടുതൽ സംരക്ഷണം നൽകാൻ 1986 ൽ ഇന്ത്യൻ ശിക്ഷാനിയമത്തിൽ 498 എ എന്ന വകുപ്പു കൂടി ഉൾപ്പെടുത്തി. ക്രൂരമായി പെരുമാറുന്ന ഭർത്താവിനേയും വീട്ടുകാരേയും അറസ്റ്റ് ചെയ്യിക്കാനുള്ള അധികാരം സ്ത്രീക്ക് ലഭിച്ചു. ഇത് ജാമ്യമില്ലാ കുറ്റമാണ്. ഇത്ര കർശന നിയമം ഉണ്ടായിട്ടും സ്ത്രീധനത്തിന്റെ പേരുള്ള പീഡനങ്ങളും കേരളത്തിൽ ദിവസേന വർധിച്ചുവരികയാണ്.


## എന്താണിതിനൊരു പരിഹാരം?

എന്താണ് സ്ത്രീധനം? സ്വഭവനങ്ങളിൽ നിന്നും മാറി സമൂഹത്തിൽ സ്വന്തമായി ഒരിടം കണ്ടെത്തുന്ന സ്ത്രീയ്ക്കും പുരുഷനും അവർ ഒരു കുടുംബമായി ഒരുമിച്ച് ജീവിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുവേണ്ടി അവരുടെ ജന്മഗൃഹത്തിൽ നിന്നും മാതാപിതാക്കളും മറ്റും നൽകുന്ന സാമ്പത്തിക സഹായമാണ് യഥാർഥത്തിൽ സ്ത്രീധനം. ഒരുപരിധിവരെ ജീവിതം കരുപ്പിടിപ്പിക്കുന്നതിന് ഈയൊരു സഹായം ആവശ്യമാണ്. അത് യഥാർഥത്തിൽ മാതാപിതാക്കളുടെ സ്വത്തിന്മേലുള്ള കൈമാറ്റം കൂടിയാണ്. എന്നാൽ ഈയൊരു കൊടുക്കൽ വാങ്ങൽ എല്ലാ അർത്ഥതലവും പിന്നിട്ട് സ്വന്തം സാമ്പത്തിക നേട്ടം മാത്രം ലാക്കാക്കി ഏത് കുത്സിത പ്രവത്തിയിലൂടെയും സ്വത്ത് സമ്പാദിക്കാനുള്ള ഒരു മാർഗമായി ഇന്ന് മാറിയിരിക്കുന്നു.

**സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും നിരോധിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. എന്നാൽ മാതാപിതാക്കൾ തങ്ങളുടെ സമ്പാദ്യം മുഴുവൻ മക്കളെ കെട്ടിച്ചുവിടുന്നതിനുവേണ്ടി ഉപയോഗിക്കുന്നു. ജീവിതം മുഴുവൻ അതിനായി കഠിനാധ്വാനം ചെയ്യുകയും ചെയ്യുന്നു. ഇത് നമ്മുടെ മാത്രം സംസ്കാരമാണ്. വെറുമൊരു വിൽപ്പന ചരക്കായി സ്ത്രീയെ കാണുന്ന മനോഭാവം വർധിച്ചുവരുന്നു. സമൂഹത്തിന്റെ ഈ മനോഭാവം മാറാതെ ഇതിന് ഒരു മാറ്റം വരുത്താൻ കഴിയില്ല.**

## മനോഭാവം

ഒരു കുഞ്ഞു ജനിക്കുമ്പോൾ തന്നെ പെൺകുഞ്ഞാണെങ്കിൽ അവൾ മറ്റൊരിടത്തേക്ക് അയക്കപ്പെടേണ്ടവരാണ് എന്ന രീതിയിലാണ് വളർത്തിക്കൊണ്ടുവരുന്നത്. മൂല്യങ്ങളുടെ പേര് പറഞ്ഞ് പെൺമക്കളുടെ സ്വാതന്ത്ര്യത്തെ ബാല്യത്തിലേ തന്നെ നാം പ്രതിബന്ധിച്ചുകളയുന്നു. മക്കളോടുള്ള ഈ മനോഭാവമാണ് ആദ്യം മാറേണ്ടത്. **ആണായാലും പെണ്ണായാലും രണ്ടുപേർക്കും അവരവരുടേതായ വ്യക്തിത്വം സൃഷ്ടിച്ചെടുക്കൽ കുടുംബത്തിൽ നിന്നു തന്നെ തുടങ്ങേണ്ടിയിരിക്കുന്നു. എല്ലാ കാര്യങ്ങളിലും ആൺപെൺ വേർതിരിവില്ലാതെ കുഞ്ഞുങ്ങൾ വളർന്നുവരണം. എന്നാൽ പലപ്പോഴും ആൺകുട്ടികൾക്ക് ഒരു മേധാവിത്വ മനോഭാവം കുടുംബങ്ങളിൽ തന്നെ നാം സൃഷ്ടിച്ചെടുക്കുന്നു.** ഇതുതന്നെയാണ് പല പ്രശ്നങ്ങൾക്കും ആധാരമായിട്ടുള്ളതും. പെൺമക്കളെ ഒരു ഭാരമായി കാണാതെ സ്വന്തം നിലനില്പിനായി അവളെ ബോധവതിയാക്കേണ്ടതും അത്യാവശ്യമാണ്. സാമ്പത്തിക സ്വാതന്ത്ര്യം പെൺകുട്ടിയ്ക്കും അവകാശപ്പെട്ടതാണ്. എന്ന തിരിച്ചറിവിലേക്കും നാം മാറേണ്ടിയിരിക്കുന്നു. പരസ്പര പൂരകങ്ങളാകണം സ്ത്രീ–പുരുഷ ജീവിതം. എങ്കിൽ മാത്രമേ അത് പൂർണമാകുന്നുള്ളൂ. മാതാപിതാക്കളുടെ പരിപാലനം (Parenting) വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. മകനെ നല്ലൊരു ജോലിക്കാരനാക്കി ഒരിക്കിയെടുക്കുകയും പെൺമക്കളെ സ്ത്രീധനം കൊടുത്ത് കെട്ടിച്ചയക്കുകയും ചെയ്യുകയാണ് ഭൂരിഭാഗം മാതാപിതാക്കളും ചെയ്യുന്നത്. അതോടുകൂടി ഒരു ഭാരമിറക്കിവച്ച മനോഭാവമാണ് പല മാതാപിതാക്കൾക്കും ഉള്ളത്. മകൾക്ക് കൊടുത്തത് മകനിലൂടെ തിരിച്ചുലഭിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. സാധാരണ മലയാളിയുടെ ഈയൊരു മനോഭാവമാണ് സ്ത്രീധനപീഡനങ്ങൾ കൂടാൻ ഒരു കാരണം. ഈയൊരു മനോഭാവം മാറാതെ സ്ത്രീധന സമ്പ്രദായം എന്ന വിപത്തിനെ മെരുക്കാൻ കഴിയില്ല.



## കുടുംബ പശ്ചാത്തലം

വളരെ പ്രധാനപ്പെട്ട ഒന്നാണിത്. ഒരു പെൺകുട്ടിയുടെ സുരക്ഷിതത്വം കുടുംബത്തിൽ നിന്നു തുടങ്ങണം. പെൺമക്കളെ കെട്ടിച്ചുവിടാനുള്ളതാണ് അതുകൊണ്ട് അവൾ ഇങ്ങനെയൊക്കെ ആയാൾ മതി. ആ കാഴ്ചപ്പാടാണ് ആദ്യം മാറേണ്ടത്. ജനിച്ചുവീഴുന്ന ഓരോ കുഞ്ഞിന്റേയും മനസ്സിലേക്ക് വികലമായ ചിന്താധാരകൾ അടിച്ചേല്പിക്കപ്പെടുന്നത് കുടുംബത്തിൽ നിന്നുതന്നെയാണ്. ഇന്നത്തെ സാമ്പത്തികക്രമങ്ങളും മാറിമാറിവരുന്ന ജീവിതശൈലികളും എല്ലാത്തിനെയും മാറ്റിമറിക്കുന്ന ഡിജിറ്റൽ ലോകവും സമൂഹത്തെയാകെ കീഴ്മേൽ മറിച്ചിരിക്കുന്നു. ധനസമ്പാദനം എന്ന ലക്ഷ്യം മാത്രം മുൻനിറുത്തി മക്കളെ വളർത്തിക്കൊണ്ടുവരുന്ന രീതി ഇന്ന് വർധിച്ചിരിക്കുന്നു. ഇത്തരം ഒരു മാനസിക ഘടന യുവാക്കളെ ആർഭാട ജീവിതത്തിലേക്ക് കൊണ്ടെത്തിക്കുന്നു. അതിനൊരു കുറുക്കുവഴിയായി സ്ത്രീധനത്തെ കാണുന്നുണ്ട്. **വിവാഹങ്ങൾ ഇന്ന് ആർഭാടമാണ്, തങ്ങൾക്കില്ലാത്തത് എന്തൊക്കെയോ ഉണ്ടെന്ന് കാട്ടിക്കൂട്ടുവാനുള്ള വ്യഗ്രത പല വിവാഹങ്ങളിലും ഇന്ന് ദൃശ്യമാണ്. അതിനുള്ള പണം കണ്ടെത്തുന്നതാകട്ടെ സ്ത്രീധനമായി വാങ്ങിക്കുന്ന ധനവും. പെൺവീട്ടുകാരുടെ ഓഹരി വാങ്ങി ആർഭാടം കാണിക്കുന്നത് പെൺകുട്ടികളെ വഞ്ചിക്കുന്നതിന് തുല്യമാണ്.** ഈ കുത്തൊഴുക്കിൽപ്പെട്ട ഒരു തലമുറയാണ് നമ്മുടെ കൺമുന്നിലുള്ളത്. ചുരുക്കത്തിൽ കുടുംബത്തിൽ നിന്നുതന്നെയാവണം ഒരുമാറ്റം ഉണ്ടാകേണ്ടത്.

മക്കളെ ക്രിസ്തീയ മൂല്യങ്ങൾക്കനുസരിച്ച് വളർത്തിക്കൊണ്ടുവരാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. അതുപോലെ നല്ല മാതാപിതാക്കളായി മാറുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. പണ്ടൊക്കെ കുടുംബങ്ങളിൽ പ്രാർത്ഥനയിൽ അധിഷ്ഠിതമായ ജീവിതം നയിക്കുന്നതിന് കുട്ടി



കളെ ഉപദേശിക്കാനും സഹായിക്കാനും മുതിർന്നവർ ധാരാളം ഉണ്ടായിരുന്നു. ഇന്ന് അണു കുടുംബങ്ങളിൽ ഈയൊരു സഹായം കുട്ടികൾക്ക് ലഭിക്കുന്നില്ല. അതുകൊണ്ടുതന്നെ സ്വാർഥ താല്പര്യം ഇന്നത്തെ മക്കളിൽ ഏറിനിൽക്കുന്നു. അച്ചടക്കം, കൃത്യനിഷ്ഠ, സഹാനുഭൂതി, ദയ, കാരുണ്യം, സാമൂഹിക ബോധം തുടങ്ങിയ നല്ല ഗുണങ്ങൾക്കൊന്നും വില കല്പിക്കുന്നില്ല. മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്ന രീതിയിൽ വിഷപാമ്പിനെ വളർത്തുന്ന രീതി വരെ പഠിച്ചെടുത്ത് അതിനെ ഉപയോഗിച്ച് ഒരു ജീവൻ നശിപ്പിക്കാൻ വരെ യാതൊരു മടിയുമില്ലാത്ത ഒരു ഭർത്താവിന്റെ ഭീകരത നാം കണ്ടുകഴിഞ്ഞു. മദ്യവും മയക്കുമരുന്നും സൈബർ കുറ്റകൃത്യങ്ങളും ഇന്ന് യുവതലമുറയിൽ വർധിച്ചുവരുന്നതും നാം കാണുന്നു. ദാമ്പത്യബന്ധങ്ങൾക്ക് മാനുഷികമൂല്യം നൽകുന്നതിൽ വിമുഖരായ ചെറുപ്പക്കാരെയും നമുക്ക് കാണാൻ സാധിക്കും. ഇവിടെയാണ് കുടുംബപശ്ചാത്തലം ഒരു വ്യക്തിയെ എങ്ങനെ രൂപപ്പെടുത്തുന്നു എന്ന് നമുക്ക് കാണാൻ കഴിയുന്നത്. മാതാപിതാക്കൾ ഇത്തരം കാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചാൽ മാത്രമേ നല്ല മക്കളെ സമൂഹത്തിന് ലഭിക്കുകയുള്ളൂ. മാതാപിതാക്കളുടെ പരിലാളനങ്ങൾക്ക് ഒരു വ്യക്തിയുടെ വളർച്ചയിൽ വളരെയധികം പ്രാധാന്യമുണ്ട് എന്ന് കാണാം. മക്കൾ വിവേകത്തോടെ ചിന്തിക്കാനും പെരുമാറാനും ഉദാത്തമായ മൂല്യങ്ങൾ ജീവിത്തിൽ പ്രാവർത്തികമാക്കാനും പഠിക്കേണ്ടത് കുടുംബ സാഹചര്യങ്ങളിൽ നിന്നുതന്നെയാണ് എന്ന കാര്യം മാതാപിതാക്കളും മറക്കാൻ പാടുള്ളതല്ല. നല്ല മക്കൾ വളർന്നുവന്നാൽ മാത്രമേ സമൂഹത്തിലെ അനാചാരങ്ങളെ തുടച്ചുമാറ്റാൻ നമുക്ക് കഴിയുകയുള്ളൂ.

**സ്ത്രീധനപീഡനങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ ഏറ്റവും ശ്രദ്ധേയമായ കാര്യം അമ്മായിയമ്മയും നാത്തൂൻമാരുമാണ് ഈയൊരു കാര്യത്തിൽ മരുമക്കളോട് ക്രൂരമായി പെരുമാറുന്നതും പ്രശ്നങ്ങളെ കൂടുതൽ സങ്കീർണമാക്കുന്നതും എന്നു കാണാം. ഒരു സ്ത്രീ തന്നെ മറ്റൊരു സ്ത്രീക്ക് വിനയായി മാറുന്നു. ഇതേ സ്ത്രീകളും ഈ അവസ്ഥകളിലൂടെ കടന്നുവന്നവരാണെന്ന കാര്യം അവർ പലപ്പോഴും മറന്നുപോകുന്നു.** ഇന്ന് നാം കാണുന്ന മറ്റൊരു കാഴ്ച സമ്പത്തില്ലാത്തിടത്തല്ല സ്ത്രീധന പീഡനങ്ങളും മരണങ്ങളും അരങ്ങേറുന്നത്, അഭ്യസ്തവിദ്യരെന്ന് അഭിമാനിക്കുന്ന വ്യക്തികൾ താമസിക്കുന്നയിടങ്ങളിൽ നിന്നുതന്നെയാണ്. പരസ്പര വിശ്വാസത്തിനോ സ്നേഹത്തിനോ യാതൊരു വിലയും കല്പിക്കുന്നില്ല. പണസമ്പാദനം മാത്രമാണ് ഇത്തരക്കാരുടെ ഏക ലക്ഷ്യം.

തൊഴിൽ സ്ത്രീധനം ചോദിച്ചുവാങ്ങുന്നതിന് വലിയൊരു മാനദണ്ഡമാണ്. കൃത്യമായിപറഞ്ഞു വാങ്ങുന്ന കാഴ്ചയും നാം കാണാറുണ്ട്. മറ്റൊരുവശം തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുടെ നാടാണ് നമ്മുടെ കൊച്ചുകേരളം. വലിയൊരു പരിധിവരെ സ്ത്രീധനം ആഗ്രഹിക്കുന്നതിന് ഇത് കാരണമായിമാറുന്നുണ്ട്. വിവാഹത്തിലൂടെ മകന് സുഖമായി കഴിയാനുള്ള സാമ്പത്തിക നേട്ടങ്ങൾ കൈവരിക്കാൻ ഇത്തരക്കാർ ശ്രമിക്കുന്നു. ഇതെല്ലാം തന്നെ അസ്വസ്ഥമായ ദാമ്പത്യ ബന്ധങ്ങളിലേക്ക് നയിക്കപ്പെടുന്നു.



**കുടുംബജീവിതത്തിലും സ്ത്രീ– പുരുഷ സമത്വം പുലരണം. വിവാഹത്തത്തിലൂടെ യുവതിയും യുവാവും ഒരു പുതിയ കുടുംബ ജീവിതത്തിന് തുടക്കം കുറിക്കുമ്പോൾ സ്ത്രീധനം മത്രമല്ല, പുരുഷധനവും അവിടെ മുതൽക്കൂട്ടാവണം. സ്വത്തിന്റെ ഉടമ ഒരിക്കലും പുരുഷൻ മാത്രമല്ല. ഇരുവർക്കും ജീവിക്കാനുള്ള അവകാശം തുല്യമാണ്.**

പെൺകുട്ടിയെ പഠിപ്പിച്ച് ഒരു ജോലി കൈവശമാക്കുന്നതിന് പ്രാപ്തയാക്കുന്നതിനേക്കാളുപരിയായി അവളെ ഒരാളുടെ കൈവശം കൈപിടിച്ചേല്പിക്കാനാണ് എല്ലാ മാതാപിതാക്കളും ആഗ്രഹിക്കുന്നത്. മകളെ ചോദിക്കുന്ന സ്ത്രീധനം നൽകി കെട്ടിച്ചയക്കണം എന്ന ബോധ്യമാണ് നമ്മുടെ മധ്യവർത്തി സമൂഹത്തിനുള്ളത്. ഇത് മാറ്റണമെങ്കിൽ നിയമം നടപ്പിലാക്കാൻ പ്രതിബദ്ധതയുള്ള ഒരു സർക്കാർ ഉണ്ടാകണം. അതോടൊപ്പം കേരളത്തിലെ സാക്ഷര ജനത ഉണർന്നു പ്രവർത്തിക്കേണ്ടിയുമിരിക്കുന്നു. കുഞ്ഞുങ്ങളുടെ പരിപാലനത്തിൽ തന്നെ മാറ്റങ്ങൾ വരുത്തണം. 18 വയസ്സു തികയാൻ കാത്തുനിന്ന് പെൺമക്കളെ കെട്ടിച്ചയക്കുന്ന പ്രവണത ഇന്നും നിർബാധം തുടരുന്നുണ്ട്. ആൺപെൺ വകഭേദമില്ലാതെ പഠനകാര്യത്തിലായാലും വ്യക്തിസ്വാതന്ത്ര്യത്തിലായാലും രണ്ടുവർഗത്തേയും ഒരുപോലെ കാണുകയും സഹായിക്കുകയും ചെയ്യണം. വ്യതിരിക്തമായി ചിന്തിക്കാൻ മക്കളെ പഠിപ്പിക്കണം. പെണ്ണ് ആണിന്റെ കീഴിൽ കഴിഞ്ഞുകൊള്ളണം എന്ന അടിമ മനോഭാവം കുഞ്ഞുനാളിലെ നുള്ളിക്കളയണം. ആൺമക്കൾക്കും പെൺകുട്ടികൾ ചെയ്യുന്ന ജോലികൾ ചെയ്യാം എന്ന മനോഭാവം വളർത്തിക്കൊണ്ടുവരികയും വേണം. ഇതൊക്കെ പെൺകുഞ്ഞുങ്ങളെ ബഹുമാനിക്കാനും ആദരിക്കാനും ഭാവിയിൽ വലിയ പ്രചോദനമായി മാറും.

പുതിയ തലമുറയിൽ ചെറിയ മാറ്റങ്ങൾ കണ്ടുവരുന്നു എന്നത് ശുഭസൂചകമാണ്. സ്വന്തമായി തന്റെ ജീവിത പങ്കാളിയായി തെരഞ്ഞെടുക്കുന്നവരുടെ എണ്ണം കൂടിവരുന്നുണ്ട്. അത്തരം സന്ദർഭങ്ങളിൽ സ്ത്രീധനത്തിനായുള്ള വിലപേശലുകൾ കുറഞ്ഞുവരുന്ന കാഴ്ചയാണ് അനുഭവപ്പെട്ടിട്ടുള്ളത്. പെൺകുട്ടികൾക്ക് വരെ തെരഞ്ഞെടുക്കാനുള്ള സാമൂഹിക സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കേണ്ടതുണ്ട് (പ്രണയവിവാഹങ്ങൾ അല്ല). കാലത്തിന്റെ മാറ്റങ്ങളിലൂടെ നാം സഞ്ചരിക്കേണ്ടിയിരിക്കുന്നു. പെൺകുട്ടികൾ സ്വന്തം കാലിൽ നിൽക്കാനുള്ള പ്രാപ്തി നേടുകയും സാമ്പത്തിക സ്വാതന്ത്ര്യം നേടിയെടുക്കുകയും ചെയ്യാത്തിടത്തോളും സ്ത്രീ പീഡനങ്ങൾ തുടർന്നുകൊണ്ടേയിരിക്കും. സ്ത്രീധനം ഏറ്റവും വലിയ വിപത്താണെന്ന് മനസിലാക്കി ഇനിയുള്ള തലമുറയെങ്കിലും പരസ്പ ബഹുമാനത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കാൻ പ്രാപ്തരാകണം. യുവതലമുറയുടെ ചിന്താധാരകളിൽ മാറ്റം വരുമ്പോൾ സമൂഹത്തിലും അത് പ്രതിഫലിപ്പിക്കപ്പെടും എന്നതിൽ യാതൊരു സംശയവുമില്ല.

സാമാന്യം സാമ്പത്തിക ഭദ്രതയുള്ളവർ കൂടുതൽ സമ്പത്തിനുവേണ്ടി നടത്തുന്ന ആവേശ കഥകൾ മാധ്യമങ്ങൾ ഉദ്ഘോഷിക്കുമ്പോൾ ഹൃദയത്തെ നോവിക്കുന്ന, കണ്ണീരിന്റെ വറ്റാത്ത ചാലുകൾ വീഴ്ത്തുന്ന, മാധ്യമങ്ങളുടെ വെള്ളിവെളിച്ചം കടന്നുചെല്ലാത്ത, സ്വന്തമായി ഒരു കുടുംബജീവിതം കരഗതമാക്കാൻ സാമ്പത്തിക സൗകര്യങ്ങളില്ലാത്ത, എന്തിനേറെ ഒന്നുതലചായ്ക്കാൻ കിടപ്പാടം പോലുമില്ലാത്ത, മാതാപിതാക്കളുടെ കാലശേഷം തികച്ചും അനാഥമായി പോയേക്കാവുന്ന, സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് തള്ളപ്പെട്ടുപോകുന്ന ധാരാളം യൗവനങ്ങൾ നമുക്ക് ചുറ്റിനുമുണ്ട്. അവർക്കൊരു കുടുംബ ജീവിതം നൽകാനുള്ള ചിന്തകളും പദ്ധതികളുമാണ് നമ്മുടെ ഇന്നിന്റെ ആവശ്യം. അതാകട്ടെ നമ്മുടെ പ്രത്യാശയും പരിശ്രമവും. ■

# ചെറിയ സ്ക്രീനുള്ളിൽ വീണുപോകുന്ന
# വലിയ ജീവിതങ്ങൾ!



ലേഖനം

**നീതു എസ്.എസ്.**
സെന്റ് സേവ്യേഴ്സ് കോളേജ്
ജേർണലിസം വിദ്യാർഥി

കണ്ടുപിടിത്തങ്ങൾ എന്നും മനുഷ്യ ജീവിതത്തോട് ചേർന്നു നിൽക്കുന്നു. ഓരോ കണ്ടുപിടിത്തങ്ങളും മനുഷ്യ ജീവിതത്തിന്റെ പുരോഗതിയാണ് ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ ആശയവിനിമയരംഗത്ത് വലിയ മാറ്റം വിതച്ച കണ്ടുപിടിത്തമായിരുന്നു ടെലിഫോൺ. ഗ്രഹാംബെൽ കണ്ടുപിടിച്ച ടെലിഫോണിൽ നിന്ന് കൈക്കുള്ളിൽ കൊണ്ടുനടക്കാൻ സാധിക്കുന്ന കീ പാഡ് ഫോണുകളിലേക്ക് എത്തിയപ്പോൾ ആശയവിനിമയരംഗത്ത് വൻ പരിവർത്തനമാണ് ഉണ്ടായത്. എന്നാൽ കീപാഡ് ഫോണുകളിൽ നിന്ന് സമകാലിക ലോകം സ്മാർട്ട്ഫോണുകളിലേക്ക് മാറിയപ്പോൾ ഇന്റർനെറ്റിന്റെ മായികലോകം സാധാരണക്കാരായ മനുഷ്യർക്കും പ്രാപ്തമായി. 65 ശതമാനത്തിലധികം സ്മാർട്ട്ഫോൺ ഉപഭോക്താക്കളുള്ള, ഇന്റർനെറ്റ് അടിസ്ഥാന മനുഷ്യാവകാശങ്ങളിലൊന്നായി പ്രഖ്യാപിച്ച സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമാണിന്ന് കേരളം.

ഓരോ വർഷവും 3 ലക്ഷം വിദ്യാർഥികൾക്ക് കംപ്യൂട്ടർ സാക്ഷരത നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ, ഐറ്റി@സ്കൂൾ പദ്ധതിയും, രണ്ടായിരത്തിലധികം വരുന്ന ജനസേവനകേന്ദ്രങ്ങളും, ഗവണ്മെന്റിന്റെ ഓഫീസുകളുടെ ഡിജിറ്റൽവൽക്കരണവുമൊക്കെ കേരളത്തെ അതിവേഗം ഇന്റർനെറ്റിന്റെ ലോകത്തേക്ക് കണക്ട് ചെയ്തു. ഇന്ന് സ്മാർട്ട്ഫോണിന്റെ സഹായത്തോടെയുള്ള ഇന്റർനെറ്റ് ഉപയോക്താക്കളിൽ ഒന്നാം സ്ഥാനത്താണ് കേരളം.

'കൊറോണ'ക്കാലം സൈർ ലോകത്തെ അതിവേഗമാണ് നമ്മുടെ ഭവനങ്ങളിലെ സ്വീകരണമുറികളും ഇടവഴികളിലുമെത്തിച്ചത്. അടച്ചിടൽ കാലത്ത് പുറത്തിറങ്ങാത്ത സ്കൂൾ കുട്ടികളും, ഓഫീസിലെത്താതെ ജോലി ചെയ്യുന്ന മധ്യവയസ്കരും ഉന്നത വിദ്യാഭ്യാസം നടത്തുന്ന ടീനേജുകാരും ക്ലാസ് സൗകര്യം നൽകുന്ന അധ്യാപകരും സൈബർ ലോകത്തിലെ 'നെറ്റിസൺ'മാരായി മാറി. വിർചൽ ലോകത്തേക്ക് പറിച്ചുനടപ്പെടുന്ന കുട്ടികളെക്കുറിച്ച് ആശങ്കയോടെയാണ് മനഃശാസ്ത്രജ്ഞരും വിദ്യാഭ്യാസവിദഗ്ധരും ഡോക്ടർമാരുമൊക്കെ പഠനങ്ങൾ നടത്തുന്നത്.



ഇന്റർനെറ്റ് എന്നത് ഒരു വെട്ടുപിച്ചാത്തിപോലെയാണ്. അപക്വമായ കരങ്ങളിലേക്കെത്തുന്ന ആയുധങ്ങൾപോലെയാണ് സ്മാർട്ട്ഫോണുകളും.

പക്ഷേ കുട്ടികളുടെ പഠനോപകരണങ്ങളിലൊന്നാണ് സ്മാർട്ട്ഫോൺ എന്ന തെറ്റായ ചിന്തയുണ്ട്. കുട്ടിക്കൊരു സ്മാർട്ട്ഫോൺ എന്നത് ജ്യോമട്രി ബോക്സോ, സ്കൂൾ ബാഗോ, ടെക്സ്റ്റ് ബുക്കോ പോലെ കുട്ടിയുടെ അവകാശങ്ങളിലൊന്നായി, മാതാപിതാക്കന്മാരുടെ ചുമതലകളിലൊന്നായി നാം കണ്ടുതുടങ്ങുന്നത് അപക്വമാണ്. സ്മാർട്ട്ഫോൺ ഒരു പഠനോപകരണമല്ല. അത് ഓൺലൈൻ പഠനസമയത്ത് മാതാപിതാക്കളുടെ നിയന്ത്രണത്തോടെ കുട്ടികൾ പ്രയോജനപ്പെടുത്തേണ്ട ഒരു സൗകര്യം മാത്രമാണ്. സ്മാർട്ട്ഫോൺ അടിമത്വത്തെ മയക്കുമരുന്നുകളുടെ ഉപയോഗവും അടിമത്വവും പോലെ കണക്കാക്കണമെന്നാണ് ശാസ്ത്രപഠനങ്ങൾ വിലയിരുത്തുന്നത്. നിയന്ത്രിക്കാനാവാത്ത ഉപയോഗം, സ്വഭാവ രീതിയിലെ വിചിത്രത അസഹിഷ്ണുത, അക്രമവാസന, ആത്മഹത്യാ പ്രവണത, ഇവയൊക്കെ സ്മാർട്ട് ഫോൺ അടിമത്തത്തിന്റെ ലക്ഷണങ്ങളാണ്. അകാരണമായി മൊബൈൽ ഫോണില്ലാതിരിക്കേണ്ടിവരുന്ന അവസ്ഥയെക്കുറിച്ചുള്ള ഭയം നോമോഫോബിയ എന്നാണറിയപ്പെടുക. ഇത് കുട്ടികളിൽ കണ്ടുതുടങ്ങുന്നുവെന്നും, 70 ശതമാനത്തിലധികം കുട്ടികളും ചെറുതും വലതുമായ മൊബൈൽ അടിമത്തത്തിന്റെ പിടിയിലാണെന്നും മനശാസ്ത്രജ്ഞർ മുന്നറിയിപ്പു നൽകുന്നുണ്ട്. 13 മുതൽ 18 വയസ്സിനിടയിലെ 10 കുട്ടികളിൽ ഏഴുപേർക്കും മൊബൈൽ ഇല്ലാതിരിക്കാനാവില്ല എന്ന വിവരം ഭയപ്പെടുത്തുന്നതാണ് എന്ന് പ്രകാശ് ചന്ദ്ര എന്ന മനശാസ്ത്രജ്ഞൻ പറയുന്നു. ഇന്ത്യയിലെ ആദ്യ ഇന്റർനെറ്റ് ഡി അഡിക്ഷൻ സെന്ററും കേരളത്തിലാരംഭിച്ചിട്ടുണ്ട്.

ഓൺലൈൻ ഗെയിമുകളാണ് മൊബൈൽ അടിമത്തത്തിലേക്ക് കുട്ടികളെ വേഗമെത്തിക്കുന്ന ഏറ്റവും പ്രധാന ഘടകം. ഉദാഹരണമായി, പ്രായഭേദമന്യേ ഇന്ന് ഏറെ കുട്ടികൾ കളിക്കുന്ന ഒരു ഓൺലൈൻ ഗെയിമാണ് ഫ്രീ ഫയർ.

ഈ കഴിഞ്ഞ മാസം സാമൂഹിക മാധ്യമങ്ങളിൽ വളരെയധികം ചർച്ച ചെയ്യപ്പെട്ട ഒന്നായിരുന്നു തിരുവനന്തപുരം സ്വദേശി അനുജിത്തിന്റെ മരണം. അനുജത്തിന്റെ മരണത്തിനുശേഷം അവന്റെ അമ്മ സാമൂഹിക മാധ്യമങ്ങളോട് തന്റെ മകൻ ഫ്രീ ഫയർ എന്ന ഗെയിമിന് അടിമയായിരുന്നു എന്നും മരണത്തിന് മുമ്പായി ദിവസം ഏകദേശം 20 മണിക്കൂറോളം ഗെയിം കളിച്ചിരുന്നു എന്നും വെളിപ്പെടുത്തി. പത്താം ക്ലാസിനു ശേഷമാണ് അനുജിത്തിന് ഗെയിംസിനുള്ള കമ്പം ഉണ്ടായത് എന്നും ശേഷം വീട്ടിൽനിന്ന് പലപ്പോഴായി പണം വാങ്ങിയിരുന്നതായും അമ്മ മാധ്യമങ്ങളോട് പറഞ്ഞു. ഒരു ദിവസത്തിൻ 20 മണിക്കൂറോളം ഗെയിം കളിക്കാൻ ഉപയോഗിക്കുകയും നാലുമണിക്കൂർ ഉറങ്ങുകയും ചെയ്യുക എന്നതായിരുന്നു അനുജിത്തിന്റെ ദിനചര്യ. വിശപ്പോ കുളിയോ ഒന്നും തന്നെ ഈ സമയങ്ങളിൽ അവനുണ്ടായിരുന്നില്ല എന്ന് അവന്റെ അമ്മ വെളിപ്പെടു

ത്തി. ഇത്തരത്തിലുള്ള സംഭവങ്ങൾ ഒട്ടനവധി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സംസ്ഥാനം കൂടിയാണ് കേരളം.

പലയാളുകൾ പലസ്ഥലത്തിരുന്ന് കളിക്കുന്ന പബ്ജി എന്ന നിരോധിത ഗെയിമിന് സമാനമാണ് ഈ ഗെയിമും. ഇൻ ഫ്രീ ഫയർ എന്നും അറിയപ്പെടുന്നു. 2019 ൽ ആഗോളതലത്തിൽ ഏറ്റവുമധികം ഡൗൺലോഡുചെയ്ത മൊബൈൽ ഗെയിമായി ഇത് മാറി. 2019 നവംബർ വരെ ലോകമെമ്പാടും നിന്ന് ഫ്രീ ഫയർ ഒരു ബില്യൺ ഡോളറിലധികം വരുമാനവും നേടി. കൗതുകത്തിന്റെ പേരിലാണ് പലപ്പോഴും പലരും ഈ ഗെയിം ഡൗൺലോഡ് ചെയ്യുന്നത്. ഒരുതവണ ഗെയിം ഡൗൺലോഡ് ചെയ്ത് കളിക്കുന്ന വ്യക്തിയെ മനോഹരമായ ഗ്രാഫിക്സിലൂടെ അതിലേക്ക് തന്നെ തളച്ചിടാൻ കഴിയുന്ന തരത്തിലാണ് ഗെയിം രൂപകൽപ്പന ചെയ്തിരിക്കുന്നത്. സമൂഹത്തിൽ ധാരാളം ആരാധകരുള്ള വ്യക്തികളുടെ മുഖങ്ങളാണ് ഈ ഗെയിമിലെ കഥാപാത്രങ്ങൾക്കും നൽകിയിരിക്കുന്നത്. ഇത്തരം ഓൺലൈൻ ഗെയിമുകളിലൂടെ സമയം മാത്രമല്ല, പണവും നഷ്ടപ്പെടുന്നു എന്നുള്ളതാണ് വസ്തുത. പണം നൽകി മെഡിക്കൽ കിറ്റ്, ക്യാരക്ടർ ആയുധങ്ങൾ എന്ന പേരിൽ ടോപ് അപ്പ് ചെയ്തു കളിക്കാരൻ കഴിവു മെച്ചപ്പെടുത്തുമ്പോൾ പേഴ്സിലെ പണവും കാലിയാകും.

ഈ ഗെയിംന്റെ ദോഷവശങ്ങളെക്കുറിച്ച് യാതൊരു തരത്തിലുള്ള അവബോധവും ഇല്ലാത്ത മാതാപിതാക്കൾ പലപ്പോഴും ഒരു വിനോദോപാധിയായി മാത്രം ഇതിനെ കാണുന്നുവെന്നതാണ് പ്രശ്നം.

കുട്ടികളുടെ സാമൂഹിക സുരക്ഷക്കായി ഏർപ്പെടുത്തിയ 'Chiri' ഹെൽപ്പ്ലൈൻ നമ്പറിലേക്ക് ദിവസവും മൊബൈൽ അടിമത്തത്തിന്റെ ആശങ്കകളോടെ നിരവധി മാതാപിതാക്കളുടെ ഫോൺവിളികളാണെത്തുന്നത്. 2020 ൽ മാത്രം 66 കുട്ടികളാണ് കേരളത്തിനുള്ളിൽ മാത്രം നിസ്സാരമായ കാരണങ്ങളുടെ പേരിൽ ആത്മഹത്യ ചെയ്തത്.

ഇത്തരത്തിൽ ഗെയിം കളിക്കുന്ന ഏതാനും ചില വിദ്യാർത്ഥികളോട് നടത്തിയ അഭിമുഖത്തിൽ നിന്ന് മനസ്സിലായത് ഓൺലൈൻ ക്ലാസിന് നൽകിയ ഫോണിൽ ഗെയിം ഇൻസ്റ്റാൾ ചെയ്ത് കളിക്കുകയാണ്. ഏകദേശം എല്ലാ കുട്ടികളും ദിവസത്തിന്റെ നല്ലൊരുപങ്കും ഇതിന് ഉപയോഗപ്പെടുത്തുന്നു.

ഓൺലൈൻ പഠനത്തിനായി മൊബൈൽ കുട്ടികളുടെ കൈയിൽ നൽകുമ്പോൾ കുട്ടി എന്താണ് മൊബൈൽ ഉപയോഗിച്ച് ചെയ്യുന്നത് എന്നറിയാനുള്ള ബാധ്യതയും ഉത്തരവാദിത്തവും മാതാപിതാക്കന്മാർക്ക് ഉണ്ട്. ചില വ്യക്തമായ മാർഗനിർദ്ദേശങ്ങളും മാതൃകകളും കുട്ടികൾക്ക് നൽകാൻ മാതാപിതാക്കന്മാർ മടികാണിച്ചാൽ വലിയ വില നൽകേണ്ടിവരുമെന്നാണ് സമകാലീന കേരളം സാക്ഷ്യപ്പെടുത്തുന്നത്. ■

## സ്മാർട്ട്ഫോൺ ഉപയോഗം മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- **സ്മാർട്ട്ഫോണിന്റെ ഉടമസ്ഥർ കുട്ടികളല്ല മാതാപിതാക്കളാകണം.**
- **കുട്ടികളോട് അരുതെന്ന് പറയാതെ കുട്ടികൾക്കൊപ്പം പഠനേതര പ്രവർത്തനങ്ങൾക്കും കളികൾക്കും കണ്ടെത്തുക.**
- **മൊബൈൽ ഉപയോഗം മാതാപിതാക്കളുടെ മേൽനോട്ടത്തിൽ മാത്രമാക്കുക.**
- **ഭക്ഷണമേശയും കിടക്കയും 'No Mobile Zone' ആക്കിമാറ്റുക.**





ലേഖനം

ഡോ. ഐറിസ്

# ഞങ്ങളെ ജീവിക്കാനനുവദിക്കൂ

**ആനുകൂല്യങ്ങളും ഔദാര്യങ്ങളുമല്ല, ജീവിക്കാനും തൊഴിൽ ചെയ്യാനുമുള്ള അവകാശങ്ങളാണ് മീൻവില്ക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് വേണ്ടത്**

തിരുവനന്തപുരത്തെ പരമ്പരാഗത-അസംഘടിത-മീൻ വില്പനക്കാരായ സ്ത്രീ തൊഴിലാളികളുടെ അടിസ്ഥാന മനുഷ്യാവകാശ-തൊഴിലവകാശ പ്രശ്നങ്ങളെ സംബന്ധിച്ചും അവർ കാലാകാലങ്ങളായി നേരിടുന്ന പൊതുസമൂഹ-ഭരണകൂട-നിയമപാലക അതിക്രമങ്ങളെക്കുറിച്ചും വീണ്ടും നാം ചിന്തിക്കാനും പ്രതികരിക്കാനും ചിലതെല്ലാം പ്രതിരോധിക്കാനുമുള്ള സാഹചര്യം കൂടിയായി തീർന്നിരിക്കുന്നു ഈ കോവിഡ് 19 ന്റെ മൂന്നാം തരംഗത്തിന് കാത്തിരിക്കേണ്ടിവരുന്ന

കാലം.

ഈ പ്രശ്നങ്ങളെ നോക്കിക്കാണുന്നതിലേക്ക് തൊഴിൽ സംബന്ധമായി നിലവിലുള്ള ഉറപ്പുകൾ - ഭരണകൂടം നൽകുന്ന ലിഖിതമായ ഉറപ്പുകൾ പരിശോധിക്കേണ്ടതായുണ്ട്. "പ്രതിഫലത്തിനായി ചെയ്യുന്ന ഉത്പാദനസംബന്ധമായ ജോലികൾ പ്രത്യേകിച്ചും ബാഹ്യമായി കണ്ട് ബോധ്യപ്പെടാനുള്ള ജോലികൾ'' എന്നാണ് തൊഴിൽ നിർവചിക്കപ്പെട്ടിരിക്കുന്നത്. **നിത്യേന പോയി ചെയ്ത് പണം ശേഖരിക്കുന്ന തൊഴിലുകൾ, സമൂഹത്തിന് ദൈനംദിനാവശ്യത്തിനായുള്ള സേവനം കൂടി ഉറപ്പാക്കുന്ന തൊഴിലുകളെ സംബന്ധിച്ചും ഭക്ഷ്യോത്പാദന തൊഴിലുകളെ സംബന്ധിച്ചുമുള്ള നിയമങ്ങൾകൂടി പരമ്പരാഗത മീൻപിടിത്ത – കച്ചവട തൊഴിലുകളുടെ പദവിയിലേക്ക് കൂട്ടിച്ചേർക്കേണ്ടതായിട്ടുണ്ട്. ജാതീയവും അരികിലാക്കപ്പെട്ട അവിദഗ്ധ തൊഴിലാളികൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളും ഈ ആദിമ – ഗോത്രസ്വഭാവമുള്ള സമൂഹം നേരിടുന്നുണ്ട്. തൊഴിൽ രംഗത്ത് ജാതീയമായും ലിംഗപരമായും നിലനിൽക്കുന്ന വിവേചനങ്ങളെ ഇല്ലാതാക്കുകയും തൊഴിലാളികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യം സംരക്ഷിക്കുകയും അവരുടെ മാന്യതയും അന്തസ്സുള്ള ജീവിതവും ഉറപ്പാക്കുകയും ആത്മാഭിമാനത്തോടെ തൊഴിൽ ചെയ്ത് ജീവിക്കാനുള്ള സാഹചര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യേണ്ട കർത്തവ്യം ഭരണകൂടത്തിലും നിയമപാലനത്തിലും അധിഷ്ഠിതമായിരിക്കുന്നു.** പരമ്പരാഗത തൊഴിൽ സമൂഹങ്ങളുടെ ജീവനും തൊഴിലിനും സംരക്ഷണം നൽകേണ്ടതും അവർക്കുനേരെയുള്ള കയ്യേറ്റങ്ങളിൽ ശക്തമായ നിയമ പരിരക്ഷ ഉറപ്പാക്കുകയും ചെയ്യേണ്ട കർത്തവ്യം ഭരണകൂടത്തിന്റേതും നിയമവ്യഖ്യാനം നിർവഹിക്കേണ്ട കോടതികളുടേതുമാണ്. തൊഴിലിടം, തൊഴിൽ സമയം, തൊഴിലാളിയുടെ ആരോഗ്യം, സുരക്ഷ, തൊഴിൽ, നീതി തുടങ്ങിയവ തൊഴിലാളിയുടെ അവകാശമാണ്. ഇതിനെതിരെയുള്ള ശ്രമങ്ങൾ പൊതുസമൂഹത്തിൽ തെറ്റായ മാതൃക നൽകും എന്നുകൂടി നിയമപാലകരും ഭരണകൂടവും ഉറപ്പാക്കണം.

തൊഴിൽ സംബന്ധമായി അമ്പതിലേറെ ദേശീയ നിയമങ്ങളും അതിലേറെ സംസ്ഥാന നിയമങ്ങളും ഇന്ത്യയിൽ നിലവിലുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ 14-16, 19 (1) (സി), 23-24, 38, 41-43 (എ) എന്നിവയിൽ പ്രതിപാദിക്കുന്ന തൊഴിലവകാശ നിയമങ്ങൾ വീണ്ടും വീണ്ടും പരിശോധിക്കപ്പെടുകയും ഉറപ്പാക്കികിട്ടുകയും വേണ്ടിയിരിക്കുന്നു. നിയമത്തിനുമുന്നിലുള്ള തുല്യത, വിവേചനങ്ങൾക്കെതിരായ വകുപ്പുകൾ, അവസരസമത്വവും തുല്യതയും തൊഴിലിൽ ലഭ്യമാക്കുക, സംഘടിക്കാനുള്ള തൊഴിലാളികളുടെ അവകാശം സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും സമത്വവും ഉറപ്പാക്കുക എന്നിവയെല്ലാം മൗലിക അവകാശങ്ങളുടെ നീണ്ട നിരയിൽ പ്രതിപാദിച്ചിട്ടുണ്ട്. നിലവാരപ്പെട്ട ഒരു മനുഷ്യജീവിതം ആത്മാഭിമാനത്തോടെ തുടരേണ്ടതിന്റെ ആവശ്യകതയും ഭരണഘടന ഉറപ്പേകിയിട്ടുണ്ട്.

ഭരണഘടനയുടെ ഡ്രാഫ്ടിംഗ് കമ്മിറ്റിയിൽ ഉൾപ്പെട്ട് ഒപ്പുവച്ച ബഹുമാന്യയായ അഡ്വ. ആനി മസ്ക്രീറിന്റെ സമുദായാംഗങ്ങൾ കൂടിയായ പരമ്പരാഗത മീൻപിടിത്ത -മീൻകച്ചവടത്തൊഴിലാളികളാണ് ഇന്ന് തങ്ങളുടെ തൊഴിലവകാശങ്ങൾക്കായി വീണ്ടും പ്രതിരോധ സമരങ്ങളിലേർപ്പെടേണ്ടിവന്നിരിക്കുന്നത് എന്ന വൈരുദ്ധ്യം കണ്ടില്ലെന്ന് നടിക്കാനാവില്ല.

കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കനുസരിച്ച് കേരളത്തിൽ 1,15,668 മീൻപിടിത്തത്തൊഴിലാളി കുടുംബങ്ങളുണ്ട്. (റൂബിൻ ഡിക്രൂസ്, ദേശാഭിമാനി ഇന്റർനെറ്റ് പതിപ്പ്, ഏപ്രിൽ 30, 2020) തെക്കൻ കേരളത്തിൽ തിരുവനന്തപുരം ജില്ലയുടെ തീരദേശഗ്രാമങ്ങ



ളിലും തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ഭാഗമായിരിക്കുന്ന തൂത്തൂർ പ്രവിശ്യയിലുമായി. മീൻവില്പന പരമ്പരാഗത തൊഴിലാക്കിയിരിക്കുന്ന സ്ത്രീകളുടെ എണ്ണം അയ്യായിരത്തിനടുത്തായികാണുന്നു. ഈ ഗ്രാമങ്ങളിലെ സ്ത്രീകളുടെ സംഖ്യ 94,760 ആണെന്നും മീൻവിൽപ്പന ഉപജീവനമാക്കിയ സ്ത്രീകൾ അവരിൽ 4,204 (4.44%) ആണെന്നുമാണ് 2011 ൽ രൂപത സംഘടിപ്പിച്ച സാമൂഹിക സർവേയുടെ കണക്ക്.

ആണുങ്ങൾ രാവുകളിൽ മീൻപിടിക്കാൻ പോയിവന്നാൽ അത് ഉൾനാടുകളിലെത്തിച്ചിരുന്നത് വീട്ടമ്മമാർകൂ



ടിയായ സ്ത്രീകളാണ്. എന്നാൽ തീര ശോഷണവും കടലേറ്റവും കടൽഭി ത്തിയും പുലിമുട്ടും കാരണം കടലി ലേക്ക് വള്ളമിറക്കാൻ യോജിച്ച തീരങ്ങളുടെ അഭാവത്തിൽ ചുരുക്ക മായ മീൻപിടിത്ത തുറമുഖങ്ങളി ലേക്ക് മീൻകച്ചവട സ്ത്രീകളും ഉപ ജീവനം തേടിയെത്തി. അവരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാ യിരിക്കുന്നു എന്നതിന് മുഖ്യകാരണം ഈ തൊഴിൽ സ്ത്രീകൾ ചെയ്യുന്ന തിനോട് പൊതു സമൂഹവും സ്വസ മൂഹവും പുലർത്തിപ്പോകുന്ന അവഗ ണനയും അവജ്ഞയുമാണ്. എന്നാൽ ഏത് തൊഴിൽ ചെയ്യുന്നി ടത്തും ജാതീയമോ വംശീയമോ ലിംഗ പരമോ ആയ മാറ്റിനിറുത്തലുകൾ പാടില്ല എന്ന ഇന്ത്യൻ ഭരണഘടന യുടെ നിഷ്ക്കർഷകൾ ഇത്തരത്തിൽ അരികുകളിലാക്കപ്പെട്ട ജീവിതങ്ങ ളുടെ കാര്യത്തിൽ വേണ്ടതുപോലെ പാലിക്കപ്പെടുന്നില്ല എന്നതാണ് സത്യം.

മീൻവില്പനരംഗത്ത് തൊഴിലെടു ക്കുന്ന സ്ത്രീകൾ അസംഘടിതരാ ണ്. സംസ്ഥാന സർക്കാരിന്റെ മത്സ്യ ഫെഡിൽ ഇവർ തൊഴിലാളികളെന്ന് പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇവരുടെ തൊഴിൽപരമായ വ്യവസ്ഥ കളിൽ ഏതെങ്കിലും വിധത്തിലുള്ള മാറ്റം വരുത്താൻ ഈ പതിറ്റാണ്ടു കൾക്ക് ശേഷവും സാധ്യമായിട്ടില്ലെ ന്നതും ഇവർ തൊഴിലിടങ്ങളിൽ നിര ന്തരമായ ചൂഷണവും അക്രമവും നേരിടുന്നു എന്നതും ഇവിടുത്തെ പൊതുസമൂഹത്തിനുമുന്നിൽ ജാതീ യമായും തൊഴിൽപരമായും ഇവർ നേരിടുന്ന വിവേചനത്തിന്റെ ഭാഗമാ യാണ് എന്ന് മനസ്സിലാക്കാനാകും.

**മീൻകച്ചവടത്തിലേർപ്പെടുന്ന സ്ത്രീകളുടെ കനത്ത വെല്ലുവിളി എന്നത് പരമ്പരാഗതമാർഗത്തിലൂടെ മീൻ ഐസിട്ട് ഉൾനാടൻ ചന്തകളിലും വഴിക്കവലകളിലും വീടുകളിലും കേടാ വുന്നതിന് മുൻപ് ഉപഭോക്താക്കൾക്ക് എത്തിച്ചുകൊടുക്കുക എന്നതാണ്.** അത്തൊരമൊരു മാനസികാവസ്ഥ യിൽ ഓടിയലച്ചെത്തുന്ന സ്ത്രീകച്ച വടത്തൊഴിലാളികൾക്ക് ആരെയും സൗമ്യമായും സാവകാശമായും പിടി ച്ചുനിർത്തി കച്ചവടം നടപ്പിലാക്കാൻ സൗകര്യം ലഭിച്ചുവെന്ന് വരുന്നില്ല. കട ബാധ്യതകളും വീടുകളുടെ ശോച്യാ വസ്ഥയും കുടുംബത്തിൽ മദ്യവും രോഗങ്ങളും നൽകുന്ന ഗുരുതരമായ പ്രശ്നങ്ങളും മക്കളുടെ വിദ്യാഭ്യാ സവും വിവാഹവുമെല്ലാം തലയിലേ റ്റിയാണ് ഈ തൊഴിലാളികൾ മീൻവില്ക്കാനിറങ്ങുന്നതെന്നും തിരി ച്ചറിയണം.

സംഘടിതമായ ഒരു തൊഴിലിന്റേ തായ നയങ്ങൾ, രീതികൾ, തൊഴിലി ടങ്ങൾ, തൊഴിൽസമയം, വിലയുടെ ഏകസ്വഭാവം, ഒരുമിച്ചിരുന്ന് വില്ക്കാ നുള്ള താല്പര്യം ഇവയൊന്നും അടി സ്ഥാനപരമായി ആ സ്ത്രീ തൊഴിലാ ളികൾക്ക് ഉണ്ടാവില്ല. ഓരോ തൊഴി ലാളിയും തനിക്ക് ചെന്നെത്തപ്പെ ടാനും ഉല്പന്നം കേടാകുന്നതിന് മുൻപ് വിറ്റഴിക്കാനും സൗകര്യമുള്ള ഇടങ്ങൾ തേടിപ്പിടിക്കുകയാണ്. പൊതുസമൂഹത്തിന്റെ ഇകഴ്ത്തലു കളും തള്ളിപ്പറയലുകളും കാരണം വീട്ടിലേക്ക് മീനുമായി പോകുന്നതിൽ സാരമായ കുറവ് വന്നിട്ടുണ്ട്. ഇന്നും നൂറ്റാണ്ടുകളായി തുടർന്നുവരുന്ന വഴ ക്കങ്ങൾ, കിടമത്സരങ്ങൾ ഇവയും അന്യംനിന്നിട്ടില്ലെന്നും നാം തിരിച്ചറി യണം.

മീൻവില്പനക്കിറങ്ങുന്ന സ്ത്രീതൊഴിലാളികൾക്ക് തൊഴിലിനു വേണ്ട തന്റേടവും വാക്സാ മർത്ഥ്യവും ഉണ്ടാകുമെങ്കിലും ഇവ

തിൽ പലരും ലിംഗപദവിയുടെ തിരിച്ചറിവുകൾ ഉള്ളവരോ ശാക്തീകരിക്കപ്പെട്ട വ്യക്തിവികാസം ഉള്ളവരോ അല്ല. വളരെ ആഴത്തിൽ മതാത്മകതയിൽ വേരുകളുള്ള പരമ്പരാഗത പിന്നാക്ക സമുദായത്തിൽ നിന്നുള്ളവരാകയാൽ തങ്ങളോടും തൊഴിലിനോടും അവർ സഹനത്തിന്റെയും ത്യാഗത്തിന്റെയും അമ്മയുടെ ഉത്തരവാദിത്തതിന്റെയും ഇഴകളാണ് നെയ്ത് പോയിരിക്കുന്നത്. അമ്മയുടെ സഹനമായാണ് തങ്ങളുടെ ദൈന്യങ്ങളെ അവരും സമൂഹവും കാണുന്നത്. ആ വൈകാരികത അവരുടെ ശാക്തീകരണത്തിന്റെ വലിയൊരു തടസ്സമാണ്.

സ്ത്രീകളെന്നനിലയ്ക്ക് തൊഴിലിടങ്ങളിൽ ഇവർ നിരന്തരമായി നേരിടുന്ന ചൂഷണങ്ങളും ഭീഷണികളും അസഭ്യം പറച്ചിലുകളും പുറന്തള്ളലുകളുമെല്ലാം ലൈംഗികാതിക്രമത്തിന്റെ സ്വഭാവത്തോടുകൂടിയതാണ്. ഭൂവുടമകളുടെ കീഴിലെ അടിയാളർ നേരിട്ടിരുന്നതു തന്നെയാണ്. ഉത്പന്നത്തിന്റെ ഗുണം, വില ഇവയോടുള്ള അമർഷം, തൊഴിലാളി സ്ത്രീയായതുകൊണ്ടുള്ള സദാചാരവിലക്കുകൾ, ഇവരുടെ പെരുമാറ്റത്തെയും വേഷത്തെയും കുറിച്ചുള്ള രൂക്ഷമായ വിമർശനങ്ങൾ എന്നിവയൊക്കെ ഭരണഘടന ഉറപ്പാക്കുന്ന വിവേചനരഹിതവും സമത്വപൂർണവുമായ തൊഴിലവസരത്തിന് എതിരാണ്.

ഇപ്പോൾ പാരിപ്പള്ളിയിൽ വഴിയോരക്കച്ചവടത്തിനെത്തിയ അഞ്ചുതെങ്ങ് സ്വദേശിയായ മേരി എന്ന വയോധികയായ മീൻവില്പനത്തൊഴിലാളിയോട് പാരിപ്പള്ളി പോലീസ് സ്റ്റേഷനിലെ നിയമപാലകർ കാണിച്ചിരിക്കുന്ന അക്രമം തൊഴിലിടത്തുനിന്ന് ഉത്പന്നം തട്ടിക്കളഞ്ഞ് തൊഴിൽ തടഞ്ഞതും വഴി ആ സ്ത്രീതൊഴിലാളിക്കുണ്ടായിരിക്കുന്ന സാമ്പത്തികവും സാമൂഹികവുമായ നഷ്ടം മാത്രമല്ല, അവരുടെ മനസ്സിന് ഏല്പിച്ച ക്ഷതവും നീതി ഉറപ്പാക്കേണ്ട സമൂഹം ഓർത്തിരിക്കേണ്ടതാണ്. തൊഴിലിടത്തെ അക്രമം മാത്രമല്ല, സ്ത്രീയോടുള്ള അതിക്രമവും കൂടിയാണ് സംഭവിച്ചിരിക്കുന്നത്. ഇതിന് കാരണക്കാരായവർക്ക് മാതൃകാപരമായി ശിക്ഷ നൽകുന്നതോടൊപ്പം പരമ്പരാഗത മീൻ വില്പനക്കാരായ സ്ത്രീതൊഴിലാളികൾക്ക് സ്വൈര്യമായും ആത്മാഭിമാനത്തോടെയും അവരുടെ തൊഴിൽ ചെയ്യാനും സുരക്ഷിതമായി കുടുംബങ്ങളിലേക്ക് മടങ്ങാനുള്ള സാഹചര്യം ഉറപ്പാക്കേണ്ട ഉത്തരവാദിത്തം പ്രാഥമികമായും ഭരണകൂടത്തിൽ നിക്ഷിപ്തമാണ്.

ഇവർക്കു നേരെയുണ്ടാകുന്ന സാമൂഹികവും ജാതീയവും തൊഴിൽപരവും ലിംഗാധിഷ്ഠിതവുമായ വിവേചനങ്ങൾ ഒരു വികസിത സമൂഹത്തിന്, മതേതര സോഷ്യലിസ്റ്റ് സമൂഹത്തിന് തീർത്തും അനുയോജ്യമല്ലെന്നും ഓർക്കേണ്ടതുണ്ട്. സ്ത്രീ തൊഴിലാളികൾക്ക് അനുയോജ്യമായ ഒരു തൊഴിലിട പദ്ധതി ആലോചിച്ച് നടപ്പിൽവരുത്തുകയും അക്രമവും വൈകാരികതയും വളർത്തി സമൂഹത്തെ പല തട്ടിലായി വിഭജിക്കുന്ന പ്രവണതകൾ അവസാനിപ്പിക്കുകയുമാണ് വേണ്ടത്.

കോവിഡ് വ്യാപനകാലത്ത് പട്ടിണിയിലും ദുരിതത്തിലും തകർന്നിരിക്കുന്ന അടിസ്ഥാനവിഭാഗം ജനങ്ങൾക്ക് ഔദാര്യമോ കാരുണ്യമോ അല്ല വേണ്ടത്. അറിയാവുന്ന തൊഴിൽചെയ്ത് മാന്യമായി ജീവിക്കാനുള്ള മനുഷ്യാവകാശം അംഗീകരിച്ചു കിട്ടുകയാണ് വേണ്ടത്. ■



*മത്സ്യക്കച്ചവടക്കാരായ സ്ത്രീകൾക്കുനേരെയുള്ള പോലീസ് അതിക്രമങ്ങൾ അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പോലീസ് അതിക്രമത്തിനെതിരെ മത്സ്യക്കച്ചവട സ്ത്രീകൾ പ്രതിഷേധിക്കുന്നു*



തിരിച്ചറിവ്

**ഡോ. ഫാ. എ.ആർ. ജോൺ**

# വിലയേറിയ ബാല്യത്തെ നഷ്ടപ്പെടുത്തരുത്

കുഞ്ഞുങ്ങളുടെ വിലയേറിയ ബാല്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇത് വല്ലാതെ സങ്കടപ്പെടുത്തുന്ന ഒരു കാര്യമാണ്; ഒരു പ്രശ്നമാണ്. കുട്ടികളെ കുട്ടികളായി മാത്രം കാണാനും അവരുടെ മനസ്സ് മനസ്സിലാക്കി അവരായിരിക്കാൻ അനുവദിക്കാനും മാതാപിതാക്കളും സമൂഹവും തയ്യാറാകണം. അമിതമായ ആഹാരം നൽകുന്നതും ലാളനകളുടെ അഭാവവും അമിതമായ ലാളനയും നേരത്തെ പ്രായപൂർത്തി ആകുന്നതും അതോടൊപ്പം അവരിൽ സംഭവിക്കുന്ന ഹോർമോൺ വ്യതിയാനങ്ങളും അമിതമായ പ്രതീക്ഷകളെ സാക്ഷാൽക്കരിക്കാൻ അവർ അനുഭവിക്കേണ്ടിവരുന്ന പിരിമുറുക്കവും അവരെന്തായിരിക്കുന്നുവോ അത് ആസ്വദിക്കാൻ കഴിയാതെയും അതിന് കഴിവില്ലാത്തവരായും തീരുന്നു. പൂവിനെ പൂവായിരിക്കാൻ അനുവദിക്കുക, അതിനെ അതിന്റെ നൈസർഗികമായ സൗന്ദര്യത്തോടെ വിടരാൻ അനുവദിക്കുക.

മാതാപിതാക്കൾക്ക് ഒരു ചിന്താപ്രശ്നമുണ്ട്. അത് ആഗ്രഹത്തിന്റെയും പ്രതീക്ഷയുടേതുമാണ്. തങ്ങൾ ആകാൻ ആഗ്രഹിച്ചിട്ടും ആകാത്തവയും, പ്രതീക്ഷയോടെ സ്വപ്നം കണ്ടത് സാധിക്കാത്തതുമായതെല്ലാം അവർ അവരുടെ മക്കളിൽ കാണാൻ ശ്രമിക്കും. 'മിററിംഗ്' എന്ന് മനഃശാസ്ത്രം പറയും. തുടർന്ന് തങ്ങളുടെ മക്കൾ അതെല്ലാം ആകണമെന്ന അമിത ആവേശവും സമ്മർദ്ദവും കുഞ്ഞുങ്ങൾക്ക് നൽകിക്കൊണ്ടിരിക്കും. ഇത് കുട്ടികളുടെ സ്വത്വത്തെയും നൈസർഗിക കഴിവുകളെയും വാസനകളെയും തല്ലിതകർക്കും. അവർക്ക് ആഗ്രഹമോ താല്പര്യമോ വാസനയോ ഇല്ലാത്ത മേഖലകളിൽ അവർ പരാജിതരായിക്കൊണ്ടിരിക്കും. തുമ്പിയെകൊണ്ട് കല്ലെടുപ്പിക്കുന്നത് പോലെ.

പിച്ചവയ്ക്കുന്ന പ്രായത്തിൽ തന്നെ അവരെക്കൊണ്ട് എത്രത്തോളം സംസാരിപ്പിക്കുമോ കളിപ്പിക്കുമോ പാട്ടുപാടിക്കുമോ നടത്തിപ്പിക്കുമോ ഓടാൻ അനുവദിക്കുമോ അത്രത്തോളം കുട്ടികൾ പിന്നീട് വലുതാകുമ്പോൾ സംസാരിക്കും ചിന്തിക്കും വായിക്കും കളിക്കും, കായികക്ഷമതയുള്ളവരാകും കാര്യകാരണങ്ങൾ ഗ്രഹിക്കും. മാതാപിതാക്കളുടെ ഗുണപരമായ കരുതൽ, വാത്സല്യം പ്രോത്സാഹനം, സാന്നിധ്യം കുട്ടികളുടെ ശാരീരിക മാനസിക വൈകാരിക സൗഹൃദം പെരുമാറ്റ വ്യക്തിത്വതലങ്ങളെ ഗുണപ്രദമാക്കും.

കുഞ്ഞുങ്ങളോടൊപ്പം ചെലവഴിക്കുന്ന സമയം കുറയുംതോറും കുടുംബ ബന്ധങ്ങൾ ഉലയുമെന്നതാണ് മനശാസ്ത്ര സത്യം. സമയം ഒറ്റയ്ക്ക് കളിചിരിയില്ലാതെ അവഗണനയിൽ കുഞ്ഞിളം പ്രായത്തിൽ തന്നെ ചെലവഴിക്കേണ്ടിവരുന്ന കുട്ടികളാണ് ഭാവിയിൽ ബഹുതല പ്രശ്നങ്ങൾക്കും സ്വഭാവവൈകല്യങ്ങൾക്കും അടിമകളാകുന്നത്. അതിനാൽ സമയത്തിന്റെ സിംഹഭാഗവും തൊഴിലിനും വിനോദത്തിനും സ്വകാര്യ സന്തോഷത്തിനുമല്ല കുട്ടികളുമായി കുടുംബത്തിലാണ് ചെലവഴിക്കേണ്ടത്.

ഒന്നിച്ച് സമയം ചെലവഴിക്കുക. കുടുംബം ഒന്നിച്ച് കളിക്കുക, വിനോദത്തിലേർപ്പെടുക വീട്ടുജോലികൾ ചെയ്യുക പരിസരം വൃത്തിയാക്കുന്നതും പച്ചക്കറികൾ നട്ടുപിടിപ്പിക്കുന്നതും പൂന്തോട്ടം വച്ചുപിടിപ്പിക്കു



ന്നതും ഒന്നിച്ചാകട്ടെ. അപ്പോൾ ശരീരം പുഷ്ടിപ്രാപിക്കും മനസ്സ് ആനന്ദഭരിതമാകും ജീവിതത്തിന് സംതൃപ്തിയും നിർവൃതിയും അനുഭവപ്പെടും. ഇതിനേക്കാൾ വിലപ്പെട്ട ആനന്ദം മറ്റെന്തുണ്ട്.

സാങ്കേതികവിദ്യകളുടെയും സാമൂഹികമാധ്യമങ്ങളുടെയും അതിപ്രസരവും അമിത ഉപയോഗവും ലഭ്യതയും അനിയന്ത്രിത വൈകാരികതയും കുട്ടികളിൽ സ്ക്രീൻ സമയം വർധിപ്പിച്ചു. അതവരെ ക്ഷീണിതരും നിരാശരും നിർവികാരരും അലസരും ശാരീരിക മാനസിക വൈകല്യങ്ങൾ ഉള്ളവരുമാക്കുന്നു. ഇവിടെ മാതാപിതാക്കൾ സ്വയം തങ്ങളുടെ മക്കളെയോർത്ത് ഇപ്പോൾ ചോദിക്കേണ്ട മൂന്നു ചോദ്യങ്ങളുണ്ടെന്ന് ഫ്രാൻസിസ് പാപ്പ പഠിപ്പിക്കുന്നു. 1. നിങ്ങളുടെ മക്കൾ എവിടെയാണ്? 2. അവർ ആരുടെ കൂടെയാണ്. 3. അവർ ഇപ്പോൾ എന്ത് ചെയ്തുകൊണ്ടിരിക്കുന്നു?

മതാപിതാക്കൾ തമ്മിലുള്ള അകൽച്ച, സംഘർഷങ്ങൾ സ്നേഹക്കുറവ് ഐക്യമില്ലായ്മ അവഗണന ബഹുമാനക്കുറവ് എന്നിവ മുറിവുകൾ നൽകുന്നത് കുട്ടികളുടെ ഹൃദയത്തിലാണ്. അത് ഉണക്കാൻ മാതാപിതാക്കൾ തങ്ങളുടെ ബന്ധം വിളക്കിച്ചേർത്താലും ആകില്ല. കാരണം ചില മുറിപ്പാടുകൾക്ക് അവരുടെ ജീവിതത്തോളം ആയുസ്സുണ്ടായിരിക്കും.

കുഞ്ഞുങ്ങളുടെ മനസ്സ് സ്പോഞ്ച് പോലെയാണ്. ഇതിനെ താബുല രാസ (clean slate) എന്നാണ് ജോൺലോക്ക് വിളിക്കുന്നത്. എന്ത് എഴുതിയാലും സ്പഷ്ടമായിരിക്കും, സ്പോഞ്ചുപോലെ ഒപ്പിയെടുക്കും. മാതാപിതാക്കളുടെ ബോധപൂർവ്വമോ അല്ലാത്തതോ ആയ വാക്ക് പ്രവൃത്തി മനോഭാവം നിലപാട് ഇടപെടൽ പ്രതികരണം എല്ലാം എല്ലാം അതേപടി കുട്ടികൾ ഉള്ളിലെടുക്കും. സ്പോഞ്ചിന് നല്ലവെള്ളം മലിനജലം എന്ന വ്യത്യാസമില്ലല്ലോ.

**കുഞ്ഞുങ്ങളുടെ മൂല്യപരിപോഷണം അതിപ്രധാനമാണ്. കുട്ടികളെ പഠിപ്പിക്കേണ്ടത് മൂല്യബോധമാണ് ജീവിതബോധ്യങ്ങളാണ്. അതിന് മാതാപിതാക്കൾ മൂല്യം പഠിപ്പിക്കുന്ന ജീവിത ശൈലി വളർത്തിയെടുക്കേണ്ടതുണ്ട്. ദുർബലമായ മൂല്യവബോധം കുട്ടികളുടെ ധാർമിക അടിത്തറയെ നിർവീര്യമാക്കും.** Rollow May അദ്ദേഹത്തിന്റെ Mans search for himself എന്ന പുസ്തകത്തിൽ പറയുന്നത് മൂല്യങ്ങൾ പാലിക്കുന്നവർ മൂല്യങ്ങളേക്കാൾ ഉന്നതരാകുമെന്നാണ്.

മക്കളെ നന്നായി വളർത്താൻ മാതാപിതാക്കൾ തങ്ങളുടെ വ്യക്തിത്വവളർച്ചയിൽ ശ്രദ്ധിക്കേണ്ടതുണ്ട്. നല്ല വ്യക്തിത്വമുള്ള മാതാപിതാക്കളുള്ള ഇടമാണ് നല്ല വ്യക്തിത്വമുള്ള മക്കൾ ഉണ്ടാകാനുള്ള ഏറ്റവും വളക്കൂറുള്ള മണ്ണ്.

ആരെയും കൊച്ചാക്കരുത്, വളരെ പ്രത്യേകിച്ച് കുട്ടികളെയും അവരുടെ മുമ്പിൽവച്ച് ആരെയും. മക്കളെ പരസ്പരം താരതമ്യപ്പെടുത്തി ചിലരെ ഉയർത്തുകയോ മറ്റു ചിലരെ ഇകഴ്ത്തുകയോ ചെയ്യരുത്. സ്നേഹമില്ലാതെ തിരുത്താൻ മുതിരരുത്. കഴിവുകൾക്കപ്പുറം പ്രതീക്ഷിക്കരുത്. സ്വപ്നസാക്ഷാൽക്കാരത്തിനായി അവരെ തല്ലിപ്പഴിപ്പിക്കരുത്. അവരുടെ പ്രായത്തിനൊത്തെ വിധം ആരോഗ്യം അനുവദിക്കുന്നതനുസരിച്ച് എല്ലാം സ്വന്തമായി ചെയ്യാൻ അനുവദിക്കണം. നടന്നാൽ വീഴും, വീണോട്ടെ, താങ്ങായി കൂടെയുണ്ടായാൽ മതി. കതിരും പതിരും വേർതിരിച്ചു കൊടുക്കുമ്പോൾ മൂല്യങ്ങളിൽ വെള്ളം ചേർക്കരുത്. യേശുവിന്റെ മാതാപിതാക്കൾ യേശുവിനെ വളർത്തിയതുപോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടെയും പ്രീതിയിൽ മക്കളെ വളർത്തുക. പരീക്ഷയേക്കാൾ ജീവിതവും വിജയത്തേക്കാൾ വിശ്വസ്തതയും അവരെ പഠിപ്പിക്കുക.

യേശു സുവിശേഷത്തിൽ മാതാപിതാക്കളെക്കണ്ട് പഠിക്കുവിൻ എന്നല്ല മറിച്ച് കുഞ്ഞുങ്ങളെ കണ്ട് പഠിക്കുവിൻ, കുഞ്ഞുങ്ങളെ പോലെ ആകുവിൻ, അവരെ പ്രകോപിപ്പിക്കരുത് എന്ന് മാതാപിതാക്കളോടാണ് പറഞ്ഞത്. ■



കഥ

**ബർഗ്മാൻ തോമസ്**

# ആഴങ്ങൾ തേടുന്ന ദൈവം

കടലിലേക്ക് പ്രാർത്ഥനയോടെ നിൽക്കുന്ന കന്യാമറിയം പള്ളി. ദൈവം കവാത്തിനിറങ്ങിയ ഞായറാഴ്ച പ്രഭാതം.

അഴകി അപ്രത്യക്ഷയായ മൂന്നാമത്തെ പകൽ.

യാത്രയുടെ മൂന്നാം ഖണ്ഡം.

മ്ലാനിയായി പള്ളിമുറ്റത്തെ പടികളിലൊന്നിലിരുന്നു മനിതൻ.

കുമ്പിട്ട കൈകളോടെ പള്ളിയിലേക്ക് ആദ്യം വന്നതും അയാളായിരുന്നു. കപ്യാർ ഗോപുരമുകളിലെ പള്ളിമണിയിൽ പൂജാമണി കൊട്ടി.

പള്ളിമേലാപ്പിലെ പ്രാവുകൾ പറന്നുയർന്നു. പ്രാക്കിട്ട് എങ്ങോ പറന്നു.

ഓയ്, മനിതനേ... ദീനതയോടെ ആരോ വിളിക്കുകയാണ്. അയാൾ തല ഉയർത്തി.

മുന്നിൽ കപ്യാർ. ശോഷിച്ച, പഴകിയ വസ്ത്രമണിഞ്ഞ, പരശ്ശതം മനുഷ്യദുരിതങ്ങൾ കണ്ടു കരുവാളിച്ച, പ്രാക്തനമായ ഒരു രൂപം.

കപ്യാർ, നോവിന്റെ ലുത്തീനിയകൾക്ക് മണികൊട്ടുന്ന ജന്മം.

മനിതനെത്തന്നെ നോക്കിനിന്നു കപ്യാർ. കപ്യാർ ഒന്നും ചോദിച്ചില്ല. അയാളും ഒന്നും പറഞ്ഞില്ല. രണ്ടുമൗനം, വാചാലം.

ദുഃഖഭരിതമായ ഒരു കാറ്റ് ഇരുവരുടേയും തലയ്ക്കുമീതെകൂടി വട്ടമിട്ടുപോയി.

ഉയരെ ഗോപുരമുകളിൽ, പള്ളിമണി സ്വയം മീട്ടി ഒരു വ്യാകുലസ്വനം.

മനിതന്റെ വിചാരധാരപോലെ, അതെ, പള്ളിയോടുചേർന്ന മേടയിൽ നിന്നും ഇറങ്ങിവന്നു കുന്തിരിക്കത്തിന്റെ ഗന്ധംപോലെ പുരോഹിതൻ. മനിതനെക്കണ്ട് ഒരു നിമിഷം നിശ്ചലനായി. പതിയെ നെഞ്ചിലെ ജപമാലയിൽ തൂങ്ങിക്കിടന്ന കുരിശിൽ തൊട്ടു. ശുഭവാർത്ത വല്ലതും? അച്ഛൻ ചോദിച്ചു. അഴകിയെ കാണാതായ അന്നുസന്ധ്യയിൽ ഓടിയിരച്ച് മേടയിൽ ചെന്നതായും തിരുവചനങ്ങളുരുവിട്ട് നെറുകയിൽതൊട്ട് സാന്ത്വനിപ്പിച്ചതായും അപ്പോൾ മനിതൻ വിചാരംകൊണ്ടു. വഴിതെറ്റിയതാവും വഴിയറിഞ്ഞ് മോളുവരും, പ്രാർഥിക്കാം എന്ന് അച്ചൻ പറഞ്ഞതായും നിനച്ചു. ശുഭവാർത്ത വല്ലതും? മൗനിയായ അയാളെ നോക്കി അച്ചൻ വീണ്ടും ചോദിച്ചു. അയാൾ ഒന്നും പറഞ്ഞില്ല. മോളു വരും, അച്ചൻ അയാളെ ആശ്വസിപ്പിക്കാനെന്നോണം പറഞ്ഞു. ഇന്നത്തെ ദിവ്യബലിമധ്യേ പ്രത്യേകമായി പ്രാർത്ഥിക്കാം എന്നും അച്ചൻ പറഞ്ഞു. അപ്പോഴും ഒന്നും ഉരിയാടാതെ മനിതൻ. കാരണം വാക്കുകൾ ഉള്ളിൽ ഘനീഭവിച്ചുകിടക്കുകയാണ്. സന്താപമായി, സങ്കടമായി... മനിതന്റെ നെറ്റിയിൽ കുരിശടയാളം വരച്ചു അച്ചൻ; സമാധാനപ്പെടുക, വിളിച്ചപേക്ഷിക്കുന്നവനെ ദൈവം ഒരുനാളും കൈവിടുകയില്ല. ശേഷം, അച്ചൻ അൾത്താരയിലേക്കുപോയി.

മനിതന്റെ ബോധധാരപോലെ അതെ, പരിശുദ്ധകുർബാന കൈക്കൊള്ളാൻ പള്ളിയിലേക്ക് ധൃതിവച്ചെത്തുകയായി ഇടവകജനം. പള്ളിമുറ്റത്തിരിക്കുന്ന അയാളെ അവർ, ഭക്തജനം കണ്ടു. അയാളിലേക്ക് ഒച്ചവച്ചു;

മനിതാ ഞങ്ങളും പ്രാർത്ഥിക്കാം...

മനിതാ ഞങ്ങളും പ്രാർത്ഥിക്കാം...

മനിതാ ഞങ്ങളും പ്രാർത്ഥിക്കാം...

ശേഷം ഏവരും പള്ളിക്കുള്ളിലേക്ക് ധൃതിവച്ചുപോയി.

ഉള്ളം നൊന്ത് മനിതനിരുന്നു.

പള്ളിയുടെ മുന്നിലെ കുരിശടിപ്പടിയിൽ കത്തിച്ചുവച്ച പല നിറങ്ങളിലുള്ള അനേകം മെഴുകിരികൾ.

ദുഃഖദുരിതങ്ങളുടെ മെഴുതിരിനാളങ്ങളെ നോക്കിയിരുന്നു.

പള്ളിയിൽ വാദ്യഘോഷങ്ങളോടെ ഗായകസംഘം പാട്ട് ആരംഭിക്കുകയായി.

അഴകിയെ വിചാരിച്ചു, ഞായറാഴ്ചകളിൽ അഴകിയുമൊത്ത് പള്ളിയിൽ വരുന്നതായും, അതൊരു സാധ്യതയായും. ദൈവം എന്നാൽ എന്താണ് അവൾ ചോദിക്കും. വാസ്തവം അതിന്റെ ഉത്തരം അറിയില്ല. എങ്കിലും ദൈവം എന്നത് എല്ലാ ചോദ്യങ്ങൾക്കും ഉത്തരങ്ങൾക്കും അപ്പുറത്താണ്, സ്വയം ഒരു ഉത്തരം കണ്ടെത്തി പറയും എന്നും വിചാരിച്ചു. അഴകിയെ നിനച്ച അതേ നിമിഷം മനതാരിൽ അവളുടെ അമ്മയും വന്നു. അഴകിയുടെ അമ്മ! അവൾ എവിടെയായിരിക്കും? സെമിത്തേരിയിലാവും. അയാൾ തന്നെ അതിനുള്ള ഉത്തരവും കണ്ടെത്തി. ഇപ്പോൾ മനിതൻ പള്ളിവളപ്പിലെ സെമിത്തേരി കാണുകയാണ്. അനേകം കുഴിമാടങ്ങൾ. അവിടെയുണ്ട്, മനിതി എന്നെഴുതിയ മരക്കുരിശ്. അയാൾക്കറിയാം, കുരിശുനട്ട ആ കുഴിമാടത്തിൽ അന്ത്യവിശ്രമംകൊള്ളുന്നത് അയാളുടെ ഭാര്യ മനിതിയാണ്. പതിനേഴു വർഷങ്ങൾക്കു മുൻപ്, അഴകിയെ പെറ്റ പാടെ മരണംപൂകിയവൾ. മനിതിയേ, കുഴിമാടത്തിലെ കുരിശിനെ നോക്കിയെന്നപോൽ അയാൾ പുലമ്പുകയാണ്: നമ്മുടെ മോൾ അഴകിയെ നീ കണ്ടിട്ടില്ല, നിനക്കതിനുള്ള ഭാഗ്യമുണ്ടായില്ല. ഗർഭപാത്രത്തിൽ പത്തുമാസം ചുമക്കുക, ഈറ്റുനോവ് അനുഭവിച്ച് പ്രസവിക്കുക, പ്രസവാനന്തരം മരിച്ചുപോവുക, നീ എത്ര നിർഭാഗ്യവതിയാണ്. നിനക്കറിയുമോ? അവൾ വളർന്നു വലുതായി, പതിനേഴുകാരിയായി, അയാൾ നിർത്താതെ പുലമ്പുകയാണ്... നിങ്ങക്കെന്താ പ്രാന്തായാ, നമ്മക്ക് എപ്പോ മോളൊണ്ടായി. നിങ്ങക്ക് ഞാനറിയാതെ വേറെ ബന്ധം ഒണ്ടായോ? മനിതി ചോദിക്കുകയാണ്... നീ എന്ത് ഇങ്ങനെ പറയുന്ന്, നമുക്കൊരു മോളുണ്ടായി. അവളുടെ പേര് അഴകി എന്നാണ്. അവൾ ജനിച്ചനേരം വെളുത്തവാവായിരുന്നു. ആകാശത്ത് പൂർണമാസിയായിരുന്നു. അവളെ പ്രസവിച്ചതും നീ മരണപ്പെട്ടു. അയാൾ ദുഃഖിതനാവുകയാണ്... നീയറിഞ്ഞോ? കോളേജിൽ പോയ നമ്മുടെ മോൾ മടങ്ങിവന്നിട്ട് ഇന്ന് മൂന്നുദിവസമായിരിക്കുന്നു, അയാളുടെ നെഞ്ചിലെ ദുഃഖം കനക്കുകയാണ്... അല്ല, മരിച്ചുപോയവർ എന്തറിയാനാണ്? പറയാനുദ്ദേശിച്ച് പറയാനാകാതെ അയാൾ പിന്തിരിയുകയാണ്...

'നമ്മുടെ മരിച്ചവർ നാം അവരെ മറക്കുവോളം നമുക്ക് മരിച്ചവരല്ല' എന്ന് പറഞ്ഞിട്ടുണ്ട്, ജോർജ് ഏലിയറ്റ്.

ഓരോരോ വിചാരങ്ങളുമായി, മുന്നിൽ വീണുകിടന്ന അയാളുടെ തന്നെ വ്യസനങ്ങളുടെ നിഴൽപ്പാടിലേക്ക് നോക്കിയിരുന്നു മനിതൻ. പള്ളിയിലെ കുരിശുമരണകാലത്തെ 'മരമണി'യുടെ മുഴക്കംപോലെ എന്തോ മൂളിക്കൊണ്ട് കുരിശടിയുടെ മുകളിലെ കുരിശിന്റെ നെറുകയിൽ പക്ഷിയും.

തകർന്ന ഒരാത്മാവുപോലെ കുരിശടിയിലെ മെഴുതിരിനാളങ്ങൾ വിറച്ചു.

പള്ളിയിൽ പുരോഹിതൻ പ്രാർത്ഥിക്കുകയാണ്... 'നമുക്കുവേണ്ടി പീഡകൾ സഹിക്കുകയും, മരിക്കുകയും, ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത' ലോകത്തിലെ വേദനയനുഭവിക്കുന്ന എല്ലാവർക്കും വേണ്ടി ഉച്ചത്തിൽ പ്രാർത്ഥിക്കുകയാണ്... ഭക്തർ പ്രാർത്ഥന അത്യുച്ചത്തിൽ ഏറ്റുചൊല്ലുവകയാണ്...

എല്ലാ പ്രാർഥനയും സർവശക്തനായ ദൈവം കേൾക്കുമാറാകട്ടെ!

അയാൾ എഴുന്നേറ്റു.

പുരോഹിതനില്ല.

ഗായകസംഘമില്ല.

ഭക്തജനമില്ല.

കുന്തിരിക്കത്തിന്റെ ധൂപഗന്ധമില്ല.

സെമിത്തേരിയില്ല, അതിനാൽ മനിതിയുമില്ല.

പള്ളി ഇപ്പോൾ മനിതന്റെയുള്ളിലാണ്.

ഉള്ളിലെ പള്ളിയുടെ ഏകാന്തതയിലിരുന്ന് ഒരു മനുഷ്യാത്മാവ് കേഴുകയാണ്;

'ആഴങ്ങൾ തേടുന്ന ദൈവം
ആത്മാവേ നേടുന്ന ദൈവം
ആഴത്തിൽ അനന്തമാം ദൂരത്തിൽ നിന്നെന്റെ
അന്തഃരംഗം കാണും ദൈവം...'





ആഗസ്റ്റ് 15

# മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ

# നാല് മരിയൻ വിശ്വാസ സത്യങ്ങൾ

## എന്താണ് വിശ്വാസസത്യങ്ങൾ ?

**സഭ ഔദ്യോഗികമായി അംഗീകരിച്ചതും ദൈവികമായി വെളിപ്പെടുത്തപ്പെട്ടതുമായവ.**

- വിശുദ്ധ ഗ്രന്ഥത്തിലൂടെയും വിശുദ്ധപാരമ്പര്യത്തിലൂടെയുമാണ് വെളിപ്പെടുത്തപ്പെടുന്നത്.
- തെറ്റാവരമുപയോഗിച്ച് പരിശുദ്ധ സിംഹാസനം പ്രഖ്യാപിച്ചതാണ് ഔദ്യഗികമായി അംഗീകരിച്ചവ.

### മറിയം ദൈവമാതാവ്

(Theotokos)

എ.ഡി. 431 ലെ എഫെസൂസ് സൂനഹദോസിൽ വച്ച് പ്രഖ്യാപിച്ചു.

"മറിയം ഉറപ്പായും ദൈവമാതാവാണ് എന്തുകൊണ്ടെന്നാൽ അവൾ മനുഷ്യനായവതരിച്ച ദൈവം തന്നെയായ ദൈവപുത്രന്റെ അമ്മയാണ്."

കത്തോലിക്കാ സഭാ മതബോധന ഗ്രന്ഥം – 509

### മറിയം – നിത്യ കന്യക

(Aeiparthenos)

553ലെ അഞ്ചാം കോൺസ്റ്റാന്റിനോപ്പിൾ സുനഹദോസിൽ വച്ച് പ്രഖ്യാപിച്ചു.

"ക്രിസ്തുവിന്റെ ജനനം മറിയത്തിന്റെ കന്യകാത്വത്തിന്റെ പൂർണ്ണത നഷ്ടപ്പെടുത്തുകയല്ല, അത് വിശുദ്ധീകരിക്കുകയാണ് ചെയ്തത്"

കത്തോലിക്കാ സഭാ മതബോധന ഗ്രന്ഥം – 499

### മറിയം – അമലോത്ഭവ

1854 – ൽ ഇനെഫാബിളിസ് ദേവൂസ് എന്ന തിരുവെഴുത്തിലൂടെ ഒമ്പതാം പീയൂസ് പാപ്പാ പ്രഖ്യാപിച്ചു.

"പരിശുദ്ധ അമ്മ താൻ ഉരുവായ നിമിഷം മുതൽ തന്നെ ദൈവികകൃപയാലും അനുഗ്രഹങ്ങളാലും മനുഷ്യ വംശത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ ഗുണങ്ങളുടെ പ്രത്യേകതകളാലും സകലവിധ പാപമാലിന്യങ്ങളിൽ നിന്നും കാത്തുസംരക്ഷിക്കപ്പെട്ടു"

കത്തോലിക്കാ സഭാ മതബോധന ഗ്രന്ഥം – 491

### മറിയം – സ്വർഗ്ഗാരോപിത

1950 – ൽ മുണിഫിച്ചെന്തെസിമൂസ് ദേവൂസ് ചാക്രിക ലേഖനത്തിലൂടെ പന്ത്രണ്ടാം പീയൂസ് പാപ്പാ പ്രഖ്യാപിച്ചു.

"എല്ലാവിധ ഉത്ഭവ പാപങ്ങളിൽ നിന്നും മുക്തയായിരുന്ന അമലോത്ഭവമാതാവ് അവരുടെ ഇഹലോകവാസം അവസാനിച്ചപ്പോൾ ആത്മശരീരങ്ങളോടുകൂടെ സ്വർഗ്ഗമഹത്വത്തിലേക്ക് ഉയർത്തപ്പെട്ടു"

കത്തോലിക്കാ സഭാ മതബോധന ഗ്രന്ഥം – 966



ലേഖനം

ഇഗ്നേഷ്യസ് ലയോള

# മതബോധന അദ്ധ്യാപകർ അയലത്തെ വിശുദ്ധർ

ഫ്രാൻസിസ് പാപ്പയുടെ അപ്പസ്തോലിക ശുശ്രൂഷയുടെ 9-ാം വർഷം 2021 മേയ് മാസം 10-ാം തീയതി പുരോഹിതനും തിരുസഭയുടെ വേദപാരംഗതനുമായ ആവിലായിലെ വിശുദ്ധ യോഹന്നാന്റെ തിരുന്നാൾ ദിനത്തിൽ, മതാദ്ധ്യാപകരുടെ ശുശ്രൂഷയെ സഭയിലെ ഒദ്യോഗിക ദൗത്യമായി ഉയർത്തിക്കൊണ്ട് "അന്തികും മിനിസ്റ്റേരിയും (പുരാതന ശുശ്രൂഷ)" എന്ന സ്വയാധികാര പ്രബോധനം ("മോത്തു പ്രോപ്രിയോ") അപ്പോസ്തോലിക പ്രബോധനത്തിലൂടെ പുറത്തിറക്കുകയുണ്ടായി

വിശുദ്ധ പൗലോസ് അപ്പസ്തോലൻ കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ "ദൈവം സഭയിൽ ഒന്നാമത് അപ്പസ്തോലന്മാരേയും, രണ്ടാമത് പ്രവാചകന്മാരേയും, മൂന്നാമത് പ്രബോധകരേയും"നിയമിച്ചിരിക്കുന്നു (12:28) എന്ന വചനത്തെ ആസ്പദമാക്കി "പ്രബോധകർ" എന്ന രീതിയിലാണ് ആത്മായ വിശ്വാസിയുടെ അജപാലനത്തെ "മോത്തു പ്രോപിയോ"യിൽ വിശദീകരിക്കുന്നത്. **മതാദ്ധ്യാപനത്തെ പുതിയൊരു അൽമായ ശുശ്രൂഷയായി സ്ഥാപിക്കുന്നതുവഴി ഓരോ ക്രൈസ്തവ വിശ്വാസിയുടേയും പ്രേഷിത ദൗത്യത്തെ അടിവരയിട്ട് ഉറപ്പിക്കുന്നതാണെന്നും, പൗരോഹിത്യ ശുശ്രൂഷയിൽ നിന്ന് വ്യത്യസ്തമായി അവരിത് സാമൂഹിക ജീവിതത്തിൽ സാക്ഷാത്ക്കരിക്കണമെന്നും ഫ്രാൻസിസ് പാപ്പ അന്തികും മിനിസ്റ്റേരിയും എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ വ്യക്തമാക്കുന്നു.** 49 വർഷങ്ങൾക്കു മുൻപ് 1972-ൽ പോൾ ആറാമൻ പാപ്പയാണ് മതാദ്ധ്യാപക ദൗത്യം ഒരു ശുശ്രൂഷയായി പരിഗണിക്കണമെന്ന് ആദ്യം നിർദ്ദേശിച്ചത്.

അന്തീകും മിനിസ്റ്റേരിയും എന്ന അപ്പസ്തോലിക ലേഖനം ഉപസംഹരിച്ചുകൊണ്ട് പരിശുദ്ധ ഫ്രാൻസിസ് പാപ്പ മതാദ്ധ്യാപകരെക്കുറിച്ച് വ്യക്തമാക്കിയിരിക്കുന്നത്. **"അയലത്തെ വിശുദ്ധർ"** എന്നാണ്. മാമ്മോദീസയിലൂടെ വിശ്വാസമെന്ന ദൈവികദാനം സ്വീകരിച്ചവർക്ക് വിശ്വാസ വളർച്ചയും, പക്വത പ്രാപിക്കലും ലക്ഷ്യമാക്കിക്കൊണ്ട്, വചനമാകുന്ന ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞ്, അവ വിശ്വാസ കൈമാറ്റ പ്രക്രീയയിലൂടെ നൽകുന്നതിന് നേതൃത്വം നൽകുന്നവരാണ് മതബോ

ധന അദ്ധ്യാപകർ. ഈ സഭ ശുശ്രൂഷയാണ് മതബോധനം. ബൈബിൾ, പാരമ്പര്യം, പ്രബോധനം, ആരാധനാക്രമം, സഭാപഠനം തുടങ്ങിയവയാണ് മതബോധനത്തിന്റെ പ്രധാന സ്രോതസ്സുകൾ.

മതബോധന അദ്ധ്യാപകരാകുന്നതിനുള്ള യോഗ്യതകളെക്കുറിച്ചും അന്തീകുവും മിനിസ്റ്റേരിയും എന്ന അപ്പസ്തോലിക ലേഖനത്തിൽ ഫ്രാൻസിസ് പാപ്പ വിശദീകരിക്കുന്നുണ്ട്.

- ❖ സഭയെ സേവിക്കുവാൻ താൽപര്യമുള്ളവർ, ആഴത്തിൽ വിശ്വാസമുള്ളവർ, പക്വതയോടെയും മനുഷ്യത്വത്തോടെയും ജീവിതം നയിക്കുന്നവർ.
- ❖ ബൈബിളിലും ദൈവശാസ്ത്രത്തിലും അജപാലനത്തിലും (സഭാപരമായ കാര്യങ്ങളിലും) പരിശീലനം ലഭിച്ചവർ.
- ❖ മതബോധനത്തിൽ പ്രാഥമികമായ പരിചയം ഉള്ളവർ. സഭാപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നവർ.

മനുഷ്യവർഗ്ഗത്തിലെ എല്ലാ വിഭാഗങ്ങളിലും ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുകയും, അതിന്റെ പ്രചോദനം വഴി മാനവസമൂഹത്തെ ആന്തരികമായി രൂപാന്തരപ്പെടുത്തുകയും നവീകരിക്കുകയുമെന്ന സുവിശേഷവൽക്കരണ ദൗത്യമാണ് ചെയ്യുന്നത്. മതബോധന അദ്ധ്യാപകർ മറ്റു അദ്ധ്യാപകരിൽ നിന്നും വിഭിന്നമായി ലോകത്തിന്റെ അറിവ് പകർന്നു നൽകുന്നതിനേക്കാൾ, വിശ്വാസം ആഴപ്പെടുത്തി, പാരമ്പര്യം കൈമാറി സഭാജീവിതത്തിൽ പങ്കുചേർന്നുകൊണ്ട് എല്ലാവരേയും വിശുദ്ധിയിലേക്ക് നയിക്കേണ്ടവരാണ്. ധാർമിക ജീവിതത്തിലൂടെയും ആരാധനാ പങ്കാളിത്തത്തിലൂടെയും, പ്രാർഥനയിലൂടേയും സാക്ഷ്യം നൽകി മാതൃകയാകേണ്ടവരാണ്. ക്രൈസ്തവ സമൂഹത്തിന് സേവകരായി മാറുന്ന ഇത്തരം മതബോധന അദ്ധ്യാപകർ സഭയ്ക്ക് എക്കാലത്തും ഒരു അനുഗ്രഹമാണ്.

“സഭയുടെ കഷ്ടകാലങ്ങളിൽ സഭയെ സഹായിക്കുവാൻ ദൈവകടാക്ഷത്തിൽ അയക്കപ്പെടുന്ന സവിശേഷ വ്യക്തിത്വങ്ങളിൽ ഒരു ഉന്നതമായ സ്ഥാനം” ബ്രിന്തിസിയിലെ വി. ലോറൻസിനുണ്ടെന്ന് ബനഡിക്ട് പതിനഞ്ചാമൻ പാപ്പ അഭിപ്രായപ്പെടുകയുണ്ടായി. എന്നതുപോലെ സഭയിൽ ചിട്ടയായ വിശ്വാസപരിശീലന കൈമാറ്റ പ്രക്രിയയിലൂടെ തലമുറകളെ വിശുദ്ധിയിലേക്ക് നയിക്കുന്നതിനുള്ള ഉത്തരവാദിത്വം മതബോധന അദ്ധ്യാപകർക്കുണ്ടെന്നുള്ള യാഥാർത്ഥ്യം ഈ അവസരത്തിൽ ഓർക്കുന്നത് നല്ലതായിരിക്കും.

ഫ്രാൻസിസ് പാപ്പയുടെ “ആനന്ദിച്ച് ആഹ്ലാദിക്കുവിൻ” എന്ന അപ്പസ്തോലിക ഉദ്ബോധനത്തിൽ “പരിശുദ്ധാത്മാവ് ദൈവത്തിന്റെ വിശുദ്ധരും വിശ്വസ്തരുമായ ജനങ്ങളുടെയിടയിൽ സമൃദ്ധമായി വിശുദ്ധി പ്രദാനം ചെയ്യുന്നു. എന്തെന്നാൽ, തമ്മിൽ ഒരു ബന്ധവുമില്ലാത്ത വ്യക്തികൾ എന്ന നിലയിലല്ലാതെ, സത്യത്തിൽ ദൈവത്തെ അംഗീകരിക്കുകയും, വിശുദ്ധിയിൽ അവിടത്തെ ശുശ്രൂഷിക്കുകയും ചെയ്യുന്ന ഒരു ജനത എന്ന നിലയിൽ, സ്ത്രീ പുരുഷന്മാരെ വിശുദ്ധരാക്കുന്നതിനും, അവരെ രക്ഷിക്കുന്നതിനും ദൈവം പ്രസാദിച്ചിട്ടുണ്ട്” (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, 6) എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

“ഓരോരുത്തരും അവന്റെ അല്ലെങ്കിൽ അവളുടെ സ്വന്തം മാർഗ്ഗത്തിൽ വിശുദ്ധരായി തീരട്ടെ” (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, 11) എന്ന വത്തിക്കാൻ കൗൺസിൽ വ്യക്തമാക്കുകയും ചെയ്യുന്നു. പാദുവയിലെ വി. അന്തോനീസും വി. ഫ്രാൻസിസ് സേവ്യറും വി. മദർ തെരേസയും അവരുടെ സ്വന്തം മാർഗ്ഗങ്ങളിലൂടെ ക്രിസ്തുവിനെ (വിശ്വാസ കൈമാറ്റ പ്രക്രിയയിലൂടെ) പകർന്നു നൽകികൊണ്ട് വിശുദ്ധരായവരാണ്. ഫ്രാൻസിസ് പാപ്പയുടെ “അന്തീകുവും മിനിസ്റ്റേരിയും” എന്ന അപ്പല്തോലിക ലേഖനത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് മതബോധന അദ്ധ്യാപകർ അയലത്തെ വിശുദ്ധരാണെന്ന ബോധ്യത്തോടെ യേശുക്രിസ്തുവിന്റെ ദൈവരാജ്യ പ്രബോധനം ശരിയായ രീതിയിൽ മനസിലാക്കി, വിശ്വാസം പകർന്നു നൽകുന്നതിനും, എല്ലാവരേയും വിശുദ്ധിയിലേക്ക് നയിക്കുന്നതിനും പരിശ്രമിക്കേണ്ടവരാണെന്നത് മറക്കാതിരിക്കാം. ■






## മുത്തശ്ശി– മുത്തശ്ശ ദിനാചരണം

തിരുവനനന്തപുരം: പരിശുദ്ധ കന്യകാ മറിയത്തിന്റെ മാതാപിതാക്കളും യേശുവിന്റെ മുത്തച്ഛനും മുത്തശ്ശിയുമായ വിശുദ്ധ യൊവാക്കിം, അന്ന എന്നിവരുടെ തിരുനാളിനോടനുബന്ധിച്ച് കുടുംബ വർഷത്തിൽ ഫ്രാൻസീസ് പാപ്പ ആഹ്വാനം ചെയ്ത മുത്തശ്ശി-മുത്തശ്ശ പ്രഥമ ദിനാചരണം അതിരൂപതയിലെ വിവിധ ഇടവകകളിൽ ആഘോഷിച്ചു.

മുത്തശ്ശി-മുത്തശ്ശന്മാർക്കായി ദേവാലയങ്ങളിൽ ദിവ്യബലിയും പ്രത്യേക പ്രാർഥനകളും ആദരിക്കൽ ചടങ്ങുകളും ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടു.

അതിരൂപതാ കുടുംബശുശ്രൂഷാ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട മുത്തശ്ശി-മുത്തശ്ശ ദിനാഘോഷത്തിന്റെ ഭാഗമായി കുടുംബങ്ങളിൽ പ്രത്യേക ആഘോഷങ്ങളും നടന്നു. കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് പ്രാർത്ഥിച്ചും ഭക്ഷണം കഴിച്ചും സമ്മാനങ്ങൾ വിതരണം ചെയ്തുമാണ് മുത്തശ്ശി-മുത്തശ്ശ ദിനാഘോഷത്തെ അർത്ഥവത്താക്കിയത്.

ദിനാചരണത്തോടനുബന്ധിച്ച് അതിരൂപത കുടുംബ ശുശ്രൂഷയും മീഡിയാ കമ്മിഷനും സംയുക്തമായി സംഘടിപ്പിച്ച മുത്തശ്ശി-മുത്തശ്ശന്മാരുടെ ദിനാഘോഷത്തിന്റെ ചിത്രങ്ങളയച്ച് 'ചിത്രങ്ങൾ അയക്കൂ സമ്മാനം നേടൂ' എന്ന മത്സരത്തിൽ ഞാണ്ടൂർക്കോണം ഇടവകാംഗം റോസമ്മ, കുശവർക്കൽ ഇടവകാംഗം ജേക്കബ്, കാരയ്ക്കാമണ്ഡപം ഇടവകാംഗം അലക്സ് എന്നിവർ അയച്ച ചിത്രങ്ങൾ യഥാക്രമം ഒന്നും രണ്ടും മൂന്നാം സമ്മാനങ്ങൾക്ക് അർഹമായി. കാർമ്മലി-മണക്കാട്, ധന്യ ഷൈജു-പരുത്തിയൂർ, വിൽഫ്രഡ്-മണക്കാട്, ജിൻസി -പുന്നയ്ക്കാമുഗൾ, നോബിൾ നോബർട്ട് - വവ്വാമൂല എന്നിവർ പ്രോത്സാഹന സമ്മാനങ്ങളും നേടി.







*'ചിത്രങ്ങൾ അയക്കൂ സമ്മാനം നേടൂ' മത്സരത്തിൽ സമ്മാനാർഹമായ ചിത്രങ്ങൾ യഥാക്രമം*

## തീരശോഷണവും സംരക്ഷണവും: ചർച്ച സംഘടിപ്പിച്ചു

തിരുവനന്തപുരം: തീരശോഷണവും സംരക്ഷണവും എന്ന വിഷയത്തെക്കുറിച്ചുള്ള ചർച്ചയ്ക്കും അഭിപ്രായ സമന്വയത്തിനുമായി പൂന്തുറ ഇടവക, വലിയതുറ ഫൊറോന, ഇടവക വികാരിമാർ, ഇടവകകളിൽ നിന്നുള്ള ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ചർച്ച സംഘടിപ്പിച്ചു. ടിഎസ്എസ്എസ് ഗോൾഡൻ ജൂബിലി ഹാളിൽ നടന്ന യോഗം ബിഷപ്പ് ഡോ. ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്തു. ഫിഷറീസ് മിനിസ്ട്രി ഡയറക്ടർ ഫാ. ഷാജൻ ജോസ്, മോൺ. യൂജിൻ എച്ച്. പെരേര, മോൺ. ജെയിംസ് കുലാസ് എന്നിവർ പങ്കെടുത്തു.



*തിരുവനന്തപുരം പ്രസ്സ് ക്ലബിൽ പൊതുദർശനത്തിനുവച്ച ഫാ. സ്റ്റാൻ സ്വാമിയുടെ ചിതാഭസ്മത്തിൽ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം പുഷ്പാർച്ചന നടത്തുന്നു*

# സ്റ്റാൻ സ്വാമിയുടെ മരണം: രക്തസാക്ഷിത്വം

തിരുവനന്തപുരം: സത്യത്തിന് സാക്ഷ്യം വഹിക്കാൻ വന്ന യേശുവിനെ പിന്തുടർന്ന് പാവപ്പെട്ടവർക്കു വേണ്ടി സ്വയം സമർപ്പിച്ച് കഷ്ടതകളും പീഡനങ്ങളും ഏറ്റുവാങ്ങി സത്യത്തിന് സാക്ഷ്യം വഹിച്ച മഹാത്മാവാണ് ഫാ. സ്റ്റാൻ സ്വാമിയെന്ന് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു.

മാനുഷിക മൂല്യങ്ങൾക്കും അടിച്ചമർത്തപ്പെട്ടവരുടെയും പാവങ്ങളുടെയും അവകാശങ്ങൾക്ക് വേണ്ടിയും ത്യാഗപൂർണമായ പോരാട്ടങ്ങളാണ് ഫാ. സ്റ്റാൻ സ്വാമി നടത്തിയത്. ഒരു സാമൂഹിക പ്രവർത്തകനെന്നതിലുപരി ഒരു പുരോഹിതനായിരുന്നു സ്റ്റാൻസ്വാമി. ആ നിലയിൽ യേശുവിന് വേണ്ടി സ്വജീവൻ പൂർണമായി സമർപ്പിക്കുകയായിരുന്നുവെന്നും ക്രിസ്തുവിനുവേണ്ടി മരിക്കുന്നവരൊക്കെ രക്തസാക്ഷികളാണെന്നും, ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന നിരവധിയായ മനുഷ്യാവകാശ ലംഘനങ്ങൾക്ക് അറുതിവരുത്താൻ രക്തസാക്ഷിയായ സ്റ്റാൻ സ്വാമിയോട് താൻ പ്രാർഥിക്കാറുണ്ടെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു.

തിരുവനന്തപുരം പ്രസ്ക്ലബിലെത്തിച്ച് പൊതുദർശനത്തിനുവച്ച സ്റ്റാൻ സ്വാമിയുടെ ചിതാഭസ്മത്തിൽ ആദരാഞ്ജലികൾ അർപ്പിച്ച് സംസാരിക്കുകയായിരുന്നു മെത്രാപ്പൊലീത്ത. അതിരൂപതാ സഹായമെത്രാനും സ്റ്റാൻ സ്വാമിക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

എറണാകുളത്തുനിന്ന് പാളയത്തുള്ള ഐക്കഫ് സെന്ററിലും തുടർന്ന് പാളയം രക്തസാക്ഷസാക്ഷി മണ്ഡപത്തിലും എത്തിച്ച ചിതാഭസ്മം തിരുവനന്തപുരം നഗരസഭാധ്യക്ഷ ആര്യാ രാജേന്ദ്രൻ ഏറ്റുവാങ്ങി. തുടർന്ന് പ്രസ് ക്ലബ് ഹാളിൽ പൊതുദർശനത്തിന് വച്ച സ്റ്റാൻ സ്വാമിയുടെ ചിതാഭസ്മത്തിൽ രാഷ്ട്രീയ സാമൂഹിക രംഗത്തെ നിരവധിപ്പേർ ആദരാഞ്ജലി അർപ്പിച്ചു. കെസിവൈഎം, കെഎൽസിഎ പ്രതിനിധികളും ആദരാഞ്ജലി അർപ്പിച്ചു.

# വിദ്യാഭ്യാസ ശുശ്രൂഷ വെബിനാർ സംഘടിപ്പിച്ചു

തിരുവനന്തപുരം: അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ എസ്എസ്എൽസി, +2 വിദ്യാർത്ഥികൾക്കായി 'Difficult Roads Leads to Beautiful Destination' എന്ന പേരിൽ വെബിനാറുകൾ സംഘടിപ്പിച്ചു. അതിരൂപതയിലെ ഒൻപതു ഫെറോനകൾക്കായി ഒൻപതു ദിവസം നീണ്ടു നിന്ന ഈ വെബിനാർ ക്ലാസ്സുകൾ ഗൂഗിൾ പ്ലാറ്റ്ഫോം മുഖേനയാണ് നടത്തിയത്.

ജൂൺ മാസം 15 മുതൽ 18 വരെയും 20 മുതൽ 24 വരെയും രണ്ടു ഘട്ടങ്ങളായി നടന്ന വെബിനാറിൽ പോൾസൺ എ, സ്റ്റാലിൻ ജി. അലക്സാണ്ടർ എന്നിവർ എസ്എസ്എൽസി, +2 വിദ്യാർത്ഥികൾക്കായുള്ള കരിയർ ഗൈഡൻസ്, മോട്ടിവേഷൻ ക്ലാസുകളും തൂത്തൂർ ഫെറോനയിലെ കുട്ടികൾക്കായുള്ള വെബിനാറിൽ ആന്റോ സേവ്യറും ക്ലാസുകൾ കൈകാര്യം ചെയ്തു. വിദ്യാഭ്യാസ ശുശ്രൂഷാ ഡയറക്ടർ ഫാ. മെൽക്കൺ, ജോയിന്റ് ഡയറക്ടർ ഫാ. ഇമ്മാനുവൽ എന്നിവർ വെബിനാറിന് നേതൃത്വം നൽകി



'അഭയ ഭവനപദ്ധതി'യിൽ വീടുനിർമ്മിക്കുന്നതിന് നേതൃത്വം നൽകിയ കൊല്ലംകോട് ഇടവകയിലെ കെസിവൈഎം പ്രവർത്തകർ

## ഭവനം നിർമ്മിച്ചുനൽകി കെസിവൈഎം

തിരുവനന്തപുരം: അതിരൂപതയിലെ പൊഴിയൂർ തെക്കേ കൊല്ലങ്കോട് ഇടവകയിൽ നിർധനകുടുംബത്തിന് 'അഭയ ഭവനപദ്ധതി'യിൽപ്പെടുത്തി ഭവനം നിർമിച്ചുനൽകി കെസിവൈഎം യുണിറ്റ് മാതൃകയായി. മുൻ ഇടവക വികാരി ഫാ. ഷാജു വില്ല്യത്തിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട 'അഭയഭവന പദ്ധതി' യുവജനങ്ങൾ ഏറ്റെടുത്തതോടെയാണ് ഇടവകയിലെ മൂന്ന് പെൺമക്കളും അമ്മയും അടങ്ങിയ നിർധന കുടുംബത്തിന് ഭവനം ഒരുങ്ങിയത്. ഇടവക വികാരി ഫാ. ആന്റോ ജോറിസ് വീടിന്റെ വെഞ്ചരിപ്പ് നിർവഹിച്ചു. മദർ സുപ്പീരിയർ സി. സാൽവിയ വീടിന്റെ താക്കോൽ കുടുംബനാഥയ്ക്ക് നൽകി. കെസിവൈഎം അനിമേറ്റർ സി. വിജി നേതൃത്വം നൽകി.

# ഓൺലൈൻ മതബോധനം സ്വീകാര്യതയേറുന്നു

തിരുവനന്തപുരം: കോവിഡ്-19 ലോക്ഡൗൺ കാലത്ത് നിലച്ചുപോയ വിശ്വാസജീവിത പരിശീലന ക്ലാസ് ഓൺലൈനായി പുനരാരംഭിച്ചുകൊണ്ട് തിരുവനന്തപുരം ലത്തീൻ അതിരൂപത അജപാലന ശുശ്രൂഷ ഈ രംഗത്ത് പുതിയൊരു മാറ്റത്തിന് തുടക്കം കുറിച്ചു.

ദേവാലയങ്ങളും സ്കൂളുകളും തുറക്കാതെ വന്നതോടെ ബുദ്ധിമുട്ടിലായ വിശ്വാസ ജീവിത പരിശീലനം പങ്കാളിത്തത്തോടെ നടപ്പിലാക്കണമെന്ന അജപാലന ശുശ്രൂഷ ഡയറക്ടർ ഫാ. ഡാർവിൻ പീറ്ററിന്റെ നിശ്ചയദാർഢ്യമാണ് തിരുവനന്തപുരം അതിരൂപതയിലെ മുഴുവൻ ഇടവകകളെയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് മതബോധനം സാധ്യമാക്കിയത്. വിശുദ്ധരുടെ ചിത്രങ്ങൾക്കുപുറമെ ആനിമേഷൻ ചിത്രങ്ങളും കൂടി ഉൾപ്പെടുത്തി ഈ വർഷത്തെ ഓൺലൈൻ ക്ലാസ് പരിഷ്കരിച്ചിട്ടുണ്ട്. മതബോധനാധ്യാപകർക്ക് ഓൺലൈനായി പരിശീലനം നൽകി അവരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടാണ് മതബോധന ക്ലാസുകൾക്കാവശ്യമായ വീഡിയോകൾ തയ്യാറാക്കിയിരിക്കുന്നത്. ജൂൺ മാസത്തിൽ തന്നെ മതബോധന ക്ലാസുകൾ പുനഃരാരംഭിക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നും ഇപ്പോൾ കുട്ടികൾക്കായി നടത്തുന്ന ഓൺലൈൻ മതബോധന ക്ലാസുകളിൽ മാതാപിതാക്കളുടെയും മുതിർന്നവരുടെയും ഇതരമതസ്ഥരുടെയും സാന്നിധ്യം ഏറെ സന്തോഷം നൽകുന്നുണ്ടെന്നും ഡയറക്ടർ ഫാ. ഡാർവിൻ പറഞ്ഞു.

## ഓക്സിമീറ്ററുകൾ വിതരണം ചെയ്തു

തിരുവനന്തപുരം: സോഷ്യൽ സർവ്വീസ് സൊസൈറ്റിയും യു.കെ.യിലെ കേരള കാത്തലക് അസോസിയേഷൻ ട്രസ്റ്റും സംയുക്തമായി 200 ഓക്സിമീറ്ററുകൾ അതിരൂപതയിലെ വിവിധ ഫെറോനകളിൽ വിതരണം ചെയ്തു.

ഓക്സീമീറ്റർ വിതരണ പരിപാടിയുടെ ഉത്ഘാടനം വെള്ളയമ്പലം റ്റി.എസ്.എസ്.എസ് ഓഫീസിൽ അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ വച്ച് ഗതാഗത വകുപ്പ് മന്ത്രി ആൻറണി രാജുനിർവഹിച്ചു.



*ഓക്സിമീറ്റർ വിതരണ ഉദ്ഘാടനം മന്ത്രി ആന്റണി രാജു നിർവഹിക്കുന്നു*

തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഡോ. സാബാസ് ഇഗ്നേഷ്യസ്, റ്റി.എസ്.എസ്.എസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തോമസ് തെക്കേൽ എന്നിവർ പ്രസംഗിച്ചു.

# ആനി മസ്ക്രീന്റെ ജീവിതം മാതൃകയാക്കണം: ബിഷപ്പ് ഡോ. ക്രിസ്തുദാസ്

തിരുവനന്തപുരം: ആനി മസ്ക്രീന്റെ ജീവിതം വെല്ലുവിളികളെ അതിജീവിക്കാൻ സ്ത്രീകൾക്ക് പ്രചോദനമാകണമെന്ന് തിരുവനന്തപുരം അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് പറഞ്ഞു. സാമൂഹിക രാഷ്ട്രീയ മേഖലകളിൽ നിസ്വാർത്ഥ സേവനം കാഴ്ചവച്ച ആനിമസ്ക്രീൻ എന്ന ധീരവനിതയെ കേരള ജനത എന്നും അഭിമാനത്തോടെ സ്മരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ആനി മസ്ക്രീന്റെ 58-ാം ചരമ വാർഷികത്തോടനുബന്ധിച്ച് കെഎൽസിഎ അതിരൂപതാ സമിതി വഴുതക്കാട് ആനിമസ്ക്രീൻസ് ക്വയറിൻ സംഘടിപ്പിച്ച ചടങ്ങിൽ ഹാരാർപ്പണം നടത്തി സംസാരിക്കുകയായിരുന്നു ബിഷപ്പ്.



*വഴുതക്കാട് ആനിമസ്ക്രീൻ സ്ക്വയറിൻ സംഘടിപ്പിച്ച ചടങ്ങിൽ ബിഷപ്പ് ഡോ. ക്രിസ്തുദാസ് സംസാരിക്കുന്നു*

കോവിഡ് പ്രോട്ടോക്കാൾ പാലിച്ചു നടന്ന ചടങ്ങിൽ കെഎൽസിഎ അതിരൂപതാ പ്രസിഡന്റ് പാട്രിക് മൈക്കിൾ അധ്യക്ഷ വഹിച്ചു. അതിരൂപത അല്മായ ശുശ്രൂഷാ ഡയറക്ടർ ഫാ. തിയോഡേഷ്യസ് ഡിക്രൂസ് ഭാരവാഹികളായ ജോസ് മെസ്മിൻ, ആന്റണി ആൽബർട്ട്, അഡ്വ. എം.എ. ഫ്രാൻസീസ്, ഫെനിൽ ആന്റണി, മോസസ് ഫെർണാണ്ടസ്, ഷിമ്മി ജോസ്, ഷീബാ പാട്രിക്, അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബൈജു ജോസ് എന്നിവർ പ്രസംഗിച്ചു.

# വിശപ്പ്രഹിത ഇടവക 'മന്ന'യുമായി വലിയതുറ ഫെറോന

തിരുവനന്തപുരം: വിശപ്പ് രഹിത ഇടവകയെന്ന തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ലക്ഷ്യം വലിയതുറ ഫെറോനയിൽ അന്വർത്ഥമാകുന്നു. ഇടവകകളിലെ നിരാലംബരും വിശപ്പനുഭവിക്കുന്നവരുമായവരെ കണ്ടെത്തി അവർക്ക് എല്ലാദിവസവും ഒരുനേരം ഭക്ഷണം നൽകുന്നതാണ് അതിരൂപത വിഭാവനം ചെയ്ത വിശപ്പ് രഹിത ഇടവക പദ്ധതി. ഈ ആശയം ഉൾക്കൊണ്ട് കുടുംബ ശുശ്രൂഷാ വലിയതുറ ഫെറോനാ സമിതി നടപ്പാക്കുന്ന 'മന്നാ' ഉച്ചഭക്ഷണ പദ്ധതി അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്തു. അതിരൂപത കുടുംബ ശുശ്രൂഷാ ഡയറക്ടർ ഡോ. എ.ആർ.ജോൺ, മന്നപദ്ധതി ഫെറോനാ കോ-ഓർഡിനേറ്റർ ഫാ. ഡിജോ, ആനിമേറ്റർ ആന്റണി പത്രോസ് എന്നിവർ പങ്കെടുത്തു.

വലിയതുറ ഫെറോനയിൽ ആരംഭിച്ച മന്ന ഉച്ചഭക്ഷണ പദ്ധതി മാതൃകാപരമാണെന്നും അതിരൂപതയിലെ മറ്റ് ഫെറോനകളിലും ഇടവകകളിലും ഈ പദ്ധതി നടപ്പിലാക്കി തിരുവനന്തപുരം അതിരൂപതയിൽ ആരും ആഹരമില്ലാതെ വിശപ്പ് അനുഭവിക്കുന്നവരായി ഇല്ലെന്ന് ഉറപ്പുവരുത്താൻ നാം ശ്രമിക്കണമെന്നും പദ്ധതി ഉദ്ഘാടനം ചെയ്തുകൊണ്ട് ബിഷപ്പ് ഡോ. ക്രിസ്തുദാസ് പറഞ്ഞു.

സുമനസ്സുകളുടെയും അഭ്യുദയകാംക്ഷികളുടെയും സഹായ സഹകരണത്തോടെ അവശ്യസാധനങ്ങൾ ലഭ്യമാക്കി ഫെറോനാ കേന്ദ്രീകരിച്ച് ഭക്ഷണം പാചകം ചെയ്ത് ഇടവകകളിലെത്തിച്ച് വിതരണം ചെയ്യുന്ന രീതിയാണ് കുടുംബ ശുശ്രൂഷാ സമിതി അനുവർത്തിക്കുന്നത്.




കെഎൽസിഎ സെക്രട്ടേറിയറ്റ് പടിയ്ക്കൽ




പരുത്തിയൂർ-കൊല്ലംകോട് ഇടവകകൾ

# മത്സ്യക്കച്ചവട സ്ത്രീകൾക്കുനേരെ

തിരുവനന്തപുരം: മത്സ്യക്കച്ചവട സ്ത്രീകൾക്കുനേരെ വർധിച്ചുവരുന്ന അക്രമങ്ങൾ അവസാനിപ്പിക്കുക, പാരിപ്പള്ളിയിൽ പോലീസ് അതിക്രമത്തിൽ നഷ്ടം നേരിട്ട മത്സ്യവിൽപ്പന സ്ത്രീ തൊഴിലാളിക്ക് നഷ്ടപരിഹാരം നൽകുക, അക്രമം നടത്തിയ പോലീസ് ഉദ്യോഗസോഥർക്കെതിരെ മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കുക മത്സ്യവിപണന സ്ത്രീകൾക്ക് മതിയായ സംരക്ഷണം ഉറപ്പുവരുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തിരുവനന്തപുരം അതിരൂപതയിലെ എല്ലാ ഇടവകകളുടെയും വിവിധ സംഘടനകളുടെയും നേതൃത്വത്തിൽ വ്യാപകമായ പ്രതിഷേധ ധർണകൾ നടന്നു.

തിരുവനന്തപുരം അതിരൂപതാ മത്സ്യവിപണന സ്ത്രീ ഫോറം, മത്സ്യത്തൊഴിലാളി ഫോറം, റ്റിഎസ്എസ്എസ് കെഎൽസിഎ, കെസിവൈഎം തുടങ്ങിയ സംഘടനകളിലെ പ്രവർത്തകരാണ് അതിരൂപതാ ഫിഷറീസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടന്ന സമത്തിന് നേതൃത്വം നൽകിയത്. തിരുവനന്തപുരം സെക്രട്ടേറിയറ്റ് സൗത്ത് ഗേറ്റ്, കന്റോണ്മെന്റ് ഗേറ്റ്, നോർത്ത് ഗേറ്റ് പാളയം മാർക്കറ്റ്, രക്ഷസാക്ഷി മണ്ഡപം നിയമസഭാ മന്ദിരം, വനിതാ കമ്മീഷൻ ഓഫീസ്, ഗാന്ധി പാർക്ക്, മണക്കാട്, വിഴിഞ്ഞം, പരുത്തിയൂർ, പൂവാർ, കരുംകുളം എന്നീ വിവിധ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചായിരുന്നു പ്രതിഷേധ ധർണകൾ.

സെക്രട്ടേറിയറ്റ് പടിക്കൽ കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ തിരുവനന്തപുരം അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ ധർണ അൽമായ ശുശ്രൂഷാ ഡയറക്ടർ ഫാ. തിയോഡേഷ്യസ് ഡിക്രൂസ് ഉദ്ഘാടനം ചെയ്തു.

വിഴിഞ്ഞം ഇടവകയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ ധർണ കോവളം എംഎൽഎ എ വിൻസെന്റും രക്തസാക്ഷി മണ്ഡപത്തിൽ നടന്ന ധർണ മോൺ. ജെയിംസ് കുലാസും ഉദ്ഘാടനം ചെയ്തു.



പള്ളം ഇടവകയിൽ




ഫാത്തിമാപുരം ഇടവകയിൽ



കെസിവൈഎം സെക്രട്ടേറിയറ്റ് പടിയ്ക്കൽ

# പോലീസ് അതിക്രമം വ്യാപക പ്രതിഷേധം




വിഴിഞ്ഞം



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ


നീർച്ചാലുകൾ

ഫാ. വർഗീസ് ജോസഫ്

ആണ്ടുവട്ടം 18-ാം ഞായർ (ആഗസ്റ്റ് 01)

## വിശക്കുന്നവന്റെ ദൈവം

പുറ. 16: 2-4, 12-15 | എഫെ. 4: 17.20-24 | യോഹ. 6: 24-35




'ഇത് എന്റെ ശരീരം ആകുന്നു; ഇത് എന്റെ രക്തം ആകുന്നു'. സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ക്രിസ്തുവാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നും ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും

ഭക്ഷണത്തിനുപിന്നിലെ ചേതോവികാരത്തെക്കുറിച്ച് ബൈബിളിലെ ഉൽപ്പത്തി പുസ്തകത്തിൽ ഒട്ടേറെ പരാമർശങ്ങളുണ്ട്. ഏസാവ് തന്റെ കടിഞ്ഞൂൽ അവകാശം പോലും അടിയറവുവച്ചത് പായസത്തിനോടുള്ള ഇഷ്ടം കൊണ്ടല്ല, വിശന്ന് തളർന്നിരുന്നതുകൊണ്ടാണ് (ഉൽ. 25:30). വിശക്കുന്നവന്റെ മുമ്പിൽ എന്ത് കടിഞ്ഞൂൽ അവകാശം. എന്നിട്ടും വിശപ്പ് മാറുമ്പോൾ ഏസാവ് അനുഗ്രഹത്തിനായി വാവിട്ട് കരയുന്നുണ്ട്. കേൾക്കപ്പെടാൻ ആവാത്തവിധം മേന്മയേറിയ അനുഗ്രഹങ്ങൾ അപ്പോഴേക്കും യാക്കോബ് സ്വന്തമാക്കിയിരുന്നു. തീർന്നില്ല! പാലും തേനും ഒഴുകുന്ന ഒരു ദേശം സ്വപ്നം കാണാൻ ദൈവം പഠിപ്പിക്കുമ്പോഴും ഇസ്രായേൽ ജനം ഒരു നേരത്തെ വിശപ്പിൽ ആ ദൈവത്തെ തള്ളിപ്പറയാൻ പോലും മടിക്കുന്നില്ല. ഇങ്ങനെ കുറേ വിശക്കുന്നവരുടെ പരാതിയും തള്ളിപ്പറയലും കൊണ്ട് പഴയനിയമം വേറിട്ടു നിൽക്കുകയാണ്. അവർക്ക് ഉണ്ടായതാകട്ടെ ആജീവനാന്ത നഷ്ടവും.

മനുഷ്യന്റെ വിശപ്പിന്റെ ഉത്തരമായിരുന്നു ക്രിസ്തു. ക്രിസ്തുവിനുണ്ടായ ആദ്യത്തെ പരീക്ഷണം പോലും വിശപ്പിനെ തൃപ്തിപ്പെടുത്താനായിരുന്നു. എന്നിട്ടും ദൈവപുത്രൻ അത് നിശ്ശേഷം നിരസിച്ചു. കഴിവില്ലാത്തതുകൊണ്ടല്ല, മറിച്ച് ഇനി ആരും വിശപ്പിന്റെ പേരിൽ ഒന്നും നഷ്ടപ്പെടുത്തരുതെന്ന് ദൈവപുത്രൻ ശഠിക്കുകയായിരുന്നു. അതിനാൽ അവൻ തന്നെ അപ്പമാകാൻ തീരുമാനിച്ചു.

ക്രിസ്തു അപ്പമായതിന്റെ അനുഭവം അന്ത്യത്താഴ മേശയിൽ മാത്രം രൂപപ്പെടേണ്ട ഒന്നല്ല. കാലങ്ങൾകൊണ്ട് അവൻ നൽകിയ നേർക്കാഴ്ചയായിരുന്നു അത്.

ഇന്നത്തെ സുവിശേഷത്തിൽ യേശുവിനെ തിരക്കി ജനക്കൂട്ടം വള്ളത്തിൽ കയറി കഫർണാമിൽ എത്തുന്നതായി വായിച്ചു തുടങ്ങുമ്പോൾ ആ അധ്യായം മുഴുവൻ ധ്യാനിക്കുന്നത് നല്ലതാണ്. യോഹന്നാന്റെ ആറാം അധ്യായം തുടങ്ങുന്നത് അഞ്ചപ്പം അയ്യായിരം പേർക്കായി നൽകപ്പെട്ട സംഭവത്തിൽ നിന്നാണ്. അയ്യായിരം പുരുഷന്മാർ എന്നുപറയുന്നതു ശരിതന്നെ. സ്ത്രീകൾ എത്രപേർ ഉണ്ടായികാണും? കുട്ടികളുടെ എണ്ണമോ? നമ്മുടെയൊക്കെ ധ്യാനകേന്ദ്രങ്ങളിലും പള്ളികളിലും നിറഞ്ഞുകവിയുന്നത് പുരുഷന്മാരേക്കാളും ഇരട്ടി സ്ത്രീകൾ തന്നെയാണ്. അക്ഷരാർഥത്തിൽ ഇരട്ടിയോളം. ആ ജനക്കൂട്ടത്തെ ക്രിസ്തു വയറുനിറയെ ഊട്ടി തൃപ്തരാക്കി. ബാക്കി വന്ന കുട്ടകൾ അവരുടെ നിറവിന്റെ സൂചനയാണ്. അപ്പത്തിനാണ് ഇവിടെ മാറ്റം. ക്രിസ്തുവിന്റെ കരങ്ങളിൽ സ്പർശിക്കുന്ന അപ്പത്തിനൊക്കെ മാറ്റം സംഭവി



ക്കുമെന്നവൻ ആദ്യമായി തന്റെ മുമ്പിലുള്ളവരെ പഠിപ്പിച്ചു.

തുടർന്ന്, യോഹ. 6:16 മുതൽ വെള്ളത്തിന് മീതേ യേശു നടക്കുന്ന വചന ഭാഗമാണ്. സുവിശേഷത്തെ തിരിച്ചും മറിച്ചും വായിച്ചാൽ ഒരു കാര്യം നമുക്ക് വ്യക്തമായി മനസ്സിലാകും. യേശുവിന്റെ ഭൂമിയിലെ ഓരോ അത്ഭുതങ്ങളും വെറുതെയായിരുന്നില്ല.

എന്തെങ്കിലും ഒരു നന്മ പ്രതീക്ഷിക്കാവുന്ന അത്ഭുതങ്ങൾ മാത്രമേ അവൻ ഈ ഭൂമിയിൽ ചെയ്തുള്ളൂ. എന്നിട്ടും വെള്ളത്തിന് മീതെ ക്രിസ്തു നടന്നതിന്റെ ഉദ്ദേശം എന്തായിരുന്നു. ഈ അത്ഭുതത്തിൽ ആർക്കാണ് നന്മയുണ്ടായത്? അത് അപ്പത്തെക്കുറിച്ചുള്ള രണ്ടാമത്തെ പാഠമായിരുന്നു. വെള്ളത്തിന് മുകളിൽ പൊങ്ങിക്കിടക്കാനാവുവോളം ഭാരമില്ലാതാകാൻ അവന്റെ ശരീരത്തിനാകും എന്നവൻ പഠിപ്പിച്ചു. ഇളം കാറ്റിൽ പറന്നുപോകാനാവുന്ന അപ്പത്തിന്റെ ഭാരത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലായിരുന്നു അത്.

വിശപ്പ് ശമിച്ച മനുഷ്യർക്ക് പിന്നീടും വിശന്നു. അവർ മറുകരയിലേക്ക് ഓടി എത്തുന്നതാണ് ഇന്നത്തെ സുവിശേഷഭാഗത്തിന്റെ തുടക്കം. തീർച്ചയായിട്ടും വെറുതെയാകില്ല. എവിടെ നിന്നെങ്കിലും കണ്ടുപിടിച്ച അഞ്ചപ്പവും കൈയിൽ കരുതിയിട്ടുണ്ടാവും. അത്രയേറെ ശക്തമായ അത്ഭുതമായിരുന്നു ജനം പ്രതീക്ഷിച്ചത്. അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്. ഒരുകാര്യം ഓർമ്മപ്പെടുത്തി; നശ്വരമായ അപ്പത്തിനു വേണ്ടി അധ്വാനിക്കാതെ അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുവിൻ എന്നവൻ ഓർമ്മിപ്പിച്ചു. ഇപ്പോൾ കുറച്ചുകൂടി കാര്യം വ്യക്തമാണ്. വേറെ ഒരു അപ്പം നിങ്ങൾക്കായ് സജ്ജമാകുന്നുണ്ട്. ആ അപ്പത്തിനു വേണ്ടി അന്വേഷിക്കുവിൻ. ചില സംശയങ്ങൾ ഇപ്പോഴും മുന്നിലുള്ളവർക്ക് നിഴലിക്കുന്നുണ്ട്. എല്ലാം അറിയുന്ന തമ്പുരാൻ വ്യക്തമായി പറഞ്ഞു; ഞാനാണ് ജീവന്റെ അപ്പം (യോഹ 6:35).

മരണത്തിനുതൊട്ടുമുൻപ് ഒരാൾ പറയുന്ന വാക്കിനും ചെയ്യുന്ന പ്രവൃത്തിക്കും ഒരായുസ്സിന്റെ ആഴമാണ്. അന്ത്യത്താഴവേളയിൽ മനുഷ്യകുലത്തിന്റെ എല്ലാ വിശപ്പിനും ശമനമായി അവൻ പറഞ്ഞു; 'ഇത് എന്റെ ശരീരം ആകുന്നു; ഇത് എന്റെ രക്തം ആകുന്നു'. സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ക്രിസ്തുവാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നും ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും (യോഹ. 6:51). ജനക്കൂട്ടത്തെ പോലെ നമ്മളും ഇറങ്ങി പുറപ്പെടേണ്ടിയിരിക്കുന്നു. ജീവനുള്ള അപ്പത്തെ തേടി, ക്രിസ്തുവിനെ തേടി.

ഇക്കാലമത്രയും നമ്മൾ തേടി നടന്നതും കണ്ടെത്തിയതും ജീവനുള്ള അപ്പമായിരുന്നില്ല എന്നതാണ് സത്യം. അതിനെ കണ്ടെത്തിയ മനുഷ്യർക്ക് വിശപ്പും ദാഹവും ഇല്ല. കണ്ണീരോ ദുഃഖമോ വേദനയോ ഉലയ്ക്കാത്തവിധം അവർ ഒരുപടി മുകളിലാണ്. ഇന്ന് നമുക്ക് ആവശ്യം ആ അപ്പത്തെ സ്വീകരിക്കുക എന്നതാണ്.

ഒരു ക്രിസ്ത്യാനിയായിരുന്നിട്ട് നമ്മുടെ ഏറ്റവും വലിയ വേദന ഒന്നുമാത്രമാണ്. ഇക്കാലമത്രയും ജീവനുള്ള അപ്പത്തെ സ്വീകരിച്ചിട്ട് അവനെ പ്രതി നമ്മളാരും ജീവനുള്ളവരായി തീർന്നിട്ടില്ല. തീർന്നിരുന്നെങ്കിൽ മറ്റൊരു ക്രിസ്തുവായി നമ്മൾ മാറിയേനെ!

വിശപ്പ് നമുക്ക് എല്ലാവർക്കും ഉണ്ട്. സ്നേഹത്തിന് വേണ്ടിയും കരുണയ്ക്ക് വേണ്ടിയും നന്മയ്ക്ക് വേണ്ടിയും നാമും ഓടി പോകുന്നുണ്ട്. അവിടെയും ഇവിടെയും എത്തുക എന്നതല്ല, ജീവനുള്ള അപ്പത്തിന്റെ മുമ്പിൽ എത്തിച്ചേരുക എന്നതാണ് പ്രധാനം! ■

## ജീവനും വെളിച്ചവും വീണ്ടും നിങ്ങളുടെ കൈകളിലേക്ക്

ജീവനും വെളിച്ചവും മാസിക സാമ്പത്തിക പരാധീനതളുണ്ടെങ്കിലും 23-ാം ലക്കം മുതൽ വീണ്ടും അച്ചടിച്ച് വിതരണം ചെയ്യുകയാണ്. ഇടവകകളിൽ ബിസിസി യോഗങ്ങൾ നടത്തുവാൻ ഇനിയും ആരംഭിച്ചിട്ടില്ലാത്തതിനാൽ കുടുംബയൂണിറ്റുകളിൽ വിതരണം ചെയ്യുന്ന കോപ്പികൾ തല്ക്കാലം ലഭ്യമാകില്ല. എങ്കിലും തപാൽ വഴി കോപ്പികൾ അച്ചടിച്ചു വിതരണം ചെയ്യാൻ തുടങ്ങുകയാണ്. ഈ പ്രതിസന്ധിഘട്ടത്തിൽ വാർഷിക വരിസംഖ്യയായ 300 രൂപ/- അടച്ച് തപാലിൽ കോപ്പികൾ ഉറപ്പാക്കുക. ജീവനും വെളിച്ചവും മാസികയ്ക്ക് നിങ്ങളുടെ സഹായമുണ്ടെങ്കിലേ മുന്നോട്ട് പോകാനാകൂ. 'ജീവനും വെളിച്ചവും' മാസികയുടെ വളർച്ചക്കായി പ്രവർത്തിക്കാൻ താല്പര്യമുള്ളവർ ഞങ്ങളെ അറിയിക്കുമല്ലോ!

– പത്രാധിപർ

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

# യേശുവാകണം ഐഡന്റിറ്റി

1 രാജ. 19: 4-8 | എഫെ. 4: 30-5-2 | യോഹ. 6: 41-51

ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്ത് വരുന്നവന് ഒരിക്കലും വിശക്കുകയില്ല എന്ന് യേശു പറഞ്ഞത് യഹൂദർക്ക് ഇടർച്ചയ്ക്ക് കാരണമാകുന്നു.

യൗസേപ്പിന്റെ മകനായ യേശു എങ്ങനെ 'സ്വർഗത്തിൽ നിന്ന് ഇറങ്ങി വന്നു' എന്ന് എത്ര ചിന്തിച്ചിട്ടും യഹൂദർക്ക് ഉൾക്കൊള്ളാനായില്ല. അവരുടെ പ്രതികരണം പിറുപിറുക്കലാണ്. അവർ ചിന്തിച്ചത് അവന്റെ മാനുഷിക ഉത്ഭവത്തെക്കുറിച്ചുമാത്രമാണ്.

യോഹന്നാന്റെ സുവിശേഷത്തിലെ ആറാം അധ്യായം ജീവന്റെ അപ്പത്തെക്കുറിച്ചുള്ള സുവിശേഷ ഭാഗം ഒരു വിശ്വാസിയുടെ ജീവിതത്തിലെ ആത്മീയ വളർച്ചയ്ക്ക് ആ വ്യക്തി കൊടുക്കേണ്ട പ്രാധാന്യത്തെക്കുറിച്ച് ഊന്നിപ്പറയുന്ന സുവിശേഷഭാഗമാണ്.

ദൈവത്തെക്കുറിച്ചുള്ള അറിവിലും വിശ്വാസത്തിലും ഒരു വിശ്വാസി പടിപടിയായി വളരണം. സഭയിലെ അതിപ്രധാനമായ ഒരു വിശ്വാസ സത്യത്തെക്കുറിച്ച് യേശു ആദ്യം പഠിപ്പിക്കുമ്പോൾ പലർക്കും അത് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല.

ആദ്യം യഹൂദരും പിന്നീട് ശിഷ്യരും തന്റെ വചനത്തിന്റെ കാഠിന്യം പറഞ്ഞ് പിറുപിറുക്കാൻ തുടങ്ങി. പലരും യേശുവിനെ വിട്ടുപോയി. യേശു പന്ത്രണ്ടുപേരോടുമായി ചോദിച്ചു നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ? (6:67). യേശുനാഥൻ തെരഞ്ഞെടുത്ത് കൂടെ കൊണ്ടുനടന്ന, തന്റെ പ്രബോധനങ്ങൾ കേട്ടും, ജീവിതം കണ്ടും വളർന്ന ശിഷ്യരോടാണ് കർത്താവ് ചോദിക്കുന്നത്. എന്നാൽ അപ്പസ്തോല പ്രമുഖനായ പത്രോസ്, സ്വന്തം രക്തത്തിലും മജ്ജയിലും ആത്മാവിലും അലിഞ്ഞുചേർന്ന വിശ്വാസപ്രഖ്യാപനം ഇവിടെ നടത്തുന്നുണ്ട്: "കർത്താവേ ഞങ്ങൾ ആരുടെ അടുത്തേക്ക് പോകും? നിത്യജീവന്റെ വചസ്സുകൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" (യോഹ: 6:69). പത്രോസ് തന്റെ ആത്മീയവളർച്ച ഇവിടെ സ്വയം പ്രഖ്യാപിക്കുകയാണ്.



ജീവിത പ്രതിസന്ധികളിൽ, വിശ്വാസം ത്യജിക്കേണ്ട സാഹചര്യങ്ങൾ എന്നെ വലിഞ്ഞുമുറുക്കുമ്പോൾ, എന്റെ വിശ്വാസം ജീവിതാന്ത്യം വരെ ഞാൻ കാത്തുസൂക്ഷിക്കും എന്ന് പറയാനുള്ള വിശ്വാസ ദൃഢത നമുക്കുണ്ടാകണം.

കുഞ്ഞുനാളിൽ അമ്മയുടെ കൈകൊണ്ട് ചോറുവാരിതന്നെങ്കിൽ ഇന്ന് നാം സ്വന്തം കൈകൊണ്ട് അധ്വാനിച്ച് ഭക്ഷിക്കുന്നു. കുഞ്ഞുനാളിൽ നമ്മുടെ മാതാപിതാക്കൾ നമ്മുടെ നെറ്റിയിലും നെഞ്ചിലും അധരങ്ങളിലും കുരിശുവരച്ച് ഈശ്വരചൈതന്യം നമ്മിലേക്ക് പകർന്നെങ്കിൽ ഇന്ന് സ്വന്തം കൈകൾ കൊണ്ട് കുരിശുവരച്ച് ഈ ചൈതന്യത്തെ ജീവിതത്തിലേക്കും ഹൃദയത്തിലേക്കും പകരുകയാണ്.

കുഞ്ഞുനാളിൽ മാതാപിതാക്കൾ നമുക്കുവേണ്ടി വിശ്വാസം ഏറ്റുപറഞ്ഞെങ്കിൽ ഇന്ന് എന്റെ വിശ്വാസ പ്രഖ്യാപനം നടത്തുന്നത് ഞാൻ തന്നെയാണ്. എന്റെ വിശ്വാസ ജീവിതകാര്യത്തിൽ സ്വന്തം കാലിൽ നിവർന്നുനിൽക്കാനുള്ള പക്വത എനിക്ക് കൈവന്നിട്ടുണ്ടോ? നാം ഓരോരുത്തരും ചോദിക്കേണ്ട ഒരു ചോദ്യമാണ്.

ജീവിത പ്രതിസന്ധികളിൽ, വിശ്വാസം ത്യജിക്കേണ്ട സാഹചര്യങ്ങൾ എന്നെ വലിഞ്ഞുമുറുക്കുമ്പോൾ, എന്റെ വിശ്വാസം ജീവിതാന്ത്യം വരെ ഞാൻ കാത്തുസൂക്ഷിക്കും എന്ന് പറയാനുള്ള വിശ്വാസ ദൃഢത നമുക്കുണ്ടാകണം. നമ്മുടെ വിശ്വാസം ചോദ്യം ചെയ്യപ്പെടുന്ന അവസരങ്ങളിൽ ഞാങ്ങണ പോലെ ഇളകിയാടുന്ന വിശ്വാസ മനോഭാവങ്ങൾ നമുക്കുണ്ടാകരുത്.

27 വർഷം കത്തോലിക്കാസഭയെ നയിക്കുകയും, സ്നേഹം കൊണ്ട് ഈ

ലോകത്തെ കീഴടക്കുകയും ചെയ്ത തീർഥാടകനായ പാപ്പ, വി. ജോൺപോൾ രണ്ടാമനെ, സഭയിൽ നിലനിന്നിരുന്ന വിശ്വാസവുമായി ബന്ധപ്പെട്ട ഒരു തർക്കത്തിന് പരിഹാരം തേടി ഒരു കൂട്ടം കത്തോലിക്കർ സമീപിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി: "നിങ്ങൾ തന്നെ ഈ പ്രശ്നത്തിന് ഉത്തരം കണ്ടെത്തുക" എന്നതായിരുന്നു.

എന്റെ വിശ്വാസത്തിന്റെ അവസാനവാക്ക് ഞാനാണ്. അത് ഞാൻ തന്നെയാകണം. സഭയിലൂടെ, മാതാപിതാക്കളിലൂടെ, കൗദാശിക ജീവിത്തിലൂടെ നാം ആർജിച്ചെടുത്ത വിശ്വാസം കരിന്തിരി കത്താതെ കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്തം നമുക്കോരോരുത്തർക്കുമുണ്ട്.

വിശ്വാസത്തിന് നിരക്കാത്ത മോഹനവാഗ്ദാനങ്ങൾ നമ്മെ പിടിച്ചുവലിക്കുമ്പോൾ നമുക്ക് പറയാനാകണം: "It is not my style, I have chosen". യേശുക്രിസ്തു നമ്മുടെ ജീവനും ജീവന്റെ അപ്പവുമാകട്ടെ. അവിടുന്ന് നമ്മുടെ വഴിയും വഴികാട്ടിയുമാകട്ടെ. യേശുക്രിസ്തുവാകട്ടെ നമ്മുടെ ഐഡന്റിറ്റി. ■

## നീർച്ചാലുകൾ

ഫാ. തോമസ് ജെ. നെറ്റോ

ദൈവമാതാവിന്റെ സ്വർഗാരോപണ തിരുനാൾ (ആഗസ്റ്റ് 15)

# നമുക്ക് പരിശുദ്ധ മറിയത്തെപ്പോലെ പ്രവർത്തന നിരതരാകാം

വെളി. 11: 19, 12: 1-6 | 1 കൊറി. 15: 20-27 | ലൂക്ക. 1:39-56



പരിശുദ്ധ മറിയത്തെപ്പോലെ, നമ്മുടെ ജീവിതത്തിലും മാനവ ചരിത്രത്തിലും സദാ പ്രവർത്തന നിരതമായിരിക്കുന്ന ദൈവത്തിന്റെ കരവും കൃപയും നമുക്ക് തിരിച്ചറിയുന്നവരാകാം.

ഇന്ന് ഓഗസ്റ്റ് 15. പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാൾ. "അമലോത്ഭവയും ദൈവമാതാവും നിത്യകന്യകയുമായ മറിയം തന്റെ ഇഹലോകജീവിതത്തിന്റെ അവസാനം ആത്മശരീരങ്ങളോടെ സ്വർഗീയ മഹത്വത്തിലേക്ക് സംവഹിക്കപ്പെട്ടു." ഇതൊരു വിശ്വാസസത്യമാണ്. 1950 നവംബർ 1 ന് പിയൂസ് 12-ാമൻ പാപ്പ "പരമകാരുണികനായ ദൈവം" എന്ന തിരുവെഴുത്തിലൂടെ ഇത് പ്രഖ്യാപിച്ചു. മറിയത്തിന്റെ ജീവിതത്തികവാണ്, പരമമായ ജീവിത സാക്ഷാൽക്കാരമാണ് ഈ തിരുനാളിലൂടെ നാം ആഘോഷിക്കുക.

രണ്ടാം വായന സൂചിപ്പിക്കുന്നപോലെ, യേശുവിന്റെ ഉത്ഥാനമാണ് സ്വർഗാരോപണ തിരുനാളിന് അടിസ്ഥാനം. ജീവിതത്തിലും കർമ്മത്തിലും യേശുക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നവർ അവന്റെ മഹത്വത്തിലും പങ്കുപറ്റുന്നുവെന്ന് വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുന്നു. മറിയം യേശുവിന് ശാരീരിക ജന്മം നൽകുക മാത്രമല്ല, അവിടുത്തെ രക്ഷാകര ദൗത്യത്തിൽ പങ്കുചേരുന്നവളുമായി. ഇക്കാരണത്താൽ ഉത്ഥാനത്തിലും മറിയം യേശുവിനോട് കൂടെയാണ്.

ഓരോ ക്രിസ്തുവിശ്വാസിയുടെയും ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യത്തെ സ്വർഗാരോപണ തിരുനാൾ അടയാളപ്പെടുത്തുന്നു. ജീവിതാവസാനം ദൈവമഹത്വത്തിൽ നിത്യമായി പങ്കുചേരാൻ നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. അതിനാൽ തന്നെ ഈ ലോകത്തിലെ ഇന്നത്തെ ജീവിതം എങ്ങനെയെങ്കിലും ജീവിക്കേണ്ടതല്ല നാം. മറിച്ച്, പരിശുദ്ധ മറിയത്തിന്റെ മഹനീയ മാതൃക ജീവിച്ചുകൊണ്ട് ജീവിതത്തികവ് പ്രാപിക്കേണ്ടവരാണ്. ഈ കാഴ്ചപ്പാടിൽ ഇന്നത്തെ സുവിശേഷം അവതരിപ്പിക്കുന്ന മറിയത്തിന്റെ ചിത്രം ധ്യാനിക്കാം. മാതൃക അനുകരിക്കാം.

ദൈവപുത്രന്റെ അമ്മയാകുവാനുള്ള വിളി സ്വീകരിച്ച ഉടനെ പരിശുദ്ധ മറിയം തന്റെ ഇളയമ്മയായ എലിസബത്തിനെ സന്ദർശിക്കുന്നു. രണ്ട് ഗർഭിണികളുടെ ഹൃദയസ്പർശിയായ ഒരു കൂടിക്കാഴ്ച. മറിയത്തിന്റെ അഭിവാദനം എലിസബത്തിൽ ആനന്ദാഹ്ലാദം ഉളവാക്കി. അവളുടെ ഉദരത്തിൽ ശിശു കുതിച്ചുചാടി. അവൾ പരിശുദ്ധാത്മാവ് നിറഞ്ഞവളായി. അവളുടെ ഹൃദയത്തിൽ നിന്ന് മറിയത്തെക്കുറിച്ചുള്ള സ്തുതിയുടെ വാക്കുകൾ അണപൊട്ടിയൊഴുകി. "മറിയമേ, നീ സ്ത്രീകളിൽ അനുഗൃഹീതയാണ്... കർത്താവ് അരുളിചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി". തന്റെ കർത്താവിന്റെ അമ്മയായ മറിയത്തിന്റെ സന്ദർശനം ഒരു ഭാഗ്യമായി എലിസബത്ത് അനുഭവിച്ചറിയുന്നു.

മറിയം നടത്തിയ തിടുക്കത്തിലുള്ള

യാത്ര എലിസബത്തിനോടൊപ്പം കുറേനാൾ താമസിക്കാനും അവളെ ശുശ്രൂഷിക്കാനും ലക്ഷ്യംവച്ചുള്ളതായി. സ്വജീവിതം മറ്റുള്ളവരുടെ നന്മയ്ക്കും സന്തോഷത്തിനും സേവനത്തിനും മറിയം ഉപയുക്തമാക്കുന്നു. നാം ജീവിതത്തിൽ സ്വന്തം കാര്യങ്ങളിൽ മാത്രം മുഴുകി കഴിയുന്നവരാകാതെ മറ്റുള്ളവരുടെ കാര്യങ്ങളിൽ കരുതലും താല്പര്യവുമുള്ളവരാകാൻ, അവരെ ശുശ്രൂഷിക്കുന്നവരും അവർക്കുവേണ്ടി സമയം ചെലവഴിക്കുന്നവരുമാകാൻ മറിയം നമ്മെ പ്രചോദിപ്പിക്കുന്നു.

എലിസബത്ത് മറിയത്തെ പ്രകീർത്തിച്ചപ്പോൾ, മറിയം കർത്താവിനെ പ്രകീർത്തിക്കാൻ തുടങ്ങി. "എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആഹ്ലാദിക്കുന്നു." മറ്റൊരാൾ തന്നിലെ നന്മകളിലേക്ക് കണ്ണുകൾ തിരിക്കുമ്പോൾ, മറിയം എല്ലാറ്റിനും നിദാനമായ സർവ നന്മസ്വരൂപനായ ദൈവത്തിലേക്ക് തന്റെ കണ്ണുകൾ ഉയർത്തുന്നു. ഹൃദയസ്പർശിയാണ് മറിയം ആലപിച്ച സ്തോത്രഗീതം. ദൈവോന്മുഖമായ ഒരു ജീവിത ദർശനമാണ് പരിശുദ്ധ മറിയത്തിന്റേത്. "അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു." ദൈവത്തിന്റെ സ്നേഹകടാക്ഷമാണ് തന്റെ ജീവിതാനന്ദത്തിന് കാരണമെന്ന് മറിയം തിരിച്ചറിയുന്നു. ദൈവത്തിന്റെ കണ്ണുകളിലൂടെ നമ്മുടെയും ജീവിതാനുഭവങ്ങളെ വായിച്ചെടുക്കുവാൻ മറിയം നമ്മെ പ്രചോദിപ്പിക്കുന്നു.

ദൈവത്തിന്റെ ശക്തി തന്റെ ജനത്തിന്റെ ചരിത്രത്തിലുടനീളം പ്രകടമായതോർത്ത് മറിയം സ്തോത്രഗീതത്തിൽ ദൈവത്തെ പ്രകീർത്തിക്കുന്നു. വിപ്ലവ വീര്യമുള്ള വചനങ്ങളാണ് മറിയം ആലപിക്കുന്നത്. ഒരുവശത്ത്, ദൈവം തന്റെ കരബലം കൊണ്ട് അഹങ്കാരികളെ ചിതറിക്കുന്നു. ശക്തന്മാരുടെ സിംഹാസനങ്ങൾ മറിച്ചിടുന്നു. സമ്പന്നരെ വെറുംകൈയ്യോടെ പറഞ്ഞയക്കുന്നു. മറുവശത്ത്, ദൈവം എളിയവരെ ഉയർത്തുന്നു. വിശക്കുന്നവരെ വിശിഷ്ട ഭോജനം നൽകി സംതൃപ്തരാക്കുന്നു. അവിടുത്തെ കാരുണ്യം തലമുറകളോളം നിലനിൽക്കുന്നു.

പരിശുദ്ധ മറിയത്തെപ്പോലെ, നമ്മുടെ ജീവിതത്തിലും മാനവ ചരിത്രത്തിലും സദാ പ്രവർത്തന നിരതമായിരിക്കുന്ന ദൈവത്തിന്റെ കരവും കൃപയും നമുക്ക് തിരിച്ചറിയുന്നവരാകാം. ദൈവമഹത്വം പ്രകീർത്തിച്ചു സേവനപാതയിലൂടെ സഞ്ചരിച്ചു. മറിയം കരസ്ഥമാക്കിയ അതേ ജീവിതത്തികവിലേക്ക് നമുക്കും എത്തിച്ചേരാം. ■

**നീർച്ചാലുകൾ**

ഫാ. ഇമ്മാനുവേൽ

ആണ്ടുവട്ടം 21-ാം ഞായർ (ആഗസ്റ്റ് 22)

# ക്രിസ്തുവിലേക്ക് പോകാം

ജോഷ്വാ. 24: 1-2, 15-17 | എഫെ. 5: 21-32 | യോഹ. 6:60-69



"എവിടെയും നന്മ കാണാനുള്ള കണ്ണാണ് ഈ ലോകത്തിൽ മനുഷ്യനുള്ള ഒരു വലിയ നിധി"

"സ്വർഗത്തിൽ നിന്നുമിറങ്ങിയ ജീവനുള്ള അപ്പം ഭക്ഷിക്കുന്നവന് നിത്യജീവനുണ്ട്. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്." മനസിലാകാത്തൊരു ഭാഷ... ഗ്രഹിക്കാനാകാത്ത വാക്ക്... സംശയങ്ങൾക്ക് വഴിതെളിക്കുന്ന വചനം... ചിലർ വാദിച്ചു; മറ്റുചിലർ പരിഭ്രമിച്ചു; വേറെചിലർ വിട്ടുപോയി. അവശേഷിച്ച പന്ത്രണ്ടുപേർ അവിടെത്തന്നെ നിന്നു. ആഴമേറിയ ഒരു ആത്മീയതയാണ് വിശ്വാസം. ഉത്തരം കിട്ടാത്ത ചോദ്യങ്ങൾക്ക് മുന്നിലും പരിഹാരമില്ലാത്ത സങ്കടങ്ങൾക്ക് മുന്നിലും ഉലയാത്ത മനസ്സുമായി ഒരാളെ നിർത്തുന്ന ഊർജ്ജമാണത്. ആഴമായ അറിവും ഉറച്ച ബോധ്യവുമുള്ള മനുഷ്യരായി പത്രോസും കൂട്ടരും അവിടെത്തന്നെ നിലയുറപ്പിച്ചു. യേശുവിന്റെ ചോദ്യവും പത്രോസിന്റെ മറുപടിയും നമ്മുടെ ജീവിതത്തെയും തൊടുന്നുണ്ട്.

## നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ?

നിർബന്ധമോ ശാഠ്യമോ ഒന്നും തന്നെയില്ല. പോകേണ്ടവർക്ക് അവരവരുടെ വഴിയേ പോകാം എന്ന് ഗുരുമൊഴിയുകയാണ്. ആര് തനിച്ചാക്കിയാലും ഞാൻ നിന്നെ തനിച്ചാക്കില്ലെന്ന് ക്രിസ്തു പഠിപ്പിക്കുന്നുണ്ട്. കാരണം, തനിച്ചാക്കപ്പെട്ടതിന്റെ കഥ പറഞ്ഞുകൊണ്ടാണ് സുവിശേഷത്തിൽ യേശു രംഗപ്രവേശനം ചെയ്യുന്നത്. സത്രത്തിൽ അവർക്ക് ഇടം കിട്ടിയില്ല. പിറന്നുവീണതുപോലും ഒരു ഗോശാലയിൽ. എത്രയെത്ര അത്ഭുതങ്ങൾ ചെയ്തവനായിരുന്നു, എന്നിട്ടും സങ്കടങ്ങളുടെ ഗത്സെമനിയിൽ യേശുവിനെ എല്ലാവരും തനിച്ചാക്കി.

നെഞ്ചോട് ചേർത്തുപിടിക്കുന്നവർ പോലും ഒരിക്കൽ തനിച്ചാക്കുമെന്ന് യേശുവിന് അറിയാമായിരുന്നു. അതുകൊണ്ടുതന്നെ മുൻകൂട്ടി ചോദിക്കുകയാണ് അവിടുന്ന് ''നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ?" മറ്റുള്ളവരെ ഒറ്റപ്പെടുത്താതെ ജീവിക്കുമ്പോഴാണ് ജീവിതത്തിന്റെ യഥാർത്ഥ അർത്ഥവും മൂല്യവും മനസിലാവുകയെന്ന്" തത്വചിന്തകനായ കീർക്കെഗാർഡ് പറയുക. ഒരാളുടെ ക്ലേശങ്ങളെ കണ്ടില്ലെന്ന് നടിച്ചുകൊണ്ട് അയാളെ സ്നേഹിക്കുന്നത് ശരിയായ സ്നേഹമല്ല; അയാളുടെ ദൗർബല്യങ്ങളോടും അപൂർണതകളോടുമൊപ്പം അയാളെ സ്നേഹിക്കുക. ഒറ്റപ്പെടുത്തിയവർക്കും കുത്തിമുറിവേൽപ്പിച്ചവർക്കും ഒരുപോലെ സ്നേഹം വിളമ്പിയവനാണ് ക്രിസ്തു. നമ്മുടെ പാഴ്മൺ കുടിലിലേക്ക് കടന്നുവരുന്ന ഒരേയൊരു സന്ദർശകനേ ഈ വാഴ്‌വിൽ ഉള്ളൂ. അത് ക്രിസ്തുവാണ്; മറ്റുള്ളവരൊക്കെ വല്ലപ്പോഴും വന്നുപോകുന്ന അതിഥികൾ മാത്രം!

### ഞങ്ങൾ ആരിലേക്ക് പോകും?

ഞങ്ങൾ എവിടേക്ക് പോകും എന്നല്ല; ഞങ്ങൾ ആരുടെ പക്കലേക്ക് പോകും എന്നാണ് പത്രോസ് ചോദിക്കുന്നത്. ക്രിസ്തുവിന്റെ മിഴികളിലൂടെ തിളങ്ങുന്ന താരങ്ങളെ പത്രോസ് കണ്ടു. ഇന്നിന്റെ ജീവിത സാഹചര്യങ്ങളിൽ നിന്നും ഒളിച്ചോടാനല്ല; വെളിച്ചം പ്രദാനം ചെയ്യുന്നവനെ അനുധാവനം ചെയ്യാൻ വചനം വിരൽ ചൂണ്ടുകയാണ്. ആരെയും നഷ്ടപ്പെടുത്താതെ അരികിൽ ചേർത്തുനിർത്തുന്ന ദൈവത്തിന്റെ കരുതൽ പത്രോസ് ഓർത്തിട്ടുണ്ടാവും – ആദത്തിന്റെ ഏകാന്തതയിൽ കൂട്ടേകാനായി ഹവ്വ... കായേന്റെ കുറവുകളിൽ പരിപാലനത്തിന്റെ മുദ്ര... നോഹയുടെ നിരാശയിൽ പ്രതീക്ഷയേകാനായി മഴവില്ല്... അബ്രഹാത്തിന്റെ ആകുലതകളിൽ ആശ്വാസമേകാനായി താരകങ്ങൾ... ഹാഗാറിന്റെ നിസ്സഹായതയിൽ നനവായി നീരുറവ... ഇതൊക്കെ പ്രദാനം ചെയ്യുന്നവന്റെ മുന്നിലാണ് നിൽക്കുന്നതെന്ന ബോധ്യത്തിൽ പത്രോസിന്റെ ആത്മാവും ശരീരവും നിറഞ്ഞു. ഡാവിഞ്ചിയുടെ പ്രശസ്തമായ വരിയുണ്ട്: "ഒരിക്കലെങ്കിലും പറക്കലിന്റെ സുഖമറിഞ്ഞൊരാളുടെ കാലുകൾ നിലത്താണെങ്കിലും കണ്ണുകൾ ആകാശത്തിലായിരിക്കും." ക്രിസ്തുവിന്റെ കൂടെ നടക്കുന്നവന് ക്രിസ്തുവല്ലാതെ വേറൊരു ഓപ്ഷൻ ഇല്ല. കണ്ണും കരളും ലോകത്തിലേക്ക് ആകർഷിക്കപ്പെടുമ്പോഴും പ്രാണൻ നൽകി പ്രണയിക്കുന്ന യേശുവിലേക്ക് തിരിയാം.

### നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്

സമാന്തര സുവിശേഷങ്ങളിൽ "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്." എന്നുപറഞ്ഞയാൾ തന്നെയാണ് ആ ക്രിസ്തുവിനോട് പറയുന്നത് "നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്" എന്ന്. കുറേയധികംപേർ ദൈവത്തെ വെറുത്ത് ലോകത്തിലേക്ക് വീണ്ടും മടങ്ങിപ്പോകുമ്പോൾ പത്രോസും കൂട്ടരും ലോകത്തെ വെറുത്ത് ദൈവസ്നേഹത്തിന്റെ ആഴം ക്രിസ്തുവിന്റെ നെഞ്ചിൽ കണ്ടെത്തുകയാണ്. ചേർത്തുപിടിക്കാനും താലോലിക്കാനും ചുംബിക്കാനും എനിക്ക് ക്രിസ്തുവുണ്ട് – എന്നതാണ് ആനന്ദം നൽകേണ്ടത്. ലോകത്തിൽ സമൃദ്ധമായി സുഖം അനുഭവിക്കുന്നവർ പുകപോലെ ക്ഷയിച്ചുപോകും. നശ്വര ജീവിതത്തിന്റെ നിസാര സന്തോഷങ്ങൾപോലും ഉപേക്ഷിച്ചുകൊണ്ട്, അനശ്വരമായൊരു ജീവിതം അവർ ക്രിസ്തുവിൽ കണ്ടു. എന്റെ നാമമല്ല, അങ്ങയുടെ തിരുനാമം സ്തുതിക്കപ്പെടണം; എന്റെ പ്രവർത്തിയല്ല, അങ്ങയുടെ പ്രവർത്തികൾ പ്രകീർത്തിക്കപ്പെടണം എന്ന ചിന്തയിലാണ് ജീവിക്കേണ്ടത്.

ക്രിസ്തുവിനെ മനസിലാകാതെ വരുമ്പോൾ, ജീവിതനൈരാശ്യം പേറുമ്പോൾ അവനിൽ നിന്നും അകലണമെന്നുതോന്നും... അപ്പോഴൊക്കെ ഹൃദയത്തിലേക്ക് തുളച്ചുവരുന്ന വചനമാണ് "നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ?" എന്ന ക്രിസ്തുമൊഴി. ആത്മാവിന്റെ കൃപയോടെ വലിയ മുക്കുവനായ പത്രോസിനെപ്പോലെ നമുക്കും പറയാം "ഞങ്ങൾ ആരിലേക്ക് പോകും. നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്." എല്ലാറ്റിലും നന്മ കാംക്ഷിക്കുവാൻ, പുണ്യനയനങ്ങൾ പ്രദാനം ചെയ്യണമേയെന്ന് പ്രാർഥിക്കാം. ■

ആണ്ടുവട്ടം 22-ാം ഞായർ (ആഗസ്റ്റ് 29)

നീർച്ചാലുകൾ

ഫാ. ലോറൻസ്കുലാസ്

# ദൈവഹിതം നിറവേറ്റുവിൻ

നിയമ. 4: 1-2, 6-8 | യാക്കോ. 1: 17-18, 21: 22-27 | മാർക്കോ. 7: 1-8, 14-15, 21-23

'ഫരിസേയരും ജറുസലേമിൽ നിന്ന് വന്ന ചില നിയമജ്ഞരും' (7:1) യേശുവുമായി ഒരു തർക്കത്തിൽ ഏർപ്പെടുന്ന സംഭവം ഇന്നത്തെ സുവിശേഷത്തിന്റെ ആരംഭത്തിൽ മർക്കോസ് നല്കുന്നു. യേശുശിഷ്യർ കൈകഴുകി ശുദ്ധിവരുത്താതെ ഭക്ഷണം കഴിച്ചതാണ് (7:2) തർക്കത്തിന് കാരണമായത്. ശുചിത്വത്തെ കരുതിയുള്ള തർക്കം എന്നതിനെക്കാൾ അത് അ

നുഷ്ഠാനപരമായ ശുദ്ധീകരണത്തെക്കുറിച്ചായിരുന്നുവെന്ന് മർക്കോസ് വിവക്ഷിക്കുന്നു. കാരണം, ശുദ്ധീകരണത്തെ സംബന്ധിച്ച അനുഷ്ഠാനവിധികൾ ഫരിസേയരുടെ മതത്തിലെ വലിയൊരു വ്യഗ്രതയായിരുന്നു. ആചാരപ്രകാരമുള്ള ശുദ്ധീകരണം ദൈവാരാധനയ്ക്ക് അവശ്യവ്യവസ്ഥയായിരുന്നു. കൈകാലുകൾ കഴുകി ശുദ്ധി വരുത്തുക എന്ന നിയമം ആരംഭത്തിൽ ദേവാലയത്തിൽ കർമ്മം അനുഷ്ഠിക്കുന്ന പുരോഹിതർക്കും ശുശ്രൂഷികൾക്കും മാത്രമേ ബാധകമായിരുന്നുള്ളൂ (പുറ 30:19; 40:13). പിന്നീട് ഈ നിയമം സാധാരണ ജനങ്ങൾക്കും ബാധകമാക്കി. പിൽക്കാലത്ത് അനുഷ്ഠാനപരമായ അശുദ്ധിയെ ഭയന്ന്, ഭക്ഷണം കഴിക്കുന്നതിനു മുമ്പുപോലും ദേഹശുദ്ധീകരണം നിർബന്ധിതനിയമമാക്കി. ഈ നിബന്ധനകൾ "പൂർവ്വികരുടെ പാരമ്പര്യങ്ങളിൽ" (7:3) നിന്നുള്ള വയായിരുന്നു. മോശ വഴി ദൈവം നല്കിയ ലിഖതനിയമങ്ങളല്ല ('തോറാ' അല്ല); അവയുടെ വ്യാഖ്യാനങ്ങളടങ്ങുന്ന വാമൊഴി നിയമങ്ങളായിരുന്നു (ഹലാക്കാ) 'പൂർവ്വികരുടെ പാരമ്പര്യം.' നിയമജ്ഞരും ഫരിസേയരും ആയിരുന്നു ഈ പാരമ്പര്യങ്ങളുടെ സൂക്ഷിപ്പുകാർ. ഈ പാരമ്പര്യങ്ങൾ 'തോറ' പോലെ ആധികാരികതയും പ്രാബല്യമുള്ളവയാണെന്ന് അവർ കരുതിപ്പോന്നു. മോശയുടെ നിയമം ലംഘിക്കുന്നതുപോലെ തന്നെ കുറ്റകരമായിരുന്നു 'പൂർവ്വികരുടെ പാരമ്പര്യങ്ങളുടെ' ലംഘനവും. ഫരിസേയ മതത്തിന്റെയും അതിലെ അനുഷ്ഠാനങ്ങളുടെയും പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഇന്നത്തെ സുവിശേഷത്തിലെ തർക്കം (7:1–8) മനസിലാക്കാൻ മർക്കോസ് നമ്മെ ക്ഷണിക്കുന്നു.

ആചാരാനുഷ്ഠാനങ്ങളെക്കാളുപരി ദൈവഹിതം അനുസരിക്കുക എന്നുള്ള വിപുലവും സുപ്രധാനവുമായ മനുഷ്യധർമ്മം എടുത്തുകാണിച്ചുകൊണ്ട് തന്റെ ശിഷ്യർക്കെതിരായി ഫരിസേയരും ജറുസലേമിൽനിന്ന് വന്ന നിയമജ്ഞരും ഉന്നയിച്ച ആരോപണങ്ങളെ യേശു നേരിടുന്നു (7:6–8). ദൈവഹിതം നിറവേറ്റാതെ, മനുഷ്യനിർമ്മിതമായ പാരമ്പര്യങ്ങളെ അന്ധമായി അനുഷ്ഠിക്കുന്ന പ്രവണതയെ അവിടുന്ന് നിശിതമായി വിമർശിക്കുന്നു. ദൈവീക നിയമങ്ങൾക്കുപരിയായി – 'തോറാ' യ്ക്കുപരിയായി– മനുഷ്യപാരമ്പര്യത്തെ – പൂർവ്വീകരുടെ പാരമ്പര്യത്തെ –പ്രതിഷ്ഠിക്കുന്ന ഫരിസേയരുടെ കാപട്യത്തെ യേശു തുറന്നുകാട്ടുന്നു (7:8). ദൈവീക നിയമത്തിന്റെ അന്തഃസത്ത മനസിലാക്കാൻ കൂട്ടാക്കാത്ത ഫരിസേയരുടെയും നിയമജ്ഞരുടെയും കടുംപിടുത്തത്തെയും ബാഹ്യാചാരങ്ങളെയും അവിടുന്ന് അപലപിക്കുന്നു. അവർ ദൈവത്തെ ആരാധിക്കുന്നതായി നടിക്കുകമാത്രം ചെയ്യുന്നുവെന്നും ദൈവഹിതത്തിനു സ്വയം വിധേയരാകാത്തതിനാൽ ദൈവത്തിൽ നിന്നു വളരെ അകലെയാണ് അവരുടെ ഹൃദയങ്ങളെന്നും യേശു തുറന്നടിക്കുന്നു. പ്രമാണങ്ങളിൽ വെളിപ്പെടുത്തപ്പെട്ട ദൈവതിരുമനസ് വളച്ചൊടിക്കുന്ന ഫരിസേയ പാരമ്പര്യങ്ങളെ യേശു തള്ളിക്കളയുന്നു. ഏശയ്യായുടെ പ്രവചനം (ഏശ 29:13, മർക്കോ 7:6–7) ഉദ്ധരിച്ചുകൊണ്ട് അവിടുന്ന് അവരുടെ ആരോപണങ്ങൾക്ക് മറുപടി പറയുകയും അവരെ കപടഭക്തരെന്ന് ആക്ഷേപിക്കുകയും ചെയ്യുന്നു.

ഫരിസേയരുടെയും നിയമജ്ഞരുടെയും കാപട്യത്തെ തുറന്നുകാട്ടിയ യേശു, തുടർന്ന് അശുദ്ധിയുടെ ഉറവിടത്തെക്കുറിച്ച് ജനങ്ങൾക്ക് പ്രബോധനം നല്കുന്നു (17:14–23). തന്റെ വചനങ്ങൾ കേട്ടാൽ മാത്രം പോരാ മനസ്സിലാക്കുകകൂടി (7:14) വേണമെന്നതാണ് ഉദ്ബോധനത്തിലെ ആദ്യഘടകം. കാരണം, യേശുവിന്റെ പ്രബോധനം നിഗൂഢവും ഗ്രഹിക്കാൻ ബുദ്ധിമുട്ടുള്ളതുമായ ഒരു വെളിപാടാണ് (4:10–12 കാണുക). യേശുവിന്റെ ഉദ്ബോധനത്തിലെ രണ്ടാമത്തെ ഘടകം ഒരുവനെ ദൈവതിരുമുമ്പിൽ ശുദ്ധനോ അശുദ്ധനോ ആക്കുന്നത് ബാഹ്യവസ്തുക്കളൊന്നുമല്ലായെന്ന യേശുവിന്റെ ആധികാരികമായ പ്രഖ്യാപനമാണ് (7:15). ശുദ്ധിയെയും അശുദ്ധിയെയും സംബന്ധിച്ച് നിർണായകമായിട്ടുള്ളത് ക്ഷാളനങ്ങളോ അനുഷ്ഠാനപരമായ ശുദ്ധികർമ്മങ്ങളോ അല്ല, മനുഷ്യഹൃദയമാണ്. എല്ലാ അശുദ്ധിയുടെയും ഉറവിടം മനുഷ്യഹൃദയമാണ്. കൈകഴുകുന്നതിനെയും കഴുകാതിരിക്കുന്നതിനെയുംകാൾ വിശാലവും ആഴമേറിയതുമായ പ്രശ്നമാണ് അതിൽ അന്തർഭവിച്ചിരിക്കുന്നതെന്ന് യേശു ഇവിടെ ഉദ്ബോധിപ്പിക്കുന്നു. പ്രബോധനത്തിന്റെ മൂന്നാം ഘടകം ഉള്ളിൽ രൂപംകൊണ്ട് പുറമേ പ്രകടമാകുന്ന തിന്മ പ്രവൃത്തികളുടെയും ആന്തരിക സാന്മാർഗ്ഗിക വൈകല്യങ്ങളുടെയും ഒരു പട്ടികയാണ് (7:21–22): ദുശ്ചിന്ത, പരസംഗം, മോഷണം, കൊലപാതാകം, വ്യഭിചാരം, ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി, അസൂയ, ദൂഷണം, അഹങ്കാരം, മൂഢത. യേശുവിനെ സംബന്ധിച്ചിടത്തോളം അശുദ്ധിയുടെ യഥാർത്ഥ ഉറവിടം ആന്തരികമാണ് – മനുഷ്യഹൃദയം. കാരണം, ഹൃദയത്തിലാണു തിന്മകൾ മുളയെടുക്കുന്നത്. മേൽ സൂചിപ്പിച്ച തിന്മകളെല്ലാം മനുഷ്യബന്ധങ്ങളെ ബാധിക്കുന്നവയാണ് എന്നതു ശ്രദ്ധേയമാണ്. അതിനാൽ ഒരുവനെ ശുദ്ധനോ അശുദ്ധനോ ആക്കുന്നത് ഇതര വ്യക്തികളുമായുള്ള ബന്ധത്തിൽ അയാൾ ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതുമായ കാര്യങ്ങളാണ്.

പൂർവ്വികരുടെ പാരമ്പര്യങ്ങളെക്കാൾ ദൈവഹിതം അനുസരിക്കണമെന്ന് യേശു പ്രസ്താപിക്കുന്നു. നിയമം, ആചാരം എന്നിവ മനുഷ്യനുവേണ്ടിയുള്ളവയാണ്, എല്ലാ മനുഷ്യരുടെയും സുസ്ഥിതിയാണ് അവ ഉന്നം വയ്ക്കുന്നത്. അതിനാൽ അവയിലൂടെ പ്രകാശിതമാകുന്ന ദൈവഹിതം നിറവേറ്റാൻ നാം ക്ഷണിക്കപ്പെടുന്നു. സഹജീവികളോടുള്ള പരിഗണന, സമഭാവന, സ്നേഹം, നീതി തുടങ്ങിയ സുവിശേഷ മൂല്യങ്ങളാണ് നിയമത്തിലും പാരമ്പര്യങ്ങളിലും നാം തിരയേണ്ടത്. ■



ലേഖനം

**ഫാ. സുരേഷ് പയസ്**

# കച്ചവടവത്ക്കരിക്കപ്പെടുന്ന വിവാഹം

കേരളത്തെ ഞെട്ടിപ്പിക്കുന്ന സ്ത്രീധന മരണങ്ങളുടെ ഹൃദയഭേദകമായ വാർത്തകളാണ് പുറത്ത് വന്നുകൊണ്ടിരിക്കുന്നത്. വിസ്മയ, അർച്ചന, അഖില, സുചിത്ര, ലിജി തുടങ്ങിയ എത്രയെത്ര പേരാണ് ഈ ദിവസങ്ങളിലായി ജീവിതം അവസാനിപ്പിച്ചത്. കേരളം വളരെ ഏറെ ചർച്ച ചെയ്ത ഉത്രയുടെ കൊലപാതകം നടന്നിട്ട് ഒരു വർഷം തികയുമ്പോഴാണ് സ്ത്രീധന ആത്മഹത്യകളുടെ പേരിൽ കേരളം ലജ്ജിച്ച് തലതാഴ്ത്തുന്നത്. വിവാഹം എന്നത് പരിശുദ്ധമായ കൂദാശയാണ്. എന്നാൽ ഇന്ന് വിവാഹം എന്നത് കച്ചവടം മാത്രമാണ്. സ്ത്രീയെ സ്ത്രീധനത്തിന്റെ പേരിൽ വില കൊടുത്ത് വാങ്ങുന്ന സമ്പ്രദായമാണ് ഇന്നുള്ളത്. സ്ത്രീ ഒരു കച്ചവട വസ്തുവായി മാറിക്കഴിഞ്ഞു നമ്മുടെ നാട്ടിൽ. വിവാഹം അതിനുള്ള കമ്പോളവുമാണ്. ഇന്ത്യയിൽ സ്ത്രീധന നിരോധന നിയമം നിലവിൽ വന്നിട്ട് 60 വർഷങ്ങൾ കഴിഞ്ഞു. പല തവണ ഭേദഗതി ചെയ്തും ശക്തമായ നിയമങ്ങൾ കൂട്ടിചേർത്തുമെല്ലാം ഊർജ്ജിതപ്പെടുത്താൻ നോക്കിയിട്ടും സ്ത്രീധന കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിൽ ഗണ്യമായ സ്വാധീനമുണ്ടാക്കാൻ നിയമത്തിന് കഴിഞ്ഞിട്ടില്ല. നമ്മുടെ രാജ്യത്ത് സ്ത്രീധനത്തിനെതിരെ ശക്തമായ ബോധവത്ക്കരണം ആവശ്യമാണ്. ദുരന്തങ്ങളുണ്ടാകുമ്പോൾ ഏതാനും ദിവസത്തിൽ മാധ്യമങ്ങളിൽ വലിയ ചർച്ചയുണ്ടാകും എന്നല്ലാതെ കാര്യമായ മാറ്റങ്ങൾക്ക് വേണ്ടി ആരും ശ്രമിക്കുന്നില്ല.

സ്ത്രീ ധനമായിരിക്കുമ്പോൾ പിന്നെ സ്ത്രീധനം വാങ്ങുന്നതെന്തിന്. വിവാഹം എന്ന പുണ്യമായ കൂദാശയ്ക്ക് മങ്ങലേറ്റു വരികയാണ്. നവദമ്പതികൾ കർത്താവിന്റെ നാമത്തിൽ ഒന്നിക്കുന്നതാണ് വിവാഹ പരിശുദ്ധിക്ക് നിദാനം. അല്ലാതെ സ്ത്രീയെ വിലകൊടുത്ത് വാങ്ങുന്നതല്ല. എന്താണ് വിവാഹത്തിന്റെ ആവശ്യകത? എന്താണ് സ്ത്രീയുടേയും പുരുഷന്റേയും പ്രാധാന്യം വിവാഹത്തിൽ? എന്നി ചോദ്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് നമ്മൾ ചോദിക്കേണ്ടതാണ്. 1961 ലെ സ്ത്രീധന നിരോധന നിയമത്തിൽ നൽകിയിരിക്കുന്ന സ്ത്രീധനത്തെ സംബന്ധിച്ച നിർവചനം കുറേക്കൂടി വിപുലമാണ്. വിവാഹത്തിനു മുമ്പോ, വിവാഹ സമയത്തോ, വിവാഹ ശേഷമോ, വിവാഹവുമായി ബന്ധപ്പെട്ടോ, വിവാഹത്തിലെ ഏതെങ്കിലുമൊരു കക്ഷിക്ക് നൽകുന്നതോ, നൽകാമെന്ന് സമ്മതിക്കുന്നതോ ആയ സ്വത്തിനെയോ, മൂല്യമുള്ള ഈടിനെയോ സ്ത്രീധനമെന്ന് വിശേഷിപ്പിക്കാം. മക്കൾക്ക് ശരിയായ വിദ്യാഭ്യാസം നൽകുക, പണം ഉണ്ടാക്കുന്നത് അവരുടെ പഠനത്തിന് വേണ്ടിയാകുക അല്ലാതെ സ്ത്രീധനത്തിന് വേണ്ടിയാകരുത്. സമൂഹത്തെ തന്നെ കാർന്നു തിന്നുന്ന ഒരു മാരക രോഗമാണ് സ്ത്രീധനമെന്നത് എല്ലാവരും തിരിച്ചറിയേണ്ടതാണ്. സാമൂഹിക നവോത്ഥാന പ്രസ്ഥാനങ്ങളുടെയും പുരോഗമന പ്രസ്ഥാനങ്ങളുടെയും മണ്ണായ കേരളത്തിൽ സ്ത്രീധനമെന്ന കച്ചവട വിപണി തഴച്ചു വളരുന്നത് എന്തുകൊണ്ടെന്ന് ആഴത്തിൽ വിശകലനം ചെയ്യേണ്ട കാര്യമാണ്. കാലം മാറിയാലും വിവാഹകച്ചവടത്തിൽ പൊന്നിനും പണത്തിനുമൊപ്പം തൂക്കി നോക്കാനുള്ള ഉരുപ്പടി മാത്രമായി പെൺകുട്ടികൾ മാറുന്നു. സ്ത്രീധനം തരില്ല എന്നു പറയാനുള്ള ആർജ്ജവം രക്ഷിതാക്കൾക്കും പെൺകുട്ടികൾക്കും ഉണ്ടായാൽ മാത്രമേ ഈ കച്ചവടത്തിന് അറുതിയുണ്ടാകു. ■



# വചനജ്വാല

**2021 ആഗസ്റ്റ് മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**



# വിവാഹ ജീവിതം ദൈവസ്നേഹത്തിന്റെ രഹസ്യമാണ്

## 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

## 2. സ്വാഗതം: കുടുംബനാഥൻ/നാഥ

## 3. യേശുവിനെ ക്ഷണിക്കൽ

കുടുംബങ്ങൾ രക്ഷ പ്രാപിക്കാൻ കർത്താവായ യേശുവിൽ വിശ്വസിക്കുക എന്ന പൗലോസ് അപ്പസ്തോലന്റെ ആഹ്വാനം സ്മരിക്കാം. യേശുവിലുള്ള വിശ്വാസം ഓരോ കുടുംബങ്ങളും ആഴപ്പെടുത്തുകയും പരിപോഷിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യുകവഴി, കുടുംബങ്ങൾ നന്മയിൽ വളരുകയും അനുദിനം നവീകൃതരായി വിശുദ്ധിയിൽ വളരാൻ ഈശോയെ ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം...

## 4. വചനഗീതി

## 5. ദൈവവചന പാരായണം

**മർക്കോ. 10:1–12**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

## 6. വചനവിചിന്തനം

വിവാഹം എല്ലാ മതങ്ങളിലും സംസ്ക്കാരങ്ങളിലും സമൂഹങ്ങളിലും വിശുദ്ധവും പവിത്രവുമായി കരുതപ്പെടുന്ന സാമൂഹിക സ്ഥാപനവും വ്യക്തിബന്ധവുമാണ്. നൂറ്റാണ്ടുകളുടെ സാമൂഹികവും സാംസ്കാരികവും ആദ്ധ്യാത്മികവുമായ പരിണാമങ്ങളിലൂടെ വിവാഹമെന്ന യാഥാർത്ഥ്യം കടന്നു പോയിട്ടുണ്ടെങ്കിലും കത്തോലിക്കാ വിവാഹം വെറുമൊരു മാനുഷിക സ്ഥാപനമല്ല. കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം വിവാഹമെന്നത് ദൈവീകസ്ഥാപനമാണ്. വിവാഹം സ്രഷ്ടാവിനാൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ഒത്തുവാസം (ഉല്പ. 1:26–27) വിവരിച്ചുകൊണ്ട് ആരംഭിക്കുകയും കുഞ്ഞാടിന്റെ വിവാഹം സൂചിപ്പിച്ചുകൊണ്ട് (വെളി. 19:7–9) അവസാനിക്കുകയും ചെയ്യുന്നു. കൂടാതെ, വിവാഹത്തിന്റെ രഹസ്യം, സ്ഥാപനം, അർത്ഥം എന്നിവയെക്കുറിച്ചും വിശുദ്ധഗ്രന്ഥം പ്രതിപാദിക്കുന്നു. മാത്രമല്ല വിവാഹത്തിലൂടെ ഒരു പുരുഷനും ഒരു സ്ത്രീയും മുറിക്കപ്പെടാനാവാത്ത ബന്ധത്തിലൂടെ ഏകശരീരമായിത്തീരുന്നു (ഉല്പ. 2:24, മത്താ. 19:6) എന്നും വ്യക്തമാക്കുന്നു. വിശുദ്ധ പൗലോസ് വിവാഹത്തിന്റെ കൗദാശികസ്വഭാവം ക്രിസ്തുവും സഭയും തമ്മിലുള്ള ഗാഢബന്ധമായി ചിത്രീകരിക്കുന്നു (എഫേ. 5:25–26). വിശുദ്ധ പത്രോസ് ക്രിസ്തീയ കുടുംബം പാലിക്കേണ്ട ജീവിതപദ്ധതി വെളിപ്പെടുത്തുന്നു (1 പത്രോ. 3:1–9). വിശുദ്ധ അഗസ്റ്റിൻ ക്രൈസ്തവ വിവാഹം ഒരു കൂദാശയായി കണക്കാക്കുന്നു.

ഫ്രാൻസിസ് പാപ്പ പറയുന്നു: "ദൈവത്തോടു നമ്മെ ഐക്യപ്പെടുത്തുന്ന സ്നേഹം കഴിഞ്ഞാൽ സൗഹൃദത്തിന്റെ ഏറ്റവും വലിയ രൂപമാണ് ദാമ്പത്യസ്നേഹം. ഒരു നല്ല സൗഹൃദത്തിന്റെ എല്ലാ അടയാളങ്ങളുമുള്ള ഒരു ഐക്യമാണത്. അപരവ്യക്തിയുടെ നന്മയ്ക്കായുള്ള താല്പര്യം, ദൃഢമായ ഐക്യം, ഊഷ്മളത, പങ്കുവയ്ക്കപ്പെടുന്ന ജീവിതത്തിൽ നിന്നു ജനിക്കുന്ന സ്ഥിരതയും സാദൃശ്യവും; വിവാഹം ഇതിനോടൊപ്പം വേർപ്പെടുത്താനാവാത്തതാണ്". സ്നേഹത്തിലൂടെയും സ്നേഹത്തിനുവേണ്ടിയും സ്നേഹം വഴിയുമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഓരോ വ്യക്തിയുടെയും അടിസ്ഥാനപരമായ ദൈവവിളി സ്നേഹിക്കാനുള്ളതാണ്. ക്രിസ്തു പഠിപ്പിച്ച ഏറ്റവും വലിയ കല്പന "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ. 15:12) എന്നാണല്ലോ. ബോധപൂർവ്വം, സ്വാതന്ത്ര്യത്തോടെ തെരഞ്ഞെടുക്കുന്ന ദാ




# ഒരാൾ ക്രൈസ്തവ കത്തോലിക്ക വിശ്വാസിയാകുന്നതെങ്ങനെ?

ക്രൈസ്തവരെ അടിസ്ഥാനപരമായി രണ്ടു ഗണമായി തിരിക്കാവുന്നതാണ്:

1. കത്തോലിക്കാ ക്രൈസ്തവർ
2. അകത്തോലിക്കാ ക്രൈസ്തവർ

റോമാ അതിരൂപതാ മെത്രാപ്പോലീത്തയായ പാപ്പയുടെ (മാർപാപ്പ) സഭാനേതൃത്വം അംഗീകരിക്കുന്ന ക്രൈസ്തവരെയാണ് കത്തോലിക്കാ ക്രൈസ്തവർ എന്ന് വിളിക്കുന്നത്.

കത്തോലിക്കാ ക്രൈസ്തവ വിശ്വാസിയാകാൻ പൊതുവേ രണ്ട് മാർഗ്ഗങ്ങളാണ് നിലവിലുള്ളത്.:

1. കത്തോലിക്കാ ക്രൈസ്തവ സഭയിൽ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിലൂടെ (അകത്തോലിക്കാ ക്രൈസ്തവ സഭകളിലോ പ്രൊട്ടസ്റ്റന്റ് വിശ്വാസ സമൂഹങ്ങളിലോ ജ്ഞാനസ്നാനം സ്വീകരിച്ചിട്ടില്ലാത്ത വ്യക്തിയായിരിക്കണം)
2. അംഗീകൃത ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തി (അകത്തോലിക്കാ ക്രൈസ്തവ സഭകളിൽ നിന്നോ പ്രൊട്ടസ്റ്റന്റ് വിശ്വാസ സമൂഹങ്ങളിൽനിന്നോ ജ്ഞാനസ്നാനം സ്വീകരിച്ചവർ) ഏകവും വിശുദ്ധവും സാർവ്വത്രികവും അപ്പസ്തോലികവുമായ (the One, Ho-ly, Catholic, Apostolic Church) സഭയുടെ വിശ്വാസപ്രമാണം പ്രഘോഷിക്കുന്ന / ഏറ്റുപറയുന്നതിലൂടെ.

ന്ധ്യസ്നേഹത്തിന്റെ ഉടമ്പടിയാണ് വിവാഹമെന്ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ പറഞ്ഞിട്ടുണ്ട്. ദൈവം ആഗ്രഹിച്ച സ്നേഹത്തിന്റെയും ജീവന്റെയും സമൂഹമായി മാറുകയാണ് ദമ്പതികൾ. വിവാഹമെന്ന കൂദാശയുടെ പരികർമ്മത്തിൽ വർഷിക്കപ്പെടുന്ന പരിശുദ്ധാത്മാവ് ക്രിസ്തീയ ദമ്പതികൾക്ക് സ്നേഹത്തിന്റെ പുതിയ സംസർഗത്തിന്റെ ദാനമാണു നൽകുക. മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ലെന്നു നിരീക്ഷിച്ച പിതാവായ ദൈവത്തിന്റെ ആശീർവാദത്തിനു കീഴിലാണ് ഓരോ കുടുംബവും ജീവിക്കുന്നത്.

ജീവിതകാലം മുഴുവൻ ഒരു വ്യക്തിയോടുമാത്രം ബന്ധപ്പെട്ടിരിക്കുക എന്നത് വളരെ പ്രയാസമുള്ള കാര്യമായി ഇന്നത്തെ തലമുറയ്ക്കു തോന്നുക സ്വാഭാവികമാണ്. ഉപയോഗിക്കുന്നതെന്തും സ്ഥിരമായി മാറ്റിക്കൊണ്ടിരിക്കുകയെന്ന കമ്പോളസംസ്ക്കാരത്തിന്റെ പ്രവണത മനുഷ്യ ബന്ധങ്ങളെയും സ്വാധീനിക്കുന്നുണ്ട്. വിവാഹത്തിന്റെ അവിഭക്തത തള്ളിക്കളയുകയും ദമ്പതിമാരുടെ വിശ്വസ്തതയ്ക്കുള്ള ബാധ്യതയെ പരസ്യമായി പരിഹസിക്കുകയും ചെയ്യുന്ന നവസംസ്ക്കാര ജീർണതകൾക്കെതിരെ പ്രതികരിക്കാനും സ്നേഹസംസ്ക്കാരത്തിന്റെ ക്രിസ്തീയ മാതൃകകൾ ലോകത്തിനുമുമ്പിൽ അവതരിപ്പിക്കാനും ക്രിസ്തീയ ദമ്പതികൾക്കു കടമയുണ്ട്. ഇതുവഴി അവർ ക്രിസ്തുവിൽ അടിത്തറയും ശക്തിയും കണ്ടെത്തുന്ന വൈവാഹിക സ്നേഹത്തിന്റെ യഥാർത്ഥ സ്വഭാവത്തെക്കുറിച്ചുള്ള സദ്വാർത്ത പ്രഘോഷിക്കുന്നവരായി രൂപാന്തരപ്പെടുന്നു.

മാറിവരുന്ന കാലഘട്ടത്തിന്റെ ചില പോരായ്മകൾ വിവാഹജീവിതാന്തസിനെ സാരമായി ബാധിക്കുകയും ഇതിലൂടെ മാനുഷിക ബന്ധങ്ങൾക്ക് കോട്ടം സംഭവിക്കുകയും ചെയ്യുന്നു. നിരവധിയായ കാരണങ്ങൾ നിരത്തിക്കൊണ്ട് ഭാര്യഭർത്തൃ ബന്ധങ്ങളെ തകർക്കുന്ന സംഭവങ്ങൾക്കു നാം സാക്ഷികളാണ്. ശാരീരിക - മാനസിക വൈകല്യങ്ങൾ, സ്ത്രീധനം എന്നുതുടങ്ങി അനവധി സംഭവങ്ങൾ ഇന്നു കൂദാശയായ കുന്ന വിവാഹത്തെ ജീർണ്ണിപ്പിക്കുകയാണ്. സംവാദങ്ങളിലൂടെ പുത്തൻ ആശയങ്ങൾ കരസ്ഥമാക്കിക്കൊണ്ട് ക്രിസ്തീയ കുടുംബങ്ങൾ ബലപ്പെടുത്തുവാൻ നമുക്ക് പ്രാർത്ഥിക്കാം.

## 7. ചർച്ച

1) സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീമഹത്വത്തെ ഇല്ലായ്മ ചെയ്യുന്ന ആചാരങ്ങളെയും കർമ്മങ്ങളെയും ഉപേക്ഷിക്കുവാൻ നമ്മൾ തയ്യാറാണോ?
2) വിവാഹമെന്ന കൂദാശ ഹൃദയം കൊണ്ടും ആത്മാവുകൊണ്ടും ജീവിച്ചു തീർക്കുവാൻ നാം സന്നദ്ധരാണോ?

## 8. റിപ്പോർട്ട്

## 9. ഹാജർ

## 10. പൊതു അറിയിപ്പ്

## 11. വിശ്വാസികളുടെ പ്രാർത്ഥന

രക്ഷയുടെയും മാനസാന്തരത്തിന്റെയും പുണ്യദിനങ്ങളായ ഈ തപസുകാലം പരസ്യ പാപങ്ങളിൽ നിന്ന കന്നുകൊണ്ട് പരസ്പരം ക്ഷമിച്ചും സ്നേഹിച്ചും അങ്ങയെ പ്രഘോഷിക്കുന്ന ഒരു കൂട്ടായ്മയായ് രൂപപ്പെടുവാനും, ഈ നോമ്പുകാലത്ത് നമ്മെളെടുക്കുന്ന നല്ല തീരുമാനങ്ങൾ പ്രാവർത്തികമാക്കുവാനും വേണ്ട കൃപാവരത്തിനായ് നമുക്ക് പ്രാർത്ഥിക്കാം.

## 12. സമാപനഗാനം

## 13. സ്നേഹവിരുന്ന്

## 14. നന്ദി

നേർക്കാഴ്ച

ജെ. സി.

# ഫാദർ സ്റ്റാൻസ്വാമി നീതിക്ക് വേണ്ടിയുള്ള പോരാട്ടം



'കൂട്ടിലകപ്പെട്ട പക്ഷി പറക്കില്ലായിരിക്കും എന്നാൽ അതിന് പാടാനാവും." മുംബൈയിലെ തലോജ സെൻട്രൽ ജയിലിൽ വിചാരണ തടവുകാരനായി അടയ്ക്കപ്പെട്ടതിന്റെ ആറാം നാൾ ആ എൺപത്തിനാലുകാരൻ എഴുതിയ കത്തിലെ ആകർഷകമായ ഒരു വാചകമാണ് "കൂട്ടിലടയ്ക്കപ്പെട്ട പക്ഷിക്കും പാടാനാകും." എന്നത്. ഈശോസഭ സന്യാസസമൂഹത്തിലെ അംഗമെന്ന നിലയിൽ 64 വർഷം രാജ്യത്തെ അടിച്ചമർത്തപ്പെട്ട ഏറ്റവും ദരിദ്രരായ ആദിവാസി ഗോത്രവർഗക്കാരുടെയും ദലിതരുടെയും മനുഷ്യാവകാശങ്ങൾക്ക് വേണ്ടി പ്രവർത്തിച്ച മനുഷ്യസ്നേഹിയായ സ്റ്റാൻസ്വാമിയെ ഭീകരവാദിയും രാജ്യദ്രോഹിയുമായി മുദ്രകുത്തി രോഗാതുരമായ അവസ്ഥയിൽ മഹാമാരിയുടെ സാഹചര്യത്തിൽ റാഞ്ചിയിൽ നിന്ന് അറസ്റ്റു ചെയ്ത് മഹാരാഷ്ട്രയിലെ ജയിലിൽ കൊണ്ടുപോയി ഒൻപതുമാസത്തോളം ചികിത്സയും ഇടക്കാല ജാമ്യവും നിഷേധിച്ച് മനുഷിക പരിഗണനയും നിഷേധിച്ച് വിചാരണ ചെയ്യുകയോ കുറ്റം തെളിയിക്കുകയോ ചെയ്യാതെ ഭരണകൂടവും ദേശീയ അന്വേഷണ ഏജൻസിയും ചേർന്ന് ജുഡീഷ്യൽ കസ്റ്റഡിയിൽ വച്ച് ക്രൂരമായി കൊല്ലുകയായിരുന്നു.

കൽക്കരി, യുറേനിയം, ബോക്സൈറ്റ് തുടങ്ങിയ ധാതുഖനികൾക്കും വ്യവസായശാലകൾ അണക്കെട്ടുകൾ ടൗൺഷിപ്പുകൾ എന്നിവയ്ക്കായി ഗോത്രവർഗക്കാരുടെ പൈതൃക സങ്കേതങ്ങളായ വനഭൂമിയും കൃഷിയിടങ്ങളും വൻകോർപ്പറേറ്റുകൾ പിടിച്ചടക്കുകയും നഷ്ടപരിഹാരം നൽകാതെ പാവപ്പെട്ടവരെ കുടിയൊഴിപ്പിക്കുകയും ചെയ്യുന്നതിനെതിരെ 90 കളിൽ ആരംഭിച്ച ജനകീയ പ്രക്ഷോഭത്തിൽ പങ്കുചേർന്നു സ്റ്റാൻസ്വാമി മനുഷ്യാവകാശങ്ങൾക്കുവേണ്ടി, പോരാടിയതിന്റെ പേരിൽ മാവോയിസ്റ്റ് എന്ന് ചാപ്പകുത്തി തടവിലാക്കപ്പെടുകയായിരുന്നു. ജയിലിലായ ആയിരക്കണക്കിന് യുവാക്കളുടെ മോചനത്തിനുവേണ്ടി പ്രവർത്തിച്ച സ്റ്റാൻസ്വാമി, പീഡിപ്പിക്കപ്പെടുന്ന തടവ് പുള്ളികൾക്ക് വേണ്ടി ഐക്യദാർഢ്യസമിതി രൂപീകരിച്ച് 3000 തടവുകാരുടെ മോചനത്തിനു വേണ്ടി ഹൈക്കോടതിയിൽ കേസുനടത്തി.

കാൻസർ രോഗത്തെ അതിജീവിക്കുന്നതിന് മൂന്ന് ശസ്ത്രക്രിയകൾക്ക് വിധേയനായ അദ്ദേഹത്തിന് പാർക്കിൻസൺസ് രോഗവും കാതുകളുടെ കേൾവി ശക്തിയും നഷ്ടപ്പെട്ടിരുന്നു. മാത്രമല്ല, പ്രായാധിക്യത്തിന്റെ അവശതയും ഉണ്ടായിരുന്നു. എൻഐഎ കഴിഞ്ഞ വർഷം ഒക്ടോബർ 8 നാണ് ജാർഖണ്ഡിലെ റാഞ്ചിയിൽ നിന്ന് നിയമ വിരുദ്ധ പ്രവർത്തന നിരോധന നിയമം (യുഎപിഎ) ചുമത്തി അറസ്റ്റുചെയ്തത്. 2018 ജനുവരി ഒന്നിന് പൂനെയിലെ ഭീമ-കൊറെഗാവിലുണ്ടായ കലാപവുമായി ബന്ധം ആരോപിച്ചായിരുന്നു നടപടി. കലാപ പ്രദേശം കണ്ടിട്ടുപോലുമില്ലെന്നും കെട്ടിച്ചമച്ചതാണെന്നും ഫാദർ സ്വാമി വാദിച്ചു. ആരോഗ്യ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ചികിത്സക്കും ജാമ്യത്തിനും പലവട്ടം ഹൈക്കോടതിയെ സമീപിച്ചു. മാവോയിസ്റ്റ് ബന്ധത്തിൽ ശക്തമായ തെളിവുകളുണ്ടെന്നും അരോഗ്യപ്രശ്നത്തിന് രേഖകളില്ലെന്നുമായിരുന്നു എൻഐഎയുടെ നിലപാട്. സ്ട്രോയും സിപ്പറുമില്ലാതെ ഒന്നും കുടിക്കാൻ കഴിയാത്ത അവസ്ഥയായിരുന്നു സ്റ്റാൻ സ്വാമിക്ക് ജയിലിൽ. അത് അനുവദിച്ചു കിട്ടാൻ കോടതിയിൽ അപേക്ഷ നൽകിയിട്ടും രണ്ടു മാസം വേണ്ടിവന്നു ഇത്തരവ് ലഭിക്കാൻ. ഇടക്കാല ജാമ്യ അപേക്ഷ രണ്ടു പ്രാവശ്യം കോടതി തള്ളി. മവോയിസ്റ്റ് ബന്ധത്തിന് തെളിവായി തന്റെ കമ്പ്യൂട്ടറിൽ നിന്ന് കണ്ടെടുത്തുവെന്ന് എൻഐഎ പറയുന്ന രേഖകൾ വ്യാജനിർമിതമെന്ന് സ്റ്റാൻ സ്വാമി ആവർത്തിച്ചു. ആരോഗ്യനില കൂടുതൽ മോശമായതിനെ തുടർന്നു ബോംബെ ഹൈക്കോടതി നിർദേശപ്രകാരം മേയ് അവസാനം ബാന്ദ്രയിലെ ഹോളി ഫാമിലി ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു. അവിടെയെത്തിയ വേളയിൽ കോവിഡ് സ്ഥിരീകരിച്ചു. തുടർന്ന് ജുഡീഷ്യൽ കസ്റ്റഡിയിലായിരിക്കുമ്പോൾ തന്നെ മരണമടയുകയും ചെയ്തു. സ്റ്റാൻ സ്വാമിയുടെ രക്തസാക്ഷിത്വം, ഒരു രക്തസാക്ഷിയുടെ ബലിദാനമാണ്. നിശബ്ദനായ കാഴ്ചക്കാരനാകാതെ അനീതിയോട് പ്രതികരിക്കുന്ന, ഭരണകൂടത്തോട് ചോദ്യങ്ങൾ ഉയർത്തുന്നവരിൽ ഒരുവനാണ് താനെന്നും അതിന് വിലയെത്രയോ അത്രയും കൊടുക്കുവാൻ താൻ സന്നദ്ധനാണെന്നുമാണ് അറസ്റ്റിലാകുന്ന ഘട്ടത്തിൽ ഫാദർ സ്റ്റാൻ സ്വാമി പറഞ്ഞത്. വില ആ മനുഷ്യസ്നേഹിയുടെ ജീവൻ തന്നെയായിരുന്നുവെന്ന് ഇപ്പോൾ വ്യക്തമായി.

കുടുംബപ്രേഷിത ശുശ്രൂഷ
തിരുവനന്തപുരം ലത്തീൻ
അതിരൂപത



ക്രൈസ്തവ കുടുംബങ്ങളിൽ
നിന്നുള്ള പവിത്ര ബന്ധങ്ങൾക്ക്

**www.rcmatrimonial.org**

UNDERTAKING OF KRLCC

കേരളത്തിലെ 12 ലത്തീൻ രൂപതകളെയും
കോർത്തിണക്കിയുള്ള മാര്യേജ് ബ്യൂറോ.

ഏറ്റവും കുറഞ്ഞ രജിസ്ട്രേഷൻ ഫീസ്.


ലോകത്തെവിടെയിരുന്നും സേവനം
പ്രയോജനപ്പെടുത്താം.

വിശദ വിവരങ്ങൾക്ക്:

MINISTRY OF FAMILY APOSTOLATE
LATIN ARCHDIOCESE OF TRIVANDRUM
VELLAYAMBALAM, TRIVANDRUM

93872 96213 matrimonialrc@gmail.com

Total Page 44 Pub. Date : 01.08.2021
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto